2008 ജൂൺ
ഇഹ്സാൻ 1386
1429 ജ. അവ്വൽ - ജ. ആഖിർ
പുസ്തകം 80   ലക്കം 5
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം
1925

لا إله إلا الله محمد رسول الله

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

6 അന്ധകാരത്തിലെ ആത്മീയവെളിച്ചം
ഹദ്റത്ത് അഹ്മദ് (അ)

## ലേഖനം

7 അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലി സന്ദേശം
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

12 ഖലീഫയുടെ പദവിയും ഖിലാഫത്തിന്റെ വ്യതിയാനവും
ശൈഖ് മുബാറക് അഹ്മദ്

16 അൽവസിയ്യത്ത് - ഒരു നവലോകക്രമത്തിന്റെ അടിത്തറ
മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല

22 ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ജീവൽപ്രവാചകൻ
മഹ്മൂദ്, കൽക്കുളം

24 ആര്യസമാജപ്രഭുക്കന്മാരുമായി ഒരു തൂലികാസമരം
ഏ.ക്യു മഹ്ദി

30 അല്ലാഹു വാഗ്ദാനം ചെയ്തത് മുജാഹിദുകൾക്കില്ലാതാക്കാനാവുമോ?
അബ്ദുറഹ്മാൻ, കൊടിയത്തൂർ

## കുറിപ്പുകൾ

34 അഹ്മദികളുടെ ഖിലാഫത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ മതരാഷ്ട്രമല്ല

## അവലോകനം

37 ഖിലാഫത്ത് ശതവാർഷികത്തിൽ അൽഖുർആൻ പ്രദർശനം
കെ.പി. അഹ്മദ്

## വാർത്തകൾ

39 ഖിലാഫത്ത് ശതവാർഷിക സമ്മേളനം സമാപിച്ചു
ഐ.കെ. അഹ്മദ് കുട്ടി

**മുഖചിത്രം**
ബൈത്തുൽ ഖുദ്ദൂസ്, കോഴിക്കോട്

ചീഫ് എഡിറ്റർ : **മുഹമ്മദ് അയ്യൂബ്**, Mob: 9895308227
എഡിറ്റർ : **ഏ. എം. മുഹമ്മദ് സലിം**, Mob: 9895263384
മാനേജർ : **അഹ്മദ് ഹസ്സൻ**, Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
ഫോൺ : 0495 (Mob.) / 95495 (Land) } 6520733
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to post without pre-payment. Licence No: CT/WPP/25/2006-08
THE SATHYADOOTHAN MONTHLY

## ഖുർആനിൽ നിന്ന്


ആദം സന്തതികളേ! എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ ആർ സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. (7: 36)

## നബിവചനം

ഏതൊരുവന്റെ കൈയ്യിൽ എന്റെ ജീവൻ ഇരിക്കുന്നുവോ അവനാണെ സത്യം, നിശ്ചയമായും വിധികർത്താവും നീതിമാനുമായി നിങ്ങളിൽ ഈസബ്നു മറിയം ഇറങ്ങും.

(തിർമിദി)

**യുഗശബ്ദം**



# ദൈവം വളർത്തുന്ന വൃക്ഷം

**വാഗ്ദത്ത മസീഹ് (അ)**

നിങ്ങൾ ദൃഢമായും അറിഞ്ഞുകൊൾവിൻ ഇത് ദൈവത്തിന്റെ കൈയ്യാൽ നടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർത്ഥമാക്കിക്കളയുകയില്ല. ഇതിനെ അതിന്റെ വിജയപൂർണിമയിലെത്തിക്കുന്നതുവരെ അവൻ തൃപ്തിപ്പെടുകയുമില്ല. അവൻ ഇതിന്മേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾ ചെയ്യാനിനി എന്തെങ്കിലും ബാക്കിയുണ്ടോ? മനുഷ്യകൃതമാണെങ്കിൽ ഇത് എന്നേ മുറിച്ചുനീക്കപ്പെടുമായിരുന്നു. അതിന്റെ അടയാളങ്ങൾപോലും അവശേഷിക്കാതിരിക്കുമാറ് അത് നശിച്ചൊടുങ്ങിക്കഴിഞ്ഞിരിക്കുമായിരുന്നു.

*(അഞ്ചാമത്തെ ആഥം)*

മുഖക്കുറിപ്പ്

# അഹ്മദിയ്യാഖിലാഫത്ത് രണ്ടാം നൂറ്റാണ്ടിലേക്ക്

***തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്' (61:9).***

റസൂൽതിരുമേനി(സ)യുടെ പരിശുദ്ധ ദീനുൽ ഇസ്‌ലാമിനെ ലോകത്ത് വിജയിപ്പിക്കാൻ അല്ലാഹു വാഗ്ദാനം ചെയ്ത പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാം നൂറ്റാണ്ടിലേക്ക് പ്രവേശിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ് - ലോകമുസ്‌ലിംശക്തികളുടെ കഠിനമായ എതിർപ്പും ഭരണകൂടങ്ങളുടെ അടിച്ചമർത്തലുകളും മുസ്‌ലിം മതപൗരോഹിത്യത്തിന്റെ നിരന്തരമായ ഭീഷണിയും അതിജീവിച്ചുകൊണ്ട് അല്ലാഹു കൊളുത്തിയ ഈ കെടാവിളക്ക് കൂടതൽ ഉജ്വലമായി പ്രശോഭിക്കുകയാണ്. ഖലീഫ തിരുമനസ്സ് ശതാബ്ദി സന്ദേശത്തിൽ പറയുകയുണ്ടായി: *'ഇത് അല്ലാഹുവിന്റെ കരം കൊണ്ട് നടപ്പെട്ടതാണെന്ന കാര്യം അവർ മറന്നുപോയി. ഇതിൽ മനുഷ്യ കൈകടത്തലുകളില്ല. മറിച്ച്, ദൈവിക വാഗ്ദാനങ്ങളും സഹായങ്ങളും മുഖേന ഓരോ പ്രവർത്തനങ്ങളും നടന്നുവരികയാണ്. 'ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവനോടൊപ്പവും' ഉണ്ടെന്ന് അല്ലാഹു അറിയിച്ച വെളിപാടുകൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.'*

അഹ്മദിയ്യാ ഖിലാഫത്ത് ഇന്ന് 190 രാജ്യങ്ങളിൽ വേരുകളുള്ള ഒരു ആഗോള മഹാവൃക്ഷമാണ്. ഈ മഹാവൃക്ഷത്തെ പിഴുതുമാറ്റാൻ മനുഷ്യകരങ്ങൾ അശക്തങ്ങളാണ്. ഭുവനമാകെ അതിന്റെ വേരോട്ടമുണ്ടാകുന്നതാണ്. കിഴക്കിന്റേയും പടിഞ്ഞാറിന്റേയും ചക്രവാളങ്ങളിലേക്ക് ആ വൃക്ഷം വളർന്നു ഭൂഗോളത്തെ അതിന്റെ തണലിലാക്കുന്ന കാലം വിദൂരമല്ല. അഹ്മദിയ്യാ ഖിലാഫത്തിനെ എതിർക്കുന്നവർ പരാജയത്തിന്റേയും ദൈന്യതയുടേയും നിരാശയുടേയും നിലയില്ലാക്കയങ്ങളിലേക്കും അഹ്മദിയ്യാ ഖിലാഫത്ത് വിജയസോപാനങ്ങളിലേക്കും കുതിക്കുന്നത് ബുദ്ധിമാൻമാരും ഭക്തരുമായ സത്യാന്വേഷികളും കാണുന്നില്ലേ? മുസ്‌ലിംകളുടെ ഇന്നത്തെ ഈ വിധി മാറ്റിയെഴുതാനാണ് അഹ്മദിയ്യാ ഖിലാഫത്ത് നിലകൊള്ളുന്നത്. ഇസ്‌ലാമിന്റെ പ്രതാപഗരിമയും റസൂൽതിരുമേനി(സ)യുടെ സത്യവും ലോകത്ത് സ്ഥാപിക്കാനും വിശ്വശാന്തിയുടേയും സമാധാനത്തിന്റേയും നവലോകക്രമം സൃഷ്ടിക്കാനും അല്ലാഹു തിരഞ്ഞെടുത്ത മുഹമ്മദീ മസീഹിന്റെ ഖിലാഫത്തിനെ ലോകം, പ്രത്യേകിച്ച് മുസ്‌ലിംകൾ എത്രയും വേഗം തിരിച്ചറിയുമാറാകട്ടെ. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

*'ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും കൂടി ഇതാ പ്രഖ്യാപിക്കുന്നു: ഞാൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക. മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കിക്കാണുന്നു. ഇതാ ഞാൻ അതിമഹത്തായ ഒരു വിജയം കൈവരിക്കാൻ അടുത്തിരിക്കുകയാണ്. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകം അത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗ്ഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അത് എന്റെ ഓരോ വാക്കിനും അക്ഷരത്തിനും ജീവൻ നൽകിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ നിസ്സാരനെ ഒരു പാവ പോലെ എഴുന്നേൽപ്പിച്ചുനിർത്തി. 'തൗബ'യുടെ (പശ്ചാത്താപം) വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്.! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗ്ഗീയ വിളിയോട് പ്രതികരിക്കാത്തവൻ ജീവനുള്ളവനാണോ? (ഇസാലയെ ഔഹാം)*

■

# അന്ധകാരത്തിലെ ആത്മീയവെളിച്ചം

## ഹദ്റത്ത് അഹ്മദ് (അ)

ചുരുക്കത്തിൽ ഭൂമിയിൽ പലവിധത്തിലുള്ള പാപകർമ്മങ്ങൾ ഒരു തടസ്സവും ഇല്ലാതെ അണപൊട്ടിയൊഴുകി പല നാശനഷ്ടങ്ങളും വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നു ലോകത്ത് ഭയാനകമായ ആത്മീയാന്ധകാരം പടർന്നു പിടിച്ചിരിക്കുകയാണെന്നതിൽ സംശയമേ ഇല്ല. ഒന്നുകിൽ ദൈവം ഈ അന്ധകാരത്തെ തുടച്ചുനീക്കുവാൻ വെളിച്ചം പ്രദാനം ചെയ്യണം. അല്ലെങ്കിൽ ഈ ലോകത്തെ തന്നെ നശിപ്പിക്കണം. എന്നാൽ ഈ ലോകത്ത് നാശം സംഭവിക്കാൻ ഇനിയും ഒരായിരം കൊല്ലങ്ങൾ പിടിച്ചെന്നുവരും. ഇന്നു അലങ്കാരത്തിന്നും ആഡംബരത്തിന്നും ഇതരസുഖസൗകര്യങ്ങൾക്കുമായി പലവിധത്തിലുള്ള നവീനങ്ങളായ സാധനസാമഗ്രികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതുപോലെ തന്നെ ആത്മീയമായ ഉൽകർഷത്തിന്നും ഉന്നമത്തിന്നും ആയി ഏതെങ്കിലും ഏർപ്പാടുകൽ ചെയ്യേണ്ടതാണെന്ന് മനസ്സിലാവുന്നു. കാരണം മനുഷ്യൻ ഭൗതീകമായ അവസ്ഥയെ അപേക്ഷിച്ച് ആത്മീയമായ രീതിയിൽ അധഃപതന ഗർത്തത്തിൽ പതിച്ച് കൊണ്ടിരിക്കുകയാണ്. അവൻ ദൈവകോപത്തിന്നിരയായിത്തീരത്തക്കവണ്ണം പാപകർമ്മങ്ങൾക്കടിമയായിത്തീർന്നിരിക്കുന്നു. ആത്മീയ ശക്തികൾ ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുകയും ആത്മീയ പ്രകാശങ്ങൾ പൊലിഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഈ ഇരുൾ നിറഞ്ഞ ലോകത്ത് ദൈവീക പ്രകാശം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നുവെന്ന് വിശേഷബുദ്ധിയും മനഃസാക്ഷിയും ഉള്ള ഓരോ ആളും സമ്മതിക്കുന്നു. കാരണം ഭൂമിയിലുള്ള ഇരുൾ അവസാനിപ്പിക്കുവാൻ ആകാശത്തുനിന്നും വെളിച്ചം ആവശ്യമാണെന്നത്പോലെതന്നെ ആത്മീയാന്ധകാരത്തെ പോക്കി മനുഷ്യഹൃദയങ്ങളെ പ്രഭാപൂരിതമാക്കുവാനും ആകാശത്തുനിന്നു ആത്മീയലോകത്ത് നിന്നു ഏർപ്പാടുണ്ടാക്കേണ്ടത് വളരെ ആവശ്യമാണ്. ദൈവത്തിന്റെ സനാതനമായ ഒരു നിയമമാണിത്. മനുഷ്യനെ ദൈവം സൃഷ്ടിച്ചത് മുതലുള്ള ഒരേർപ്പാടാണിത്. അതായത് മനുഷ്യജാതിയിൽ സാമൂഹ്യ ഐക്യവും ഏകോപിതമായ അന്തരീക്ഷവും സംജാതമാക്കി അവരെ നേർവഴിയിൽ നടത്തി ദൈവസാമീപ്യം കരഗതമാക്കുവാൻ അവരിൽ നിന്നു തന്നെ ദൈവം ഒരാളെ തിരഞ്ഞെടുക്കുകയും തന്റെ ആത്മീയജ്ഞാനം കൊണ്ട് പ്രഭാപൂരിതനാക്കുകും സംസാരസാന്നിദ്ധ്യത്താൽ അനുഗ്രഹീതനാക്കുകയും തന്റെ സ്നേഹപാനീയം കുടിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ആ വരിഷ്ടദാസൻ ദൈവദത്തമായ ആത്മീയജ്ഞാനത്താൽ ജനങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചു കൊടുക്കുകയും അങ്ങനെ അവർക്കും തനിക്ക് ലഭിച്ച ആത്മീയപീയൂഷം കൊടുക്കുകയും ദൈസ്നേഹത്തിനും സാമീപ്യത്തിനും പാത്രമാകുകയും ചെയ്യുന്നു. അങ്ങനെ അവർ എല്ലാ പാപകർമ്മങ്ങളിൽ നിന്നും വിമോചിതരായി ഭയഭക്തിയിലും പരിശുദ്ധിയിലും അധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ ഈ ചിരന്തന നിയമമനുസരിച്ചു തന്റെ പരിശുദ്ധ പ്രവാചകന്മാർ മുഖേന, ഹദ്റത്ത് ആദം (അ)നു ശേഷം ആറായിരും (6000) വർഷങ്ങൾ പൂർത്തിയാകുമ്പോൾ ഭൂമിയിൽ ആത്മീയാന്ധകാരം പടർന്നു പാപങ്ങൾ വെള്ളപ്പൊക്കം കണക്കെ ശക്തിയായി അലയടിച്ചുവരികയും മനുഷ്യഹൃദയങ്ങളിൽ നിന്നും ദൈവസ്നേഹം തേഞ്ഞുമാഞ്ഞുപോവുകയും ചെയ്യുമ്പോൾ ദൈവം ലൗകീകമായ ഒരേർപ്പാടും ഇല്ലാതെ ആത്മീയമായ രീതിയിൽ സത്യവും സ്നേഹവും ദൈവജ്ഞാനവും നൽകിക്കൊണ്ട് ഒരു മസീഹിനെ അയക്കുന്നതാണെന്ന് പ്രവചനം ചെയ്യുകയുണ്ടായി.


ദൈവം തന്റെ തിരുക്കരങ്ങളാൽ മസീഹിന്റെ ആത്മാവിൽ തന്റെ സ്നേഹമാകുന്ന സുഗന്ധം പൂശുന്നതായിരിക്കും. വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് എന്ന് ദൈവീക ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ട ആ ആൾ ശൈത്താന്നെതിരായി എഴുന്നേല്പിക്കപ്പെടുന്നതാണ്.

*(ലാഹോർ പ്രഭാഷണം)*

■

# അഹ്മദിയ്യാ ഖിലാഫത്ത്
## ശതവാർഷിക ജൂബിലി സന്ദേശം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് V**



بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

*ജമാഅത്തിലെ എന്റെ പ്രിയ സഹോദരങ്ങളേ,*

**ഇ**ന്ന് അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികയുകയാണ്. ഈ ദിവസം, നൂറുവർഷത്തിലേറെയായി വ്യാപിച്ചുകിടക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവും നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരം 1889 മാർച്ച് മാസത്തിൽ അല്ലാഹുവിന്റെ ഒരു സത്യ ഭക്തൻ അവന്റെ കല്പനയനുസരിച്ച് ഒരു പരിശുദ്ധ ജമാഅത്തിന്റെ സ്ഥാപനം വിളംബരം ചെയ്ത സമയവും നമ്മെ ഓർമ്മിപ്പിക്കുന്നു. ആ മഹാത്മാവ് സ്ഥാപിച്ച ജമാഅത്തിന്റെ ഉദ്ദേശ്യം മനുഷ്യരും ദൈവവും തമ്മിൽ ബന്ധം സ്ഥാപിക്കുക, മനുഷ്യവംശത്തെ ഏകനായ ദൈവത്തിന്റെ മുമ്പിൽ കുമ്പിടുന്നവരാക്കുന്നതിനുള്ള പാഠം നല്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക, ലോകരെ മുഴുവൻ ഒരൊറ്റ ജനതയാക്കി നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരത്തുക, മനുഷ്യന് മനുഷ്യനോടുള്ള കടമ നിറവേറ്റുന്നതിനെക്കുറിച്ച് പറഞ്ഞുകൊടുക്കുക തുടങ്ങിയവയാണ്. അല്ലാഹു, കാലത്തിന്റെ ഇമാമെന്നും, മസീഹും മഹ്ദിയുമെന്നും സ്ഥാനപ്പേര് നല്കി അയച്ച ആ വ്യക്തി, ജമാഅത്തിന്റെ സംസ്ഥാപനത്തിനായി ബയ്അത്ത് അഥവാ അനുസരണപ്രതിജ്ഞ വാങ്ങി തുടക്കം കുറിച്ച 1889 മുതൽ 1908 വരെ ഏകദേശം 19 വർഷം അല്ലാഹുവിന്റെ പ്രത്യേകമായ പിന്തുണയും സഹായവും കൊണ്ട് സകലവിധ എതിർപ്പുകളുണ്ടായിട്ടും പ്രതികൂല സാഹചര്യമായിട്ടും തന്റെ ദൗത്യവുമായി ദ്രുതഗതിയിൽ മുന്നോട്ടു ഗമിച്ചു. അല്ലാഹുവിന്റെ ഈ ഫയൽവാനെതിരെ എഴുന്നേറ്റുനിന്ന ഓരോ എതിരാളിയും നിന്ദ്യതയുടേയും അപമാനത്തിന്റേയും മുഖം കാണുന്നവരായിത്തീരുകയും ചെയ്തു. അവസാനം, ഈ ലോകത്ത് വരുന്ന ഓരോരുത്തരും ഇവിടെ നിന്ന് തിരിച്ചുപോകണമെന്ന ദൈവവിധിയനുസരിച്ച്, തന്റെ പ്രിയ യജമാനരായ നബി (സ) തിരുമേനിയുടെ ജീവിതമാതൃക പിൻപറ്റിക്കൊണ്ട് ഈ ലോകത്തോട് അദ്ദേഹം വിടവാങ്ങുന്നതിന് സമയമായി എന്ന് സൂചന നല്കിക്കൊണ്ട് അല്ലാഹു ഇങ്ങനെ അദ്ദേഹത്തെ സമാധാനപ്പെടുത്തി. 'നിന്റെ സമയം സമീപസ്ഥമായിരിക്കുന്നു. പക്ഷേ, നിന്നെ ഞാൻ എന്റെ പ്രഖ്യാപനമനുസരിച്ച് അവസാനകാലത്തെ ഇമാമാക്കിയിരിക്കുന്നതുകൊണ്ട് എന്റെ പ്രിയപ്പെട്ടവനേ! എന്റെ ഏകത്വവും എന്റെ ഇഷ്ടദാസനായ നബിയുടെ ആധിപത്യവും ലോകം മുഴുവൻ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നവനേ! നിന്റെ മരണശേഷം നിന്റെ ഈ പ്രവൃത്തി എങ്ങനെ പൂർത്തിയാകുമെന്ന് നീ ചിന്തിക്കണ്ട. എന്റെ സഹായം ലഭിച്ചിട്ടുള്ള എന്റെ നബിയുടെ പ്രവചനമനുസരിച്ച് ഇനി നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകേണ്ടതാണ്. അതുകൊണ്ട് നിനക്കുശേഷം ഈ ഖിലാഫത്ത് വ്യവസ്ഥിതി തന്നെയാണുള്ളത്. ഇതുമുഖേന ഞാൻ ലോകം മുഴുവൻ എന്റെ അവസാനധർമ്മശാസ്ത്രത്തിന്റെ (ശരീഅത്ത്) നിലനില്പിനും കെട്ടുറപ്പിനുമുള്ള വ്യവസ്ഥിതി ആരംഭിക്കുന്നതാണ്.' അങ്ങനെ അല്ലാഹുവിൽ നിന്നുള്ള ഈ സാന്ത്വനത്തിനുശേഷം ആ മഹാത്മാവ് (അ) ജമാഅത്തിനെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു:

"മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽ എന്നും അവൻ തന്റെ നബിമാരേയും റസൂൽമാരേയും സഹായിക്കുകയും അവർക്ക് വിജയം

നല്കുകയും ചെയ്തുവരുന്നു എന്നത് അവന്റെ സുന്നത്താണ്. എപ്പോഴും ഈ സുന്നത്തിനെ വെളിപ്പെടുത്തിക്കൊണ്ടിരുന്നിട്ടുമുണ്ട്. അവൻ വിശുദ്ധ ഖുർആനിൽ പറയുന്നു.

ഞാനും എന്റെ റസൂൽമാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. ഈ വിജയത്തിന്റെ അർത്ഥമിതാണ്. അല്ലാഹുവിന്റെ ന്യായപൂർത്തി ഭൂമിയിൽ പുലരുകയും അതിനെ ആർക്കും എതിരിടാൻ കഴിയാതിരിക്കുകയും ചെയ്യണമെന്നത് റസൂൽമാരുടേയും നബിമാരുടേയും ഉദ്ദേശ്യമായിരിക്കുന്നതുപോലെ അല്ലാഹു ശക്തിമത്തായ ദൃഷ്ടാന്തങ്ങൾ മുഖേന അവരുടെ സത്യത വെളിപ്പെടുത്തുന്നതുമാകുന്നു. ഏതൊരു സത്യമാണോ അവർ ലോകത്ത് പരത്തുവാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം അവരുടെതന്നെ കൈകളാൽ നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, അതിന്റെ പൂർണ്ണമായ പൂർത്തീകരണം അവരുടെ കൈകൊണ്ട് നടത്തുന്നില്ല. പ്രത്യുത, ഒരു പരാജയത്തിന്റെ ഭീതി പരത്തുമാറുള്ള ഘട്ടത്തിൽ അവർക്ക് മരണം നല്കിക്കൊണ്ട് എതിരാളികൾക്ക് പരിഹസിക്കാനും കളിയാക്കാനും അവഹേളിക്കാനുമുള്ള അവസരം നല്കുന്നു. അവർ പരിഹാസവും അവഹേളനവും നടത്തിക്കഴിഞ്ഞാൽ തന്റെ ദിവ്യശക്തിയുടെ മറ്റൊരു കൈ വെളിപ്പെടുത്തുകയും പൂർത്തിയാകാതെ പോയ ലക്ഷ്യങ്ങൾ അതിന്റെ പൂർണ്ണതയോളം എത്തിക്കുന്നതിന്റെ വഴികൾ ഒരുക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ രണ്ടുവിധത്തിലുള്ള ദിവ്യശക്തികൾ (ഖുദ്റത്തുകൾ) അല്ലാഹു വെളിപ്പെടുത്തുന്നു. ഒന്നാമതായി, നബിമാരുടെ കൈകൾകൊണ്ടുതന്നെ തന്റെ ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബിയുടെ മരണശേഷം വിഷമങ്ങൾ നേരിടേണ്ടി വരുന്നു. ശത്രു വളരെ ശക്തി പ്രാപിക്കുന്നു. നബിയുടെ ദൗത്യം ആകെ കുഴപ്പത്തിലായിട്ടുണ്ടെന്നും ഈ ജമാഅത്ത് ഇപ്പോൾ നശിക്കാൻ പോകുകയാണെന്നും ശത്രുക്കൾ ദൃഢമായും വിശ്വസിക്കുന്നു. എന്നല്ല, ആ അവസരത്തിൽ ജമാഅത്തിലെ അംഗങ്ങൾ തന്നെ സംശയാലുക്കളാവുകയും നിരാശപ്പെട്ട് തുടങ്ങുകയും അവരുടെ നടുവൊടിഞ്ഞുപോവുകയും നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുന്നു. അപ്പോൾ സർവ്വശക്തനായ അല്ലാഹു രണ്ടാം തവണ തന്റെ പ്രബലമായ ദിവ്യശക്തി വെളിപ്പെടുത്തുകയും തകർച്ചയിലേക്കെത്തിയ ജമാഅത്തിനെ താങ്ങിയെടുത്ത് രക്ഷിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവർക്ക് അല്ലാഹുവിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു; ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. നബി(സ)യുടെ മരണം ഒരു അകാലമരണമായി കരുതപ്പെടുകയും വിവേകശൂന്യരായ നിരവധി ബദ്‌വികൾ മൂർത്തദ്ദുകളായി പോവുകയും സ്വഹാബിമാരും ദുഃഖഭാരത്താൽ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേല്പിച്ചുകൊണ്ട് രണ്ടാമത് തന്റെ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാണിക്കുകയും ഇസ്‌ലാമിനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു 'അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനു ശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും' എന്നു പറഞ്ഞ അവന്റെ വാഗ്ദാനം നിറവേറ്റുകയുണ്ടായി." (അൽവസിയ്യത്ത്, റൂഹാനിഖസായിൻ, വാള്യം-20, പേ: 304-305).

"അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടു തരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നുവെന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാവുകയുമരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് അഥവാ ദിവ്യശക്തി വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനിൽക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പോയിക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദാനം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിൽ ഉണ്ടാകും. ആ വാഗ്ദാനം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദാനമാണ്. അല്ലാഹു പറയുന്നു: 'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നൽകും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദാനത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻ നിങ്ങളിൽ നിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അ

ല്ലാഹു വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നവനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദാനം ചെയ്ത സകലതും തന്നെ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. അനേകം വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചു തന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതുതന്നെയാകുന്നു. ഞാൻ അല്ലാഹുവിൽ നിന്നുള്ള ഒരു ശക്തി പ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ - ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ നിന്നുള്ള രണ്ടാം ഖുദ്റത്തിന്റെ പ്രതീക്ഷയിൽ ഒന്നുചേർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക'' (അൽവസിയ്യത്ത്, റൂഹാനി ഖസായിൻ, വാല്യം - 20, പേ 305 - 306)

ആ പുണ്യാത്മാവ് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുകയും അങ്ങനെ, പറഞ്ഞ സമയം വരികയും അഹ്മദികളുടെയെല്ലാം ഭയവും ദുഃഖവും കൊണ്ട് നിറയുകയും ചെയ്തു. പക്ഷേ, സതവിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി ഇസ്‌ലാമിന്റെ ആദ്യ നൂറ്റാണ്ടിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് ഭൂമിയും ആകാശവും ഒരിക്കൽകൂടി 'വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ'യുടെ ദൃശ്യം കണ്ടു. തന്റെ നിയോഗത്തോടൊപ്പം ആ മഹാത്മാവ് വരുത്തിയ വമ്പിച്ച വിപ്ലവം അല്ലാഹു ഖിലാഫത്തിന്റെ മഹത്തായ വ്യവസ്ഥിതിയിലൂടെ നിലനിറുത്തി വരുന്നു. ആ മഹാത്മാവിന്റെ വേർപാടുണ്ടായപ്പോൾ വക്കീൽ എന്ന പത്രത്തിൽ മൗലാനാ അബുൽകലാം ആസാദ് ഇങ്ങനെ എഴുതി:

"അദ്ദേഹം വലിയൊരു ആളായിരുന്നു. അദ്ദേഹത്തിന്റെ പേന ആഭിചാരവും, നാവ് മന്ത്രവാദവുമായിരുന്നു. അദ്ദേഹം ബുദ്ധിപരമായ അത്ഭുതങ്ങളുടെ കേദാരമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടി വിപ്ലവാത്മകവും, ശബ്ദം പ്രളയകാഹളവുമായിരുന്നു. അദ്ദേഹത്തിന്റെ വിരലുകളിൽ പരിവർത്തനത്തിന്റെ കമ്പികൾ കോർക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ രണ്ട് മുഷ്ടികൾ വിദ്യുച്ഛക്തിയുടെ രണ്ട് ബാറ്ററികളായിരുന്നു. അദ്ദേഹം മതലോകത്തിന് മുപ്പത് വർഷക്കാലം ഭൂകമ്പവും കൊടുങ്കാറ്റുമായിരുന്നു. അദ്ദേഹം ഖിയാമത്തിന്റെ കാഹളമായിക്കൊണ്ട് ഉറങ്ങിക്കിടക്കുകയായിരുന്നവരെ ഉണർത്തിക്കൊണ്ടിരുന്നു... മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിയുടെ വേർപാട് പാഠം പഠിക്കാതിരിക്കത്തക്ക ഒന്നല്ല. മതലോകത്തും ബൗദ്ധിലോകത്തും പരിവർത്തനമുണ്ടാക്കുന്ന അത്തരം ആളുകൾ എല്ലായ്പ്പോഴും ലോകത്ത് വരാറില്ല. ഇത്തരം പ്രവൃത്തികൾ ചെയ്തു കാണിക്കുന്ന ചരിത്രത്തിന്റെ സൽപുത്രന്മാർ ലോകരംഗത്ത് വളരെ കുറച്ചേ വരാറുള്ളൂ. അവർ വരുമ്പോൾ ലോകത്ത് വമ്പിച്ച പരിവർത്തനം ഉണ്ടാക്കിക്കാണിക്കുന്നു." (വക്കീൽ പത്രം അമൃതസർ, അഹ്മദിയ്യാ ചരിത്രം, വാല്യം 2, പേജ് 560-ൽ നിന്നെടുത്തത്)

ആ മഹാത്മാവ് വരുത്തിയ വിപ്ലവത്തെ അന്യരുടെ നാവിലൂടെയും തൂലികയിലൂടെയും സമ്മതിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നത്, ആ വ്യക്തി അല്ലാഹുവിന്റെ പ്രത്യേകമായ സഹായം ലഭിച്ച ആളാകുന്നുവെന്നാണ്. എന്നാൽ, ആ ദൈവികസഹായം ലഭിച്ച വ്യക്തി ഏതൊരു വിപ്ലവം ഉണ്ടാക്കിക്കൊണ്ട് മടങ്ങിപ്പോയോ, ആ വിപ്ലവത്തെ ഖിലാഫത്തിന്റെ അനുഗ്രഹം മുഖേന ആ മഹാത്മാവിനെ പിന്തുടർന്നുവരുന്നവർ തുടർന്നുകൊണ്ട് പോകുമെന്ന്, അത്ഭുതങ്ങൾ കാണിക്കുന്നവനും സർവ്വശക്തനുമായവന്റെ വാഗ്ദാനമുണ്ട് എന്നതിലേക്ക് അന്യരുടെ ദൃഷ്ടി പോയില്ല. ആ വാഗ്ദാനം സത്യമായി പുലർന്നത്, ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് മൗലാനാ നൂറുദ്ദീന്റെ (റ) ഖിലാഫത്ത് തിരഞ്ഞെടുപ്പ് വേളയിൽ ലോകം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച സുസംഘടിതമായ ജമാഅത്തിനെ എതിരാളികൾ കണ്ടുകണ്ടിരുന്നിട്ടും ആ ഖിലാഫത്തിന്റെ സ്ഥാപനദൃശ്യം കണ്ടുകഴിഞ്ഞിട്ടും അവർ ജമാഅത്തിനെ - അല്ലാഹുവിന്റെ കരം മുഖേന സ്ഥാപിതമായ ജമാഅത്തിനെ ഒരു സംഘടിത ശ്രമത്തിലൂടെ നശിപ്പിക്കാൻ ശ്രമിച്ചു. ഇതിനെക്കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു.

'എന്റെ അനുഗ്രഹത്തെ ഓർക്കുക. ഞാൻ നിനക്കുവേണ്ടി എന്റെ കൈകൊണ്ട് എന്റെ കാരുണ്യത്തിന്റെയും എന്റെ കഴിവിന്റെയും മരം നട്ടിരിക്കുന്നു.' (തദ്കിറ, പേ- 428).

ഈ വാഗ്ദാനമനുസരിച്ച് എതിരാളികൾ എന്നെത്തേയും പോലെ പരാജിതരായി. എതിർപ്പിന്റെ കാഠിന്യം എത്രത്തോളമായിരുന്നുവെന്നു വെച്ചാൽ, ഒരു പത്രം എഴുതി: "ഞങ്ങളോട് ആരെങ്കിലും ചോദിച്ചാൽ ഞങ്ങൾ ദൈവത്തെക്കൊണ്ട് സത്യം ചെയ്തുപറയാൻ തയ്യാറാണ്, മുസ്‌ലിംകൾക്ക് സാധ്യമെങ്കിൽ മിർസായുടെ എല്ലാ ഗ്രന്ഥങ്ങളും സമുദ്രത്തിലല്ല, കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന മണ്ണടുപ്പിലേക്ക് ഇടുക. ഇതു മാത്രം പോരാ, മറിച്ച്, ഭാവിയിൽ മുസ്‌ലിമും അമുസ്‌ലിമുമായ ഒരു ചരിത്രകാരനും ഇന്ത്യാചരിത്രത്തിലോ, ഇസ്‌ലാമികചരിത്രത്തിലോ അയാളുടെ പേരുപോലും പ്രതിപാ

ദിക്കരുത്'' (വക്കീൽ പത്രം, അമൃതസർ, 13.6.1908, താരീഖെ അഹ്‌മദിയ്യത്ത്, വാള്യം 3, പേ-205-206-ൽ നിന്നെടുത്തത്).

എന്നാൽ, ഇന്ന് അത്തരം ആളുകളുടെ പേര് പറയുന്നവർ പോലും ആരുമില്ലെന്നതിന് അഹ്‌മദിയ്യാ ചരിത്രം സാക്ഷിയാണ്. അത് ലോകം അറിയുന്നു. പക്ഷേ, ഖിലാഫത്തിന്റെ അനുഗ്രഹം മുഖേന, അഹ്‌മദിയ്യത്ത് ലോകത്ത് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതിന്റെ പേര് പറയുന്നവർ കോടിക്കണക്കിനാണ്.

എതിരാളികൾ തങ്ങളുടെ വൃത്തികെട്ട ഭാഷണങ്ങളിൽ എത്രത്തോളം തിമിർത്താടിയെന്നുവെച്ചാൽ, 'കേഴ്സൻ ഗസ്റ്റൻ' എന്ന പത്രം എഴുതി: 'ഇപ്പോൾ മിർസായികളിൽ എന്താണ് ബാക്കിയുള്ളത്. അവരുടെ തല മുറിഞ്ഞു പോയിരിക്കുന്നു. അവരുടെ ഇമാമായിട്ട് ഒരാൾ ഉണ്ടായിട്ടുണ്ട്. അയാളെക്കൊണ്ട് ഒന്നും നടക്കുകയില്ല. അതെ, ഏതെങ്കിലും പള്ളിയിൽ ഖുർആൻ കേൾപ്പിക്കാൻ കഴിയും.' (താരീഖെ അഹ്‌മദിയ്യത്ത്, വാള്യം 3, പേ-220). ഇക്കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ ആദ്യത്തെ ജൽസയിൽ ചെയ്ത പ്രഭാഷണത്തിൽ സ്മരിച്ചിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇതുകേട്ടപ്പോൾ പറഞ്ഞു: ''സുബ്ഹാനല്ലാഹ്. ഇതാണല്ലോ യഥാർത്ഥ ജോലി. അല്ലാഹു എനിക്ക് തൗഫീഖ് നല്കുമാറാകട്ടെ.'' നിർഭാഗ്യവശാൽ ജമാഅത്തിന്റെ ചില നേതാക്കന്മാരും ഖിലാഫത്തിന്റെ സ്ഥാനത്തെ മനസ്സിലാക്കിയില്ല. അവർ ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കരംകൊണ്ട് നടപ്പെട്ട ചെടി വളർന്നുകൊണ്ടേപോയി. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ചെയ്ത വാഗ്ദാനമനുസരിച്ച് സ്നേഹിക്കുന്നവരുടെ സംഘം ഇന്ന് വർദ്ധിച്ചുകൊണ്ടേ പോകുന്നു. നഷ്ടം വരുത്താനുള്ള ഒരു ശ്രമവും വിലപ്പോയില്ല.

പിന്നീട് രണ്ടാമത്തെ ഖിലാഫത്തിന്റെ കാലം വന്നു. അപ്പോൾ അഞ്ചുമന്റെ അംഗങ്ങളായ ചില നേതാക്കന്മാർ അരയും തലയും മുറുക്കി രംഗത്തു വന്നു. പക്ഷേ, അറിവിൽ ഊറ്റംകൊണ്ടവരും പരിചയസമ്പന്നരും അഭ്യസ്തവിദ്യരുമായ നേതാക്കന്മാർക്കാർക്കും ആ 25 വയസ്സുള്ള ചെറുപ്പക്കാരന്റെ മുമ്പിൽ പിടിച്ചുനില്ക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ജമാഅത്തിന്റെ സംഘടനാപ്രവർത്തനം, പ്രബോധനം, ശിക്ഷണം, വിശുദ്ധഖുർആന്റെ ദിവ്യജ്ഞാനം തുടങ്ങിയവയിൽ ആർക്കും എതിർനിൽക്കാൻ സാധിക്കാത്തവിധം ഉന്നതസ്ഥാനീയനായി. ജമാഅത്തിനുമേൽ ബുദ്ധിമുട്ടുകളുടെയും എതിർപ്പുകളുടെയും കഠിനമായ കാലം വന്നു. പക്ഷേ, ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ട് ജമാഅത്ത് ആ ഘട്ടങ്ങളെയെല്ലാം അതിജയിച്ച് മുന്നോട്ടുനീങ്ങി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ)യുടെ 52 വർഷക്കാലത്തെ ഖിലാഫത്തിന്റെ ചരിത്രം വായിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഫയൽ മാന്റെ ആ മകൻ എന്തെല്ലാം ശോഭനമായ പ്രവർത്തനങ്ങളാണ് കാഴ്ച വച്ചതെന്ന് കാണാം.

അഹ്‌മദിയ്യാ ലോകത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വഫാത്തിനുശേഷം വീണ്ടും ഒരിക്കൽകൂടി ഭയത്തിന്റെ അന്തരീക്ഷമുണ്ടായി. പക്ഷേ, അല്ലാഹുതആല തന്റെ വാഗ്ദാനമനുസരിച്ച് ആ ഭയത്തെ ചില മണിക്കൂറുകൾക്കുള്ളിൽ സമാധാനാവസ്ഥയാക്കി മാറ്റിക്കൊണ്ട് രണ്ടാമത്തെ ദിവ്യശക്തിയുടെ മൂന്നാമത്തെ പ്രതീകത്തിന്റെ തിളങ്ങുന്ന ചന്ദ്രനെ ജമാഅത്തിന് നല്കി. ഭരണകൂടങ്ങൾ ഏറ്റുമുട്ടിയിട്ടും അക്രമപരമായ നിയമങ്ങൾ പുറപ്പെടുവിച്ചതിനുശേഷം സകല മുസ്‌ലിം സംഘടനകളുടെയും സംഘടിതമായ കുത്സിതശ്രമങ്ങളുണ്ടായിട്ടും ഈ സാർത്ഥവാഹകസംഘം മുന്നോട്ടു പോയ്ക്കൊണ്ടേയിരുന്നു. അത് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും മുദ്രാവാക്യങ്ങൾ മുഴക്കിയും ദരിദ്രരിലും ദരിദ്രരായ ജനതയെ സേവിച്ചും അവർക്ക് നബി (സ)യുടെ സന്ദേശമെത്തിച്ചും ആ മഹാത്മാവിന്റെ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ടേപോയി.

ദൈവവിധിയനുസരിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസും(റ)തന്റെ സ്രഷ്ടാവിന്റെ സന്നിധിയിൽ ഹാജരാവേണ്ട സന്ദർഭവും പിന്നീട് വന്നെത്തി. വീണ്ടും ആഭ്യന്തരവും ബാഹ്യവുമായ ഫിത്നകൾ തലപൊക്കി. പക്ഷേ, ദൈവികവാഗ്ദാനമനുസരിച്ച് അഹ്‌മദിയ്യാ ജമാഅത്തിന് നാലാമത്തെ ഖിലാഫത്തിന്റെ രൂപത്തിൽ ദീനിന്റെ ശക്തി നല്കപ്പെട്ടു. ഓരോ ഫിത്നയും സ്വയമേവ മരിച്ചൊടുങ്ങി. അക്രമപരമായ നിയമങ്ങൾ കൊണ്ട് കൈയും കാലും കെട്ടിയിടാൻ മുതിർന്നവരേയും 'അഹ് മദിയ്യത്തെന്ന കാൻസറിനെ' നശിപ്പിച്ചിട്ടേ അടങ്ങൂ എന്ന് വീരവാദം മുഴക്കിയവരേയും അല്ലാഹു നാമാവശേഷമാക്കി. പാകിസ്താനിൽ അക്രമപരമായ നിയമം കാരണത്താൽ കാലത്തിന്റെ ഖലീഫയ്ക്ക് അവിടെനിന്ന് ഹിജ്റ പോകേണ്ടി വന്നു. പക്ഷേ, ഈ ഹിജ്റത്ത് ജമാഅത്തിന്റെ പുരോഗതിക്കുള്ള പുതിയ മാനങ്ങൾ കാഴ്ച വെക്കുന്നതായിത്തീർന്നു. വീണ്ടും ഒരിക്കൽക്കൂടി ഗറസ്തു ലക ബി യദീ (എന്റെ കൈ കൊണ്ട് നട്ട ചെടി) എന്ന വാഗ്ദാനം പുലർന്നതായി നാം കണ്ടു. വളരെ വളരെ ദൂരത്ത് കണ്ടിരുന്ന തബ്‌ലീഗിന്റെ വഴികൾ പെട്ടെന്ന് തുറക്കപ്പെട്ടു. വാഗ്ദത്ത മസീഹ് മൗഊദി(അ)നോട് ഞാൻ നിന്റെ ദൗത്യത്തെ ഭൂമിയുടെ കോ

ണുകളോളം എത്തിക്കും എന്ന വാഗ്ദാനം നാലാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന മാനുഷികബുദ്ധി അത്ഭുതപ്പെട്ടുപോകും വിധം അല്ലാഹു പൂർത്തിയാക്കിക്കാണിച്ചു. നമ്മൾ നമ്മുടെ പ്രവർത്തനമാർഗ്ഗങ്ങൾ മുന്നിൽവച്ചുകൊണ്ട് ഈ ചാനലിന്റെ ആരംഭസംരംഭത്തെ നോക്കിക്കാണുകയാണെങ്കിൽ വിശ്വാസികളുടെ വായിൽ നിന്ന് അനിയന്ത്രിതമായി അല്ലാഹുവിന് സ്തോത്രവും സ്തുതിയും പുറപ്പെട്ടുവരുന്നതാണ്. ഈ ചാനൽ ഇന്ന് കിഴക്കു മുതൽ പടിഞ്ഞാറുവരെയും വടക്കു നിന്ന് തെക്കുവരെയുമുള്ള എല്ലാ എതിരാളികളുടെയും വായടപ്പിച്ചുകളഞ്ഞിരിക്കുന്നു. കാലത്തിന്റെ ഖലീഫയുടെ ശബ്ദം നിശ്ചലമാക്കാമെന്ന് ദിവാസ്വപ്നം കണ്ടിരുന്നവരുടെ വീടുകൾക്കുള്ളിലും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ആ വീരപുരുഷന്റെ ശബ്ദമെത്തിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങളും അല്ലാഹുവിന്റെ അവസാന ധർമ്മശാസ്ത്രഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ ആത്മീയമായ ഭക്ഷണത്തളികയും ഇന്ന് എല്ലാ വീട്ടിലും ദൈവസഹായത്താൽ എത്തിക്കഴിഞ്ഞു.

അതിനുശേഷം 'കൂല്ലുമൻ അലയ്ഹാ ഫാൻ' എന്ന അലംഘനീയ നിയമമനുസരിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ വേർപാടിനുശേഷം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായുടെ ക്യാമറക്കണ്ണുകൾ സാറ്റ്ലൈറ്റ് മുഖേന ഒരു ദൃശ്യം എല്ലാ വീട്ടിലും എത്തിക്കുകയും അതൊരു ലോകം തന്നെ കാണുകയും ചെയ്തു. സ്വന്തക്കാരിലും അന്യരിലും അത്ഭുതമുളവാക്കുന്ന ദൃശ്യമായിരുന്നു അത്. അല്ലാഹു ഭയത്തെ സമാധാനത്തിലേക്ക് മാറ്റി എന്ന കാര്യത്തിൽ സ്വന്തക്കാർ സന്തോഷിച്ചപ്പോൾ, ഇത് ഏത് രീതിയിലുള്ള ജമാഅത്താണ്, ഇത് എങ്ങനെയുള്ള ജമാഅത്താണ്, നൂറുവർഷമായി ഇതിനെ നശിപ്പിക്കാൻ തങ്ങൾ കച്ചകെട്ടിയിറങ്ങിയിട്ടും ഇത് മുന്നോട്ട് കുതിച്ചുകൊണ്ടേയിരിക്കുന്നു എന്നോർത്ത് അന്യർ അത്ഭുതപ്പെട്ടു. ഈ ദൃശ്യം കണ്ടിട്ട് ഒരു എതിരാളി പരസ്യമായി പറഞ്ഞു: നിങ്ങളെ ഞാൻ സത്യവാദികളായി മനസ്സിലാക്കുന്നില്ല. പക്ഷേ, ഈ ദൃശ്യം കണ്ടിട്ട് അല്ലാഹുവിന്റെ പ്രവർത്തനപരമായ സാക്ഷ്യം നിങ്ങളോടുകൂടെ ഉണ്ടെന്ന് തോന്നുന്നു.''

എന്നെപ്പോലെ ബലഹീനനും അറിവ് കുറഞ്ഞവനുമായ മനുഷ്യന്റെ കൈയിലും അല്ലാഹു ജമാഅത്തിനെ സംഘടിപ്പിച്ചു. ദിനേന ഈ ബന്ധത്തിന് ആക്കം കൂടിക്കൂടി വരുന്നു. ജമാഅത്തിനെ നയിക്കാൻ ഒരുപക്ഷേ ഈ മനുഷ്യന് കഴിയുകയില്ലെന്ന് ലോകം മനസ്സിലാക്കിയിരുന്നു. തങ്ങൾ നൂറുവർഷമായി കാത്തിരുന്ന ആ കാഴ്ച ഇനി കാണാൻ കഴിയുമെന്ന് ശത്രുക്കൾ കരുതി. പക്ഷേ, ഈ ചെടി അല്ലാഹുവിന്റെ കരംകൊണ്ട് നടപ്പെട്ടതാണെന്ന കാര്യം അവർ മറന്നുപോയി. ഇതിൽ മനുഷ്യകൈകടത്തലുകളില്ല. മറിച്ച്, ദൈവികവാഗ്ദാനങ്ങളും സഹായങ്ങളും കാരണത്താൽ ഓരോ പ്രവർത്തനവും നടന്നുവരികയാണ്. 'ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവും ഉണ്ടെന്ന് അല്ലാഹു അറിയിച്ച വെളിപ്പാട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഇത് ദൈവവിധിയാണ്. ഒരിക്കലും കള്ള വാഗ്ദാനം ചെയ്യാത്ത അല്ലാഹുവിന്റെ വാഗ്ദാനമാണിത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കല്പനയനുസരിച്ച് രണ്ടാമത്തെ ദിവ്യശക്തിയുമായി (ഖിലാഫത്തുമായി) പറ്റിപ്പിടിച്ചിരുന്ന ആ പ്രിയപ്പെട്ടവർ ലോകത്തെ അതിജയിക്കേണ്ടവരാണ്. കാരണം അല്ലാഹു അവരോടൊപ്പമാണ്. അല്ലാഹു നമ്മോടൊപ്പവുമുണ്ട്. ഇന്ന് ആ ദിവ്യശക്തിക്ക് നൂറുവർഷം തികയുന്നു. ഓരോ ദിവസവും നവപ്രൗഢിയോടുകൂടി ആ വാഗ്ദാനം പുലരുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ ജമാഅത്തിന്റെ ചരിത്രം ഹ്രസ്വമായി വിവരിച്ചുപറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മിഷനെ, രണ്ടാമത്തെ ഖുദ്റത്തുമായി പറ്റിപ്പിടിച്ചിരുന്നുകൊണ്ട് നമ്മുടെ എല്ലാ കഴിവുകളോടുംകൂടി പൂർത്തിയാക്കാൻ ശ്രമിക്കേണ്ടത് എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. നമുക്ക് ഇന്ന് ക്രിസ്ത്യാനികളേയും നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരണം. യഹൂദികളേയും നബി(സ)യുടെ കൊടിക്കീഴിൽ കൊണ്ടുവരണം. ഹിന്ദുക്കളേയും ഓരോരോ മതവിശ്വാസികളേയും നബി(സ)യുടെ കൊടിക്കീഴിൽ കൊണ്ടുവരേണ്ടതാണ്. ഇത് അഹ്മദിയ്യാ ഖിലാഫത്താണ്. ഇതിനോട് ഒട്ടിച്ചേർന്നുകൊണ്ട് ഭൂമിയിലെ എല്ലാ മുസ്‌ലിംകളേയും മസീഹിന്റെയും മഹ്ദിയുടെയും കൈയിൽ നമുക്ക് ഒരുമിച്ചുകൂട്ടേണ്ടതാണ്.

അതിനാൽ, ലോകത്തിന്റെ മുക്കിലും മൂലയിലും വസിക്കുന്ന അല്ലയോ അഹ്മദികളേ! ഈ യാഥാർത്ഥ്യത്തെ മുറുകെ പിടിക്കുക. കാലത്തിന്റെ ഇമാമും മസീഹും മഹ്ദിയും അല്ലാഹുവിൽ നിന്ന് കല്പന കിട്ടി ചെയ്ത ഓരോ പ്രവൃത്തിയും നിങ്ങൾ പൂർത്തിയാക്കുക. 'ഈ വാഗ്ദാനം നിങ്ങളെക്കുറിച്ചാണ്' എന്നു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മഹത്തായ ഉത്തരവാദിത്തം നമ്മെ ചുമതലപ്പെടുത്തിയിരിക്കുന്നു. വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത്, അവയുടെ നിബന്ധനകൾ പൂർത്തിയാക്കുമ്പോഴാണ്.

*(ശേഷം 21-ൽ)*

ലേഖനം

# ഖലീഫയുടെ പദവിയും ഖിലാഫത്തിന്റെ വ്യതിയാനവും

**ശൈഖ് മുബാറക് അഹ്മദ്**

*അല്ലാഹുവാണ് ഖലീഫയെ തിരഞ്ഞെടുക്കുന്നത് മനുഷ്യരുടെ തിരഞ്ഞെടുപ്പ് അതിനുള്ള നിമിത്തം മാത്രമാണ്*

**നാ**സ്തികരുടെയും കപടവിശ്വാസികളുടെയും ഉപജാപങ്ങളും സംഘടിത പ്രവർത്തനങ്ങളും പ്രതിവിധിയില്ലാത്ത നാശനഷ്ടങ്ങളും ശിഥിലീകരണവും ഇസ്‌ലാമിക ചരിത്രത്തിലെ നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ദുരന്തകഥകളുടെ അദ്ധ്യായമായി ഇന്നും അവശേഷിക്കുന്നു. മിക്കവാറും സകല മുസ്‌ലിംരാജ്യങ്ങളും പല കാലങ്ങളിലായി ഈ ഉപജാപ പ്രവർത്തനങ്ങളുടെ തിക്തഫലങ്ങൾക്ക് വിധേയമാവേണ്ടിവന്നിട്ടുണ്ട്. ഈ ചരിത്രസംഭവത്തിന്റെ ചില പ്രധാനസവിശേഷതകൾ മാത്രമേ ഇവിടെ ചർച്ച ചെയ്യപ്പെടുന്നുള്ളൂ.

ഒരുസംഘം ആളുകളുടെ നിഗൂഢപ്രവർത്തനങ്ങൾ ഇസ്‌ലാമിക ലോകത്തിന്റെ ഐക്യദാർഢ്യതക്ക് കനത്ത പ്രഹരമേൽപ്പിക്കുകയുണ്ടായി. മൂന്ന് ഖലീഫമാർ വധിക്കപ്പെട്ടു. രണ്ട് തീവ്രവാദിസംഘടനകൾ ഉടലെടുത്തു. അതിലൊന്ന് അലി(റ)യോട് അതിരുകവിഞ്ഞ ബഹുമാനദാരങ്ങളും കൂറും പ്രഖ്യാപിച്ചു. മറ്റെ സംഘം അലി (റ)യെ വെറുക്കുന്നതിൽ മുന്നിട്ട് നിന്നു. രണ്ടു കക്ഷികൾക്കുമിടയിൽ തീരാത്ത കുടിപ്പക ആളിപ്പടർന്നു. തിരുനബി (സ) യുടെ പുത്രീസൂതൻ അടക്കം പലർക്കും വിലപ്പെട്ട ജീവിതം നഷ്ടപ്പെട്ടു. അഭിപ്രായ അനൈക്യത്തെ തുടർന്ന് പല ദിവ്യാത്മാക്കളും സാത്വികരും കദനഭാരവും പേറി ജീവിതമൊടുക്കുകയുണ്ടായി. അലി(റ)യും മുആവിയയും തമ്മിലുള്ള രഞ്ജിപ്പിക്കാനാവാത്ത വിപ്രതിപത്തി, തൽഹ (റ), സുബൈർ(റ), ആയിശ (റ) എന്നിവരുടെ അലിയുമായുള്ള സംഘട്ടനങ്ങൾ, ഒട്ടക യുദ്ധം, 45,000 സിറിയക്കാരും 25,000 ഇറാക്കികളും നശിച്ചൊടുങ്ങിയ 'സിഫിൻ'യുദ്ധം എന്നിവ ഇസ്‌ലാമിന്റെ വൈരികളുടെ നിഗൂഢ പ്രവർത്തനങ്ങളുടെ ആദ്യ തിക്ത ഫലങ്ങളായിരുന്നു. മുസ്‌ലിം സഹോദരൻമാർ മുസ്‌ലിമിനെ കൊന്നൊടുക്കിയ ബസ്റ യുദ്ധം, കർബല യുദ്ധം, ദറാബ് യുദ്ധം, അൽപം വൈകിവന്ന മക്കാ യുദ്ധം എന്നിവ ഇസ്‌ലാമിന്റെ ആദർശ ഐക്യം തകർക്കുന്നതിനും സച്ചരിതാരായ ഖലീഫമാരുടെ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി, അവിശ്വാസികളുടെ കരാള ഹസ്തങ്ങൾ മെനഞ്ഞെടുത്തവയായിരുന്നു. ഈ ദു:ഖനിർഭര സംഭവ പരമ്പരകൾ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ തകർച്ചക്കും വിഭാഗീയ ചിന്താഗതികൾക്കും കക്ഷി പ്രതികക്ഷി രൂപീകരണങ്ങൾക്കും ഇടം നൽകി.

മുസ്‌ലിംകൾക്ക് ഖലീഫമാരോടുണ്ടായിരുന്ന വിശ്വാസ്യതക്കും മതിപ്പിനും ബഹുമാനാദര മനോഭാവങ്ങൾക്കും നേരിട്ട ക്ഷതമായിരുന്നു ഈ ക്ഷുദ്ര പ്രവർത്തനങ്ങൾ വരുത്തിവച്ച ദ്വിതീയ ഹാനി. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാൻ ജനങ്ങൾക്കവകാശമുണ്ടെന്ന് അവർ അവകാശപ്പെടാൻ തുടങ്ങി. ജനങ്ങളുടെ അഭിപ്രായൈക്യമനുസരിച്ചുള്ള ഖലീഫാനിയമം ഒരു ദൈവിക മറ മാത്രമാണെന്നും, മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം താൻ തന്നെയാണ് തന്റെ ഖലീഫയെ തിരഞ്ഞെടുക്കുന്നതെന്നുമുള്ള കാര്യം അവർ വിസ്മരിക്കുവാൻ തുടങ്ങി.

## ഖലീഫയെ നിയമിക്കുന്നത് അല്ലാഹു

അല്ലാഹുവിന്റെ കിത്താബായ ഖുർആനിൽ നിന്നും തിരുമൊഴികളിൽ നിന്നും ഖലീഫയുടെ തിരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ അല്ലാഹുവാൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വോട്ട് ചെയ്യുവാനുള്ള നിഗൂഢമായൊരു പ്രേരണ അല്ലാഹു ജനഹൃദയങ്ങളിൽ ചെലുത്തപ്പെടാനുള്ള വഴിയാണെന്നാണ് മനസ്സിലാകുന്നത്. വാഗ്ദത്ത മസീഹിന്റെ രണ്ടാമത്തെ പുത്രനായ മിർസാ ബശീർ അഹ്മദ് (റ) ഈ ഹദീസുകളെക്കുറിച്ച് വളരെ വിജ്ഞേയമായൊരു വിവരണക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു. "അബൂബക്കറി(റ)നെ നബി(സ)യുടെ അനന്തരഗാമിയായി തിരഞ്ഞെടുക്കുന്നത് ബാഹ്യമായി മുസ്‌ലിം ഭൂരിപക്ഷമായിരിക്കുമെങ്കിലും അതിന്ന് പിന്നിൽ പ്രവർത്തിക്കുന്നത് ദൈവേച്ഛയുടെ നിഗൂഢഹസ്തങ്ങളായിരിക്കുമെന്നും അന്തിമമായി വിജയിക്കുന്നത് ദൈവിക വിധിയല്ലാതെ മറ്റൊന്നുമായിരിക്കില്ലെന്നുമാണ് ഈ സുന്ദരപദപ്രയോഗങ്ങളിലൂടെ നബിതിരുമേനി (സ) സ്പഷ്ടമായും നമുക്ക് മനസ്സിലാക്കിതരുന്നത്. അൻസാരീങ്ങൾ അവരിൽ നിന്നുള്ള ഒരാളെ രഹസ്യമായി പിന്തുണച്ചിട്ടും കൂടാരവാസികളായ അറബി ഗോത്രങ്ങൾ ഖിലാഫത്തിനെ ഉന്മൂലനം ചെയ്യുവാനുള്ള കർക്കശ നടപടികൾ കൈക്കൊണ്ടിട്ടും മുകൾപരപ്പിൽ അടിഞ്ഞുകൂടുന്ന നുരകളെ ഒറ്റയടിക്ക് കടൽ തൂത്ത് വാരുന്നതുപോലെ സകല പ്രതിബന്ധങ്ങളേയും തട്ടി നീക്കി വിജയം കൈവരിക്കാൻ അബൂബക്കറി(റ)നും അദ്ദേഹത്തിന്റെ കൊച്ചു അനുചരസംഘത്തിനും സാധിച്ചു. നബിതിരുമേനി (സ) ഉസ്മാൻ (റ) നോട് പറഞ്ഞു: "അല്ലാഹു താങ്കൾക്കൊരു വസ്ത്രം അണിയിക്കുന്നതായിരിക്കും. ജനങ്ങൾ അത് താങ്കളിൽ നിന്ന് എടുത്തുമാറ്റാൻ ശ്രമിക്കുകയില്ലെന്നത്കൊണ്ടും വിശ്വാസികൾ തങ്ങളുടെ പ്രതിജ്ഞയർപ്പിക്കാൻ മറ്റൊരാളെ ഇഷ്ടപ്പെടുകയില്ലെന്നതുകൊണ്ടും ഞാൻ ആ ആഗ്രഹം ഉപേക്ഷിക്കുന്നു."

തിരുനബി (സ) തന്റെ ഭാര്യയായ ഹഫ്സ(റ)യോട് പറഞ്ഞതായി ശിയാക്കളുടെ ഗ്രന്ഥമായ 'തഫ്സീറെ ഖുമ്മിയ'ൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നുണ്ട്.

"തീർച്ചയായും എന്റെ പിൻഗാമി അബൂബക്കറായിരിക്കും നിന്റെ പിതാവ് അദ്ദേഹത്തിന്റെ പിൻഗാമിയുമായിരിക്കും.'' ഇത് കേട്ടപ്പോൾ ഹഫ്സ ചോദിച്ചു.'അങ്ങയോട് ഇതാരാണ് പറഞ്ഞത്?' അതിനുത്തരമായി 'സർവജ്ഞനും എല്ലാം അറിയുന്നവനുമായ അല്ലാഹുവാണ് ഇതെന്നോട് പറഞ്ഞത്" എന്നു പറഞ്ഞു.

തിരുനബി(സ) ഒരിക്കൽ ഉസ്മാൻ (റ) നോട് പറഞ്ഞതായി ഇപ്രകാരം രേ ഖപ്പെട്ടുകിടക്കുന്നുണ്ട്. "അല്ലാഹു താങ്കളെ ഒരു വസ്ത്രം അണിയിക്കുന്നതായിരിക്കും. എന്നാൽ ജനങ്ങൾ താങ്കളിൽ നിന്ന് അതെടുത്തുമാറ്റുവാൻ ശ്രമിക്കുന്നതാണ്. ഒരു കാരണവശാലും അതെടുത്തുമാറ്റുവാൻ താങ്കൾ അനുവദിക്കരുത്." (തിർമിദി - വാള്യം 2 - ഉസ്മാ ന്റെ സ്വഭാവം)

കപടവിശ്വാസികൾ പിൽകാലത്ത് അദ്ദേഹത്തോട് സ്ഥാനത്യാഗം ചെയ്യാനാവശ്യപ്പെട്ടപ്പോൾ നിർഭയനായിക്കൊണ്ട് ഉസ്മാൻ (റ) പറയുകയുണ്ടായി. ''അല്ലാഹു താൻ തന്നെ കനിഞ്ഞണിയിച്ചിരിക്കുന്ന ഈ വസ്ത്രം എനിക്കെങ്ങനെ എടുത്ത് കളയാൻ പറ്റും?" തുടർന്നു കൊണ്ട് പറഞ്ഞു. "അല്ലാഹു എനിക്കു നൽകിയ ഇരിപ്പിടം ഉപേക്ഷിക്കുന്നതിനേക്കാൾ എന്നെ തൂക്കി കൊല്ലുന്നതാണ് എനിക്കിഷ്ടം?!" (തബരി)

ദൈവം തൃപ്തിപ്പെട്ട ഒരു വ്യക്തിയെ തിരഞ്ഞെടുക്കുവാൻ ജനഹൃദയങ്ങളിൽ അവൻ പ്രേരണ ചെലുത്തുന്നു എന്നതാണ് യാഥാർത്ഥ്യം. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് ദൈവഹസ്തങ്ങൾ തന്നെയാണ്. അല്ലാഹു മുസ്‌ലിംകൾക്ക് നൽകിയ വാഗ്ദാനവും ഇത് തന്നെയാണ്.

*"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. " (24:56)*

## അബൂബക്കർ (റ): പ്രവാചകൻ തിരഞ്ഞെടുത്ത വ്യക്തി

നബിതിരുമേനി (സ) പറഞ്ഞതായി ആയിശ (റ) നിവേദനം ചെയ്യുന്നു. ''എന്റെ ശേഷം മറ്റുള്ളവർ എന്റെ അനന്തരഗാമിയാവാൻ ആഗ്രഹിക്കാതിരിക്കുന്നതിനും, അബൂബക്കറിനേക്കാൾ ആ സ്ഥാനത്തിനർഹർ തങ്ങളാണെന്നവകാശപ്പെടാതിരിക്കുന്നതിനും അബൂബക്കറിനെ വിളിച്ച് വരുത്തി എന്റെ ആദ്യ പിൻഗാമി അബൂബക്കറായിരിക്കണെമെന്ന എന്റെ ഇംഗിതം എഴുതിക്കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു മറ്റൊരാളെ അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് ഇഷ്ടപ്പെ

ശ്രമിക്കും. എന്നാൽ താങ്കൾ അതിന്നവരെ അനുവദിക്കരുത്" എന്ന തിരുമൊഴിയിൽ നിന്ന് ഖലീഫയെ തിരഞ്ഞെടുക്കുന്നത് യഥാർത്ഥത്തിൽ അല്ലാഹു താൻ തന്നെയാണെന്നും തിരഞ്ഞെടുപ്പ് ഒരു നിമിത്തമാണെന്നും തങ്ങളുടെ സമ്മതി രേഖപ്പെടുത്തുന്ന ജനങ്ങൾ അല്ലാഹുവിന്റെ കൈകളിലെ ഉപകരണങ്ങളാണെന്നുമാണ് സൂചിപ്പിക്കുന്നത്. വിജ്ഞാനം തുളുമ്പുന്ന ഈ തിരുമൊഴികളെക്കുറിച്ച് തെല്ലൊന്ന് ചിന്തി ച്ചു നോക്കൂ. തിരഞ്ഞെടുപ്പ് പ്രക്രിയ ജനങ്ങളിൽ ആരോപിക്കപ്പെട്ടിരിക്കുന്നു. ഇത് സാധാരണ വ്യവസ്ഥിതിക്ക് വിപരീതമാണ്. ഖലീഫയെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണെങ്കിലും ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണെന്നാണ് തിരുനബി (സ) ഊന്നിപ്പറയുന്നത്." (ഇസ്‌ലാമിലെ ഖിലാഫത്ത് വ്യവസ്ഥിതി)

## ഖലീഫയുടെ പദവി

ഖലീഫയെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണെന്ന അബദ്ധധാരണ അടിത്തറയാക്കിക്കൊണ്ട് അവർ ഒരുകോട്ട കെട്ടിപ്പടുത്തു. ഖലീഫയോട് ഇഷ്ടാനുസരണം പെരുമാറാമെന്നും ഖലീഫയോട് കലഹിക്കുകയും വാഗ്വാദം നടത്തുകയും ഖലീഫമാരെ നിശിത വിമർശനങ്ങൾക്ക് വിധേയരാക്കുകയും ചെയ്യാമെന്നും അവർ ധരിച്ചുവെച്ചു. തികച്ചും അബദ്ധജടിലമായ വിശ്വാസമാണിത്. ഖലീഫ സമുദായത്തിന്റെ ദൈവനിയുക്തനായ അധിപനാണ്. അടിപതറാത്ത വിശ്വാസവും അചഞ്ചലഭക്തിയും ചോദ്യം ചെയ്യപ്പെടാത്ത അനുസരണവും ഖലീഫക്ക് നൽകേണ്ടതുണ്ട്. അതുകൊണ്ടാണ് അല്ലാഹു വിശ്വാസികളോട് വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക' എന്ന് പറഞ്ഞിരിക്കുന്നത്.

അല്ലാഹുവിനേയും റസൂലിനേയും കാര്യനിർവ്വഹണം നടത്തുന്ന അധികാരികളേയും അനുസരിക്കൽ ഓരോ മുസ്‌ലിമിന്റെയും കടമയാക്കപ്പെട്ടിരിക്കുകയാണ്. ഈ കല്പന നിരസിക്കുന്നവർ ധിക്കാരികളാണെന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. അതിനാൽ ഖലീഫയെ നിഷേധിക്കുന്നവനെ ധിക്കാരിയായും വിപ്ലവകാരിയായും ഗണിക്കേണ്ടതാണ്. "എന്റെ കാലടികളെയും സച്ചരിതരായ എന്റെ സഹാബിമാരുടെ ചര്യകളേയും പിൻപറ്റേണ്ടത് നിങ്ങളുടെ കർത്തവ്യമാണ്." എന്ന് തിരുനബി (സ) അരുളിയതും അതുകൊണ്ട് തന്നെയാണ്.

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ 14-ാം വാല്യത്തിൽ 127-ാം പേജിൽ ഇപ്രകാരം ഒരു ഹദീസ് രേഖപ്പെട്ടുകിടക്കുന്നുണ്ട്. അർബസ്ബിൻ സര്യ നിവേദനം ചെയ്യുന്നു. "ഒരിക്കൽ നബിതിരുമേനി(സ) പ്രഭാത നമസ്ക്കാരാനന്തരം നടത്തിയ പ്രബോധന ഭാഷണം ഞങ്ങളെ വല്ലാതെ ആകർഷിച്ചു. കണ്ണുകളെ നനയിച്ചു. അപ്പോൾ ഞങ്ങളിൽ നിന്ന് ഒരാൾ എഴുന്നേറ്റ് നിന്നുകൊണ്ട് " അല്ലാഹുവിന്റെ റസൂലേ, ഇതൊരു വിട പറച്ചിലാണെന്ന് തോന്നുന്നുവല്ലോ. അതിനാൽ താങ്കൾ ഞങ്ങൾക്കായി ഒരു അന്ത്യോപദേശം നൽകിയാലും" എന്ന് പറഞ്ഞു. "എന്റെ ഒസ്യത്ത് ഇതാണ്. അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ നേതാവിനെ - അദ്ദേഹം ആരായിരുന്നാലും നിരുപാധികമായി സർവ്വഥാ അനുസരിക്കുന്ന ശീലം വളർത്തുക. നിങ്ങളുടെ അധികാരി ഒരു നീഗ്രോ ആണെങ്കിൽ പോലും നിങ്ങൾ അദ്ദേഹത്തെ അനുസരിക്കേണ്ടതാണ്. കരുതിയിരിക്കുക. എനിക്ക് ശേഷം ജീവിച്ചിരിപ്പുള്ളവർ ധാരാളം ഭിന്നിപ്പിനും ഛിദ്രപ്രവർത്തനങ്ങൾക്കും സാക്ഷികളാകുന്നതായി തിരിക്കും. എന്റെ ഉപദേശമെന്തെന്നാൽ അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ എന്റെ ചര്യകളേയും എനിക്ക് ശേഷം വരുന്ന നീതിനിഷ്ഠരായ ഖലീഫമാരുടെ ചര്യകളേയും പിൻപറ്റേണ്ടതാണ്." നബിതിരുമേനി(സ) ഇതിന് വളരെ പ്രാധാന്യം കല്പിച്ചിരുന്നു. പല്ലുകൾക്കിടയിൽ കടിച്ച് പിടിക്കുന്നതുപോലെ അത്രയും ബലമായി എന്റെ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുക എന്നുദ്ബോധിപ്പിച്ചുകൊണ്ട് വീണ്ടും അരുളി. "നിങ്ങൾ എന്റെ ചര്യകളെ അള്ളിപ്പിടിക്കുക. എന്റെ പാതയിൽ നിന്നും സച്ചരിതരായ എന്റെ ഖലീഫമാരുടെ മാർഗ്ഗത്തിൽ നിന്നും ഒരിക്കലും വ്യതിചലിച്ച് പോകരുത്. നൂതനസരണികൾ അവലംബിക്കയുമരുത്. എന്റെയും എന്റെ ഖലീഫമാരുടെയും ചര്യകൾക്ക് എതിരായ സകലതും നൂതന രീതികളത്രെ. ഓർമ്മിക്കുക. നൂതനാവിഷ്ക്കാരങ്ങൾ മതപരിത്യാഗത്തിലേക്കും അവിശ്വാസത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ.

ചുരുക്കത്തിൽ ഖലീഫമാരോട് പുലർത്തുന്ന വിശ്വാസ്യത ആത്മവിശ്വാസത്തിന് തുല്യമാണെന്നും നീതിനിഷ്ഠരായ ഖലീഫമാരെ പിൻപറ്റുന്നത് നമ്മുടെ ബാദ്ധ്യതയാണെന്നുമാണ് തിരുനബി (സ) പ്രഖ്യാപിക്കുന്നത്. അവരോട് ആത്മാർത്ഥമായ സ്നേഹവും അചഞ്ചലമായ പ്രതിബദ്ധതയും പുലർത്താനുള്ള ഒരു മാനസികാവസ്ഥ ഉടലെടുക്കാത്തിടത്തോളം ഇത് സാദ്ധ്യമാവുകയില്ല.

ഖിലാഫത്ത് ഒരു രാജവാഴ്ചയായി മാറ്റപ്പെട്ടു എന്നതാണ് ക്ഷുദ്ര പ്രവർത്തനങ്ങൾ വരുത്തിവെച്ച ഒന്നാമത്തെ വിന. ഖലീഫാസ്ഥാനം തന്നിലും തന്റെ സന്തതികളിലും മാത്രം ഒതുക്കി നിർത്തുവാനുള്ള ചെയ്തികളുടെ ഭാഗമായി മുആവിയ അന്നത്തെ ഖലീഫയെ ധിക്കരിക്കുകയും, തന്റെ ജീവിതകാലത്ത് തന്നെ, മകനായ യസീദിന്റെ

കയ്യിൽ ബൈഅത്ത് ചെയ്യുവാൻ ജനങ്ങളെ ബലം പ്രയോഗിച്ച് നിർബ ന്ധിക്കുകയും ചെയ്തിരുന്നു. ഉമ വിയ്യാ രാജവംശത്തിന്റെ രാജാധി കാരം അബ്ബാസികൾ അവരെ പുറ ത്താക്കുന്നതുവരെ നിലനിന്നു. ഹിജ്റ 912 (ക്രി. വ. 1506) ഖലീഫ അൽമുതവക്കൽ അലല്ലായുടെ കാലം വരെ അത് തുടരുകയും ചെ യ്തിരുന്നു. ഹിജ്റ 923-ൽ ഓട്ടോ മൻ രാജവംശം അധികാരത്തിൽ വന്നു. സുൽത്താൻ മുഹമ്മദ്ഖാൻ അഞ്ചാമനെ ഒന്നാം ലോകമഹായു ദ്ധശേഷം അത്താതുർക്ക് പുറത്താ ക്കുന്നതുവരെ ആ ഖിലാഫത്ത് നീ ണ്ടുനിന്നു. മുഹമ്മദ് നബി(സ)യു ടെ പ്രവാചകത്വത്തെ പ്രതിനിധീ കരിച്ചിരുന്ന ഇസ്‌ലാമിക ഖിലാഫ ത്തിന്റെ മുഖമുദ്രയായിരുന്ന ആത്മീ യചൈതന്യം ഇത്രയും കാലം നീ ണ്ടുനിന്ന ഖിലാഫത്ത് വ്യവസ്ഥിതി യിൽ ദർശിച്ചിരുന്നില്ലെന്നത് പ്ര ത്യേകം സ്മരണീയമാണ്.

ഖലീഫയെ മുസ്‌ലിംകളുടെ പൊ തു അഭിപ്രായ ഐക്യത്തിന്റെ അടി സ്ഥാനത്തിൽ തികച്ചും സ്വതന്ത്രമാ യി, പക്ഷപാതരഹിതമായി വോട്ട് ചെയ്ത് തിരഞ്ഞെടുക്കേണ്ടതാണെ ന്ന കാര്യത്തിൽ ഖലീഫമാരും അവ രുടെ ആദരണീയ സഹചരന്മാരും ഏകാഭിപ്രായക്കാരാണ്. ബലപ്ര യോഗം കൊണ്ടോ, അനന്തരവകാ ശം കൊണ്ടോ ഉള്ള അധികാര ലബ്ധി കേവലം രാജവാഴ്ചമാത്രമാ ണ്. അതിനെ ഖിലാഫത്ത് എന്ന് നാമകരണം ചെയ്തുകൂടാത്തതു മാണ്.

## ഖിലാഫത്തും രാജവാഴ്ചയും

നബിതിരുമേനിയുടെ ആദരണീ യനായ സഹാബിയായിരുന്ന അബു മൂസാഅശ്ഹരി ഖിലാഫത്തും രാജ വാഴ്ചയും തമ്മിലുള്ള അന്തരങ്ങ ളെ വളരെ സ്പഷ്ടമായി വ്യക്തമാ ക്കിത്തന്നിട്ടുണ്ട്. ഖലീഫ ജനങ്ങ ളാൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ്. രാജാധിപൻ വാൾ കൊണ്ട് അധികാരം സ്ഥാപിച്ചെടു ക്കുന്നവനുമാണ്. ഖിലാഫത്തിന്റെ ശരിയായ സങ്കൽപത്തെക്കുറിച്ച് അമീർ മുആവിയക്ക് നല്ല ബോധ മുണ്ടായിരുന്നു. പൂർണാധികാര ല ബ്ധിക്ക് ശേഷം മദീനക്കാരെ അഭി സംബോധന ചെയ്തുകൊണ്ട് അ ദ്ദേഹം പറഞ്ഞു. "ദൈവത്താണെ നിങ്ങളുടെ മേലുള്ള എന്റെ അധി കാര സ്ഥാപനം നിങ്ങൾ ക്കൊട്ടും ഇഷ്ടപ്പെട്ടില്ലെന്ന് എനിക്ക് നന്നായി അറിയാം. നിങ്ങളുടെ ഹൃദയങ്ങളി ലെ എന്നോടുള്ള പകയെക്കുറിച്ചും എനിക്ക് നന്നായി ബോധമുണ്ട്. ഞാൻ അധികാരം പിടിച്ച് പറ്റിയത് വാൾബലം കൊണ്ടാണ്. നിങ്ങളോ ടുള്ള കടമ നിറവേറ്റുവാൻ എനിക്ക് സാധിക്കാത്ത പക്ഷം ദയവ് ചെയ്ത് നൽകപ്പെട്ടത് കൊണ്ട് തൃപ്തിയട യുക."

ഇസ്‌ലാമിന്റെ വിജയത്തിന്റെയും പുരോഗതിയുടെയും പാതയിൽ സൃഷ്ടിക്കപ്പെട്ട കനത്ത പ്രതിബന്ധ ങ്ങളായിരുന്നു ഈ കുഴപ്പങ്ങൾ സൃഷ്ടിച്ച നാലാമത്തെ പ്രഹരം. ആഭ്യന്തര കലഹങ്ങളും ഇസ്‌ലാ മിന്റെ ശക്തിയെ ക്ഷയിപ്പിച്ചു.

ഗതകാലങ്ങളിൽ ഇസ്‌ലാമിന് മു ന്നിൽ വിറച്ചു തലകുനിച്ചുനിന്നി രുന്ന രാഷ്ട്രങ്ങൾ രൗദ്രഭാവം കൈ ക്കൊണ്ട് വാളുയർത്തുന്നതിന്നും പ്രതികാരം ചെയ്യുവാനും ഇസ്‌ലാമി നെയും മുസ്‌ലിംകളെയും അപമാ നിച്ചധിക്ഷേപിക്കാനും ലഭിച്ച സന്ദർ ഭങ്ങൾ ഒന്നുംതന്നെ അവർ പാഴാ ക്കിയില്ല. ഇന്നും ആ പ്രക്രിയ തു ടർന്നുകൊണ്ടേയിരിക്കുകയും ചെ യ്യുന്നു. ലോകമുസ്‌ലിംകൾക്കെതി രിൽ ഗൂഢപദ്ധതികൾ ആസൂത്ര ണം ചെയ്യുന്നതിൽ ജൂതരും ക്രി സ്തീയരും ഇന്നും ജാഗരൂകരാണ്. ഇസ്‌ലാമിനെ ഹനിക്കുവാനുള്ള ഗൂ ഢപദ്ധതികൾ ആവിഷ്കരിക്കപ്പെട്ടി ട്ടില്ലാത്ത മതപരവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ യാതൊരു വീഥികളും തന്നെയില്ല. ഖിലാഫത്ത് ശിഥിലീകരണമില്ലാതെ ശക്തമായി നിലനിന്നിരുന്നുവെങ്കിൽ ഇതിനകം യൂറോപ്പിലും അമേരിക്ക യിലും ഇസ്‌ലാമിന്റെ വെന്നിക്കൊടി പാറിയേനെ.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ശിഥിലീകരണം സൃഷ്ടിച്ച അഞ്ചാ മത്തെ നഷ്ടം മതപ്രചാരണ രംഗ ത്തുണ്ടായ സ്തംഭനാവസ്ഥയാണ്. അക്കാലങ്ങളിൽ മതപരിവർത്തനം ചെയ്ത് പുതുതായി ഇസ്‌ലാമിലേക്ക് വന്നവർ മതപരിത്യാഗികളായി പഴയ വിശ്വാസത്തിലേക്ക് തന്നെ തിരിച്ചുപോയി. വിദ്യാഭ്യാസ പരി പാടികൾ നിശ്ചലമായി. മുസ്‌ലിം കൾക്കിടയിലെ ആഭ്യന്തര കക്ഷി പ്പോരുകൾ ആഗോളതലത്തിൽ മു സ്‌ലിംകൾക്കെതിരിൽ വെറുപ്പും വിദ്വേഷവും ജനിപ്പിച്ചു. വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫ ഹദ്റ ത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഖിലാഫത്ത് വ്യവസ്ഥി തിയുടെ പ്രധാന്യത്തെക്കുറിച്ചുള്ള ചർച്ചയിൽ മതപ്രചാരണ പ്രവർത്ത നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നതും അതുകൊ ണ്ടുതന്നെയാണ്. അദ്ദേഹം പറ ഞ്ഞു. "ഇസ്‌ലാം മതപ്രചാരണ പ്ര വർത്തനങ്ങളിൽ നാം വളരെ കർ മ്മോത്സുകരായി മുഴുകിയിരിക്കുക യാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ ഉത്തരവാദിത്വം നാമെങ്ങനെ യാണ് നിറവേറ്റുകയെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇസ്‌ലാമിക ക്ഷേമം ജീവിത ലക്ഷ്യ മായി കരുതുന്ന ഒരു പിടി ആളു കൾ ഇസ്‌ലാമിന്റെ പുനരുത്ഥാന ത്തിനായി അതിവിദഗ്ദ്ധമായി തയ്യാ റാക്കപ്പെട്ട പദ്ധതിയിൻ കീഴിൽ പ്ര വർത്തിക്കുന്നതിനായി തങ്ങളുടെ കേന്ദ്രങ്ങളിൽ എത്തിയിട്ടുണ്ട്. ഒരു സാധാരണ നിരീക്ഷകന് അവർ മത ഭ്രാന്തന്മാരാണെന്ന് തോന്നിയേക്കാം. എന്നാൽ മഹാത്ഭുതങ്ങൾ പ്രവർ

*(ശേഷം 21-ൽ)*

ലേഖനം

# അൽവസിയ്യത്ത് - ഒരു നവലോകക്രമത്തിന്റെ അടിത്തറ

മുഹമ്മദ് നജീബ് ഖാൻ
വാഴക്കാല

**പ്രവാചകന്മാരുടെ കാലത്ത് ബീജാവാപം ചെയ്യപ്പെടുന്ന ദൈവിക പദ്ധതികൾ അവർക്ക്ശേഷം സംസ്ഥാപിതമാവുന്ന ഖിലാഫത്ത് മുഖേയാണ് സാക്ഷാത്ക്കരിക്കപ്പെടുക**

ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ പ്രവചനസാക്ഷാത്ക്കാരമായി അവസാനകാലത്ത് ആഗതരായ ഹദ്റത്ത് ഇമാം മഹ്ദി (അ) 1905 ഡിസംബർ 20ന് അൽവസിയ്യത്ത് എന്ന പേരിൽ ഒരു ലഘുപുസ്തകം രചിക്കുകയുണ്ടായി. തന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് അല്ലാഹുവിൽനിന്ന് നിരന്തരം അറിയിപ്പുകൾ ലഭിച്ചു തുടങ്ങിയപ്പോൾ, മരണത്തിന് ഏകദേശം രണ്ട് മൂന്ന് വർഷങ്ങൾക്ക് മുൻപായി തന്റെ മിത്രങ്ങൾക്കും, തന്റെ ഗ്രന്ഥങ്ങളിൽ നിന്ന് പ്രയോജനം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടി ചില ഉപദേശങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത ഗ്രന്ഥം ഇമാം മഹ്ദി (അ) എഴുതിയിട്ടുള്ളത്. യഥാർത്ഥത്തിൽ തന്റെ അനുയായികളോട് ചെയ്തിട്ടുള്ള ഒരു വസിയ്യത്ത് പത്രികയാണ് ഈ ഗ്രന്ഥം. അൽവസിയ്യത്ത് എന്ന പുസ്തകത്തിന്റെ പേര് തന്നെ ആ യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്. പൂർവ്വ പ്രവാചകന്മാർ അഖിലവും തങ്ങളുടെ മരണത്തിന് മുൻപായി സന്താനങ്ങളോടും അനുയായികളോടും വസിയ്യത്ത് ചെയ്തിരുന്നതായി ഖുർആനിൽ നിന്നും, മറ്റു മത ചരിത്രരേഖകളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. തികച്ചും അതേ ചര്യയെ പിൻപറ്റിക്കൊണ്ട് എഴുതിയിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിൽ, സമീപഭാവിയിൽ അനേകം ആപത്തുകൾ ഇറങ്ങുമെന്നും, അതിൽ നിന്ന് രക്ഷപ്രാപിക്കാനായി ശുദ്ധ ഹൃദയത്തോടും, പശ്ചാത്താപ മനോഭാവത്തോടുംകൂടി അല്ലാഹുവിലേക്ക് തിരിയണമെന്നും പരിപൂർണ്ണ ഭയഭക്തിയോടെ അല്ലാഹുവിനെ സ്നേഹിക്കുകയും, ആരാധിക്കുകയും ചെയ്യണമെന്നും ഹദ്റത്ത് ഇമാം മഹ്ദി (അ) ജനങ്ങളെ ഉപദേശിക്കുകയുണ്ടായി. കൂടാതെ ഇന്ന് ലോകത്ത് നിലവിലുള്ള സർവ്വവിധ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വ്യവസ്ഥിതികൾക്കുപരിയും ഉത്കൃഷ്ടവുമായിട്ടുള്ള രണ്ട് ഭരണ സംവിധാനങ്ങളെക്കുറിച്ചും സുവിശേഷം അറിയിച്ചിട്ടുണ്ട്. ദേശ, ഭാഷ, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ സർവ്വരാജ്യ വാസികളെയും ഏകോപിപ്പിച്ച് നിലനിർത്തുന്ന ഏകലോകനേതൃത്വമായ ഖിലാഫത്ത് വ്യവസ്ഥിതിയാണ് അതിൽ ഒന്നാമത്തെ ഭരണസംവിധാനം. രണ്ടാമത്തേത് കുചേല കുബേര വ്യത്യാസമില്ലാതെ മനുഷ്യന്റെ അടിസ്ഥാനപരമായ ഭൗതിക ആവശ്യങ്ങളെ നിറവേറ്റാൻ കഴിയുന്ന സാമ്പത്തിക വ്യവസ്ഥിതിയായ അൽവസിയ്യത്ത് പദ്ധതിയാകുന്നു. ഈ രണ്ട് സംവിധാനങ്ങളും തന്റെ കാലശേഷം പൂർണ്ണമായ രീതിയിൽ ലോകത്ത് നിലവിൽ വരുമെന്നും ഇതിന്റെ പിന്നിൽ അല്ലാഹുവിന്റെ ശക്തമായ കരങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ടും, ഇവ അല്ലാഹുതന്നെ അറിയിപ്പ് നൽകിയ പദ്ധതികളായതിനാലും, യാതൊരു തടസ്സവുമില്ലാതെ ഇവ പൂർത്തീകരിക്കപ്പെടുന്നതാണ് എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

## സന്മാർഗ്ഗസിദ്ധിക്കായുള്ള രണ്ട് ദൈവിക സംവിധാനങ്ങൾ

പ്രപഞ്ചനാഥനായ അല്ലാഹു ജനങ്ങൾക്ക് വേണ്ടി

രണ്ട് രീതിയിലുള്ള സന്മാർഗ്ഗ ശ്രോതസ്സുകളാണ് ഒരുക്കിയിട്ടുള്ളത്. ഈ രണ്ട് ശ്രോതസ്സുകളും ലോകത്ത് വെളിപ്പെടുന്നത് ദൈവത്തിന്റെ രണ്ട് ദിവ്യശക്തി പ്രഭാവങ്ങളിലൂടെയാണ്. ദൈവവിശ്വാസത്തിലും, കർമ്മത്തിലും ജനങ്ങളിൽ അപചയം സംഭവിക്കുകയും, മനുഷ്യരിൽ അധികം ആളുകളുടെയും ധാർമ്മികവും, ആത്മീയവുമായ നിലവാരം പറ്റെ താണുപോവുകയും, തൽഫലമായി ലോകത്ത് അനീതിയും, അക്രമവും പടർന്ന് പരക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ ഒന്നാമത്തെ ദിവ്യശക്തിയുടെ പ്രഭാവമായ പ്രവാചകന്മാർ സന്മാർഗ്ഗത്തിന്റെ ദീപവുമായി അയക്കപ്പെടുന്നു. ഇവരെ "ഖലീഫത്തുള്ളാഹി" അല്ലാഹുവിന്റെ പ്രതിനിധി എന്ന് പറയുന്നു. ഇങ്ങനെ അല്ലാഹു അവന്റെ ഇഷ്ടഭാജന്മാരിൽ നിന്ന് ഒരാളെ നേരിട്ട് തിരഞ്ഞെടുത്തുകൊണ്ട് ഏകദൈവവിശ്വാസത്തെക്കുറിച്ചും, യഥാർത്ഥ നന്മകളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുകയും, അവർ മുഖേന ഒരു നൂതന നവലോക ക്രമത്തിന് അടിത്തറപാകുകയും ചെയ്യുന്നു. എന്നാൽ ഈ നവലോകക്രമം അവരുടെ കരങ്ങളാൽ പൂർത്തീകരിക്കപ്പെടുകയില്ല. മറിച്ച്, ഏതൊരു വ്യവസ്ഥിതിയെയാണോ അല്ലാഹു ലോകത്ത് സംസ്ഥാപനം ചെയ്യാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം ഈ പ്രവാചകന്മാർ മുഖേന ചെയ്യിക്കുന്നു. പ്രവാചകന്മാരാൽ ബീജാവാപം ചെയ്യപ്പെട്ട പദ്ധതികൾ പൂർണ്ണദശയിലെത്തുന്നത് അല്ലാഹുവിന്റെ രണ്ടാമത്തെ ശക്തി പ്രഭാവമായ ഖിലാഫത്തിലൂടെയാണ്. പ്രവാചകന്മാരുടെ ദേഹവിയോഗസമയത്ത് അപൂർണ്ണതയിലുണ്ടായിരുന്ന അവരുടെ പദ്ധതികൾ പൂർണ്ണദശയിൽ എത്തിക്കുന്നതിനും, ആത്മീയതയിലും, സന്മാർഗ്ഗത്തിലുമധിഷ്ഠിതവുമായ മാർഗ്ഗദർശനം നിലച്ചുപോകാതിരിക്കാനുമായിട്ടാണ് ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വരുന്നത്. കൂടാതെ പ്രവാചകന്മാർക്ക് അല്ലാഹു നൽകുന്ന പ്രവചനങ്ങൾ എല്ലാം അവരുടെ കാലത്ത് തന്നെ പുലരുകയില്ല. അവർക്ക് ശേഷം അല്ലാഹുവിനാൽ നിയോഗിക്കപ്പെടുന്ന ഖലീഫമാർ മുഖേനയാണ് അവ സാക്ഷാത്കരിക്കപ്പെടുന്നത്. ഓരോ പ്രവാചകനും അവരുടെ ദൗത്യപൂർത്തീകരണത്തിനായി ഒരു ക്ലിപ്തകാലഘട്ടം അല്ലാഹു നിർണ്ണയിച്ചിട്ടുണ്ട്. അനിശ്ചിതകാലഘട്ടം വരെ ആ പ്രസ്ഥാനം നിലനിൽക്കേണ്ടത് അനിവാര്യമാണ്. ആ പ്രസ്ഥാനം നിലനിൽക്കുന്ന കാലമത്രയും അതിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ചും, ഉയർച്ച താഴ്ചകളെക്കുറിച്ചുമുള്ള അറിവുകൾ അല്ലാഹു മുമ്പേതന്നെ ആ പ്രവാചകന് നൽകുന്നതാണ്. അങ്ങനെ ഒരു സന്മാർഗ്ഗ ഘട്ടത്തെ നയിക്കുന്നതിന് രണ്ട് ദൈവികസാരഥികളെയാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. ഒന്ന് ആ അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്ന പ്രവാചകന്മാർ, രണ്ട് അല്ലാഹുവിന്റെ ഇംഗിതപ്രകാരം വിശ്വാസികൾ തെരഞ്ഞെടുക്കുന്ന ഖലീഫമാർ. നമ്മുടെ നബി(സ)യുടെ കാലഘട്ടം ഖിയാമത്ത് നാൾ വരെ നീണ്ടുനിൽക്കുന്നതാണ്. അതുകൊണ്ട് നബി(സ)യുമായിട്ടുള്ള ബന്ധത്തെ സജീവമായി നിലനിർത്തുന്ന ദൈവികപാശമാകുന്ന ഖിലാഫത്ത് ഖിയാമത്ത്നാൾ വരെ നിലനിൽക്കേണ്ടത് അനിവാര്യമാണ്.

## ഖിലാഫത്ത് എന്ന ആത്മീയ നേതൃത്വം

ഖിലാഫത്ത് എന്ന പദത്തിന്റെ ഭാഷാപരമായ അർത്ഥം അനന്തരാവകാശി, പ്രതിനിധി എന്നൊക്കെയാണ്. സാങ്കേതിക ഭാഷാപ്രയോഗത്തിൽ ഖലീഫ എന്ന് പറഞ്ഞാൽ പ്രവാചകന്മാരുടെ വിയോഗാനന്തരം അവരുട പ്രതിനിധികളായി വരുന്നവർ എന്നാണ്. ഇവരെ "ഖലീഫത്തു റസൂൽ" പ്രവാചകന്റെ പ്രതിനിധിയെന്ന് പറയുന്നു. പ്രവാചകന്മാർക്ക്ശേഷം ഖിലാഫത്ത് വ്യവസ്ഥിതി നടപ്പിൽ വരുത്തുകയെന്നത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അതുകൊണ്ടാണ് നബി(സ) പറഞ്ഞത്, ശേഷം ഖലീഫമാർ വരാതെകണ്ട് ഒരൊറ്റ പ്രവാചകത്വവും കഴിഞ്ഞ് കടന്നിട്ടില്ല. അതായത് സകല പ്രവാചകന്മാർക്ക്ശേഷവും ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വന്നിട്ടുണ്ട്. ഹദ്റത്ത് ഇമാം മഹ്ദി (അ) പറയുന്നു. "ഖലീഫ എന്നതിന്റെ വിവക്ഷ ദീനിനെ നവീകരിക്കുന്ന പ്രതിനിധിയെന്നാണ്. പ്രവാചകന്മാർക്ക് ശേഷം അന്ധകാരം വ്യാപിക്കുമ്പോൾ അതിനെ തുടച്ച് നീക്കുന്നതിനായി അവരുടെ സ്ഥാനത്തേക്ക് വരുന്നവരെയാണ് ഖലീഫയെന്ന് പറയുന്നത്." (മൽഫൂസാത്ത് വാല്യം : 4, പേജ് : 383) ഹദ്റത്ത് ഇമാം മഹ്ദി (അ) മറ്റൊരു ഗ്രന്ഥത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയേയും അതിന്റെ തത്വത്തേയുംകുറിച്ച് ഇങ്ങനെ പറയുന്നു. "എല്ലാ പ്രവാചകത്വത്തിന് ശേഷവും ഖിലാഫത്ത് വ്യവസ്ഥിതി നിലനിൽക്കേണ്ടത് അനിവാര്യമാണ്. ഖലീഫ എന്ന പദം അർത്ഥമാക്കുന്നത് പ്രതിനിധിയെയാണ്. പ്രവാചകന്റെ എല്ലാ കഴിവുകളും പ്രതിച്ഛായരൂപേണ തന്നിൽ സ്വാംശീകരിച്ചിട്ടുള്ള വ്യക്തിയെയാണ് യഥാർത്ഥത്തിൽ പ്രവാചകന്റെ പ്രതിനിധിയെന്ന് പറയുന്നത്.... ഒരു മനുഷ്യനും ശാശ്വതമായ നിലനിൽപ്പില്ലാത്തതിനാൽ ലോകത്തിലെ മുഴുവൻ ജനങ്ങളിൽ വെച്ച് അതീവ ശ്രേഷ്ഠരായിട്ടുള്ള പ്രവാചകന്മാരുടെ അസ്തിത്വത്തെ ഖിയാമത്ത്നാൾവരെ പ്രതിച്ഛായരൂപേണ നിലനിർത്തണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. ഈ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനും, ലോകത്തിൽ നിന്ന് ഒരിക്കലും പ്രവാചകന്റെ അനുഗ്രഹത്തിന് അഭാവം ഉണ്ടാകാതിരിക്കുന്നിനുമായിട്ടാണ് അല്ലാഹു ഖിലാഫത്ത് വ്യവസ്ഥിതി ഏർപ്പെടുത്തിയിരിക്കുന്നത്." (ശഹാദത്തുൽ ഖുർആൻ, പേജ് : 353)

## അല്ലാഹുവിന്റെ വാഗ്ദാനം

വിശുദ്ധ ഖുർആനിൽ സൂറ; നൂറിലെ 56-ാം മത്തെ വചനത്തിൽ ഖിലാഫത്തിനെ സംബന്ധിച്ച് വ്യക്തമായ വാഗ്ദാനമുണ്ട്. "നിങ്ങളിൽനിന്ന് വിശ്വസിക്കുകയും, സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഖലീഫമാരാക്കുന്നതാണ്." അതായത് പൂർവ്വപ്രവാചകന്മാരുടെ സമുദായങ്ങളിൽ ഖിലാഫത്ത് വ്യവസ്ഥിതി നില നാട്ടിയതുപോലെ മുസ്‌ലിംകളിലും, ഖിലാഫത്ത് വ്യവസ്ഥിതി നിലനിർത്തുന്നതാണെന്ന് ഈ വചനം നമുക്ക് വ്യക്തമാക്കിത്തരുന്നു. എന്നാൽ ഇന്ന് ആഗോളതലത്തിൽ മുസ്‌ലിംകളിൽ അല്ലാഹുവിന്റെ പ്രസ്തുത വാഗ്ദാനം രണ്ട് നിബന്ധനകളിൽ അധിഷ്ഠിതമാണെന്ന് നാം മനസ്സിലാക്കേണ്ടതാണ്. നിബന്ധനകൾ പൂർത്തീകരിച്ചാൽ തീർച്ചയായും അല്ലാഹു തന്റെ വാഗ്ദാനം പാലിക്കുന്നതാണ്. "പരിപൂർണ്ണമായ വിശ്വാസവും, ദൈവിക സവിധത്തിൽ സ്വീകാര്യമായ കർമ്മങ്ങളും" എന്ന രണ്ട് അടിസ്ഥാന നിബന്ധനകളിൽ ബന്ധിതമാണ് അല്ലാഹുവിന്റെ വാഗ്ദാനം. അല്ലാഹുവുമായിട്ടുള്ള ബന്ധത്തെ സജീവമായി നിലനിർത്തുന്ന ഖിലാഫത്തെന്ന ദൈവിക വരദാനം മുസ്‌ലിംകളിൽ ഇല്ലാത്തത്കൊണ്ട് നാം മനസ്സിലാക്കുന്നത് മുസ്‌ലിം ലോകത്തിൽ വിശ്വാസത്തകർച്ച സംഭവിക്കുകയും, കർമ്മങ്ങൾ ദുഷിച്ചു പോയിരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ്. ഇന്ന് ലോകത്ത് ഇസ്‌ലാമിന്റെ പൂർവ്വപ്രതാപത്തെ വീണ്ടെടുക്കുന്നതിനായി അനേകം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ കർമ്മനിരതരാണ്. എന്നാൽ വിശ്വാസികളെ ഏകോപിച്ച് നിലനിർത്തുന്നതും, ആത്മീയവും, ഭൗതീകവുമായ പുരോഗതിക്ക് നിദാനമായിട്ടുള്ളതുമായ ഏകലോകനേതൃത്വമായ ഖിലാഫത്തിന്റെ അഭാവമാണ് മുസ്‌ലിംകളുടെ ഇന്നത്തെ സർവ്വവിധ പരാജയങ്ങൾക്കും കാരണം.

ഇന്ന് ലോകത്ത് സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്ന അനേകം രാജ്യങ്ങൾ ഉണ്ടെങ്കിലും ആശയപരമായും, വിശ്വാസപരമായും പരസ്പരം ഭിന്നിച്ചുകൊണ്ട് സർവ്വവിധ ഓജസ്സും, തേജസ്സും നഷ്ടപ്പെട്ട് മറ്റു ഇതരരാജ്യങ്ങളുടെ ബൗദ്ധിക അടിമകളായി ജീവിതം കഴിച്ചുകൂട്ടുകയാണ്. ഖിലാഫത്തെന്ന അതിമഹത്വവും, അതീവ ശ്രേഷ്ഠവുമായ ദൈവികപാരിതോഷികത്തെ അവർ വിലമതിക്കുന്നില്ല. ബാഹ്യമായ വേഷഭൂഷാധികളിലും, പ്രകടനാത്മകമായ ആചാരനുഷ്ഠാനങ്ങളിലും മാത്രം തൃപ്തിയടഞ്ഞ്, ഇസ്‌ലാമിന്റെ വക്താക്കളായി ചമയുകയാണ്. ഖിലാഫത്തിന്റെ സംസ്ഥാപനത്തിനായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിപൂർണ്ണ വിശ്വാസത്തിലേക്കും, സൽകർമ്മങ്ങളിലേക്കും അവർ ശ്രദ്ധിക്കുന്നില്ല. തനിക്കുശേഷം അനേകം ഭിന്നതകളും, വിഷമകരവും, സങ്കീർണ്ണവുമായ അവസ്ഥകളും ഇസ്‌ലാമിന് അഭിമുഖീകരിക്കേണ്ടിവരുമെന്നും, അപ്പോഴെല്ലാം തന്റെയും സന്മാർഗ്ഗസിദ്ധരായിട്ടുള്ള തന്റെ ഖലീഫമാരുടെയും ചര്യയനുസരിച്ച് ജീവിക്കണമെന്നും, തനിക്ക്ശേഷം വരുന്ന അമീറിനെ അദ്ദേഹം ഒരു നീഗ്രോ ആയിരുന്നാലും ശരി അനുസരിക്കണമെന്നും നബി(സ) സ്വഹാബികളോട് വസിയ്യത്ത് ചെയ്തത് ഇതുകൊണ്ടാണ്. അനുസരണയോഗ്യമായിട്ടുള്ള ഒരു നേതൃത്വമുണ്ടങ്കിലേ എല്ലാവരേയും ഏകോപിപ്പിച്ച് നിർത്തുവാൻ കഴിയുകയുള്ളൂവെന്ന് നബി(സ) മനസ്സിലാക്കിയിരുന്നു. കൂടാതെ സന്മാർഗ്ഗത്തിനായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള രണ്ടാമത്തെ ദിവ്യശക്തിപ്രഭാവമായ ഖിലാഫത്ത് ഇല്ലയെങ്കിൽ പിന്നെ അന്ധകാരം ആയിരിക്കുമെന്നും, അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം കരസ്ഥമാവേണ്ട ആത്മീയ ആഗോളവിജയം കരസ്ഥമാക്കാൻ കഴിയില്ലെന്നും തിരുനബി(സ)ക്ക് അറിയാമായിരുന്നു.

നബി(സ)യുടെ വിയോഗാനന്തരം സഹാബിവര്യന്മാർ ദുഃഖഭാരത്താൽ ഭ്രാന്തന്മാരെപ്പോലെയായിത്തീർന്ന സങ്കീർണ്ണമായ, ആ ഘട്ടത്തിൽ അല്ലാഹുവിന്റെ വാഗ്ദാന പ്രകാരം ഖിലാഫത്തെ റാശിദയുടെ അനുഗൃഹീതസംവിധാനം നിലവിൽ വന്നു. ഹദ്റത്ത് അബൂബക്കറി (റ)നെ ഖലീഫയായി അവർ അംഗീകരിച്ചതോടെ മുറിവേറ്റ ഹൃദയങ്ങൾക്ക് ശാന്തിയും സമാധാനവും കൈവന്നു. അദ്ദേഹത്തിനുശേഷം ഒന്നിനു പകരം മറ്റൊന്നായി 4 ഖലീഫ വര്യന്മാർ ഭരണം നടത്തി. ഇത് ഇസ്‌ലാമിന്റെ ഒരു സുവർണ്ണകാലമായിരുന്നു. ഈ കാലത്ത് അനിതരസാധാരണമായ നിലയിൽ ഇസ്‌ലാം പുരോഗതി കരസ്ഥമാക്കുകയും ദീനിന്റെ പ്രചാരണം ശക്തമായ നിലയിൽ നടക്കുകയും രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് ഇസ്‌ലാം പ്രചരിക്കുകയും ചെയ്തു. അക്കാലത്ത് പലവിധ കുഴപ്പങ്ങൾ തലപൊക്കിയെങ്കിലും ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ട് അല്ലാഹു ഭയാവസ്ഥയിൽ നിന്ന് ശാന്തിയും സമാധാനവും നൽകി അനുഗ്രഹിച്ചുകൊണ്ടിരുന്നു. അങ്ങനെ പ്രവചനപ്രകാരം ഖിലാഫത്ത് റാശിദയുടെ സൂര്യൻ പൂർണ്ണപ്രൗഢിയോടെ ഏകദേശം 30 വർഷക്കാലം വെട്ടിത്തിളങ്ങി. എന്നാൽ ഭൗതികതയുടെ കരാളഹസ്തം ഖിലാഫത്തിന്റെ മേൽപതിഞ്ഞപ്പോൾ നബി(സ)യുടെ പ്രവചനപ്രകാരം പലവിധ വ്യതിയാനങ്ങൾക്കും അത് വിധേയമായി. ഒരു ഹദീസിൽ നബി(സ) അരുളി, "അല്ലാഹു നിങ്ങളിൽ ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനിൽക്കും. പിന്നെ അവൻ ഇച്ഛിക്കുമ്പോൾ അതിനെ എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് ഉണ്ടാകും.

അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനിൽക്കും പിന്നെ അതിനെ എടുത്തുകളയും. പിന്നീട് ഉപദ്രവകരമായ ഖിലാഫത്ത് നിലവിൽ വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് സ്വേച്ഛാധിപത്യഭരണകൂടം വരും അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും അതിനുശേഷം നുബുവത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. തദനന്തരം നബി(സ) നിശബ്ദനായി." കഴിഞ്ഞ 14 നൂറ്റാണ്ടുകളിലെ ഇസ് ലാമിക ചരിത്രം നാം ഒന്നു പഠന വിധേയമാക്കിയാൽ മേൽ ഹദീസിലെ ഓരോ വാക്കും അക്ഷരംപ്രതി പൂർത്തിയായതായി നമുക്ക് മനസ്സിലാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഹദീസിന്റെ അവസാന ഭാഗം നമ്മെ വളരെയധികം ചിന്തിപ്പിക്കുന്നതാണ്. അതായത് പ്രവാചകരീതിയിലുള്ള ഒരു ഖിലാഫത്ത് ഇനി ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. അത് അവസാനകാലം വരെ നീണ്ടുനിൽക്കുകയും ചെയ്യുന്നതാണ്. കാരണം പ്രസ്തുത ഹദീസിന്റെ വെളിച്ചത്തിൽ നുബുവത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണെന്ന് പറഞ്ഞതിനുശേഷം നബി(സ) നിശബ്ദനായി. നബി(സ)യുടെ പ്രസ്തുത പ്രവചനപ്രകാരം ഖിലാഫത്ത് റാശിദയുടെ പുനഃസ്ഥാപനം അഹ്മദിയ്യാ ജമാഅത്തിലൂടെ സാക്ഷാത്കരിച്ചിരിക്കുകയാണ്. വിശുദ്ധ ഖുർആന്റേയും നബി(സ)യുടേയും പ്രവചനങ്ങളുടെ മൂർത്തിഭാവമായി അവതരിച്ച ഇമാം മഹ്ദി(അ)ന്റെ വിയോഗത്തിനുശേഷം 1908 മെയ് 27-ാം തിയതി പ്രവാചകത്വമാതൃകയിലുള്ള ഖിലാഫത്ത് ലോകത്ത് പുനഃസ്ഥാപിച്ചുകൊണ്ട് താൻ വാഗ്ദാനപാലകനാണെന്നും, നബി(സ)യുടെ ഉമ്മത്തിനെ കൈവിടുകയില്ലായെന്നും അല്ലാഹു വ്യക്തമാക്കിയിരിക്കുകയാണ്. ഇന്ന് ഈ ഖിലാഫത്തിന് 100 വർഷം തികയുകയാണ്. 2008 മെയ് 27ന് അഹ്മദികൾ ഖിലാഫത്ത് ശതവാർഷികം ആഘോഷിക്കുന്ന തിരക്കിലാണ്. ഈ ഖിലാഫത്ത് ഇൻശാ അല്ലാഹ് ഖിയാമത്ത് നാൾവരെ നീണ്ടുപോകുന്നതാണ്. ഹദ്റത്ത് ഇമാം മഹ്ദി (അ) പറയുന്നു.

"നിങ്ങൾ രണ്ടാമത്തെ ദിവ്യതേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. അതിന്റെ ആഗമനം നിങ്ങൾക്ക് ഗുണകരമാകുന്നു എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല ഖിയാമത്ത് നാൾവരെ മുറിഞ്ഞ് പോകാത്തതാകുന്നു. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ ഞാൻ പോയാൽ നിങ്ങൾക്കുവേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും." (അൽവസിയ്യത്ത്. പേ:8)

## സാമ്പത്തിക വ്യവസ്ഥിതി

അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് അഹ്മദ് (അ) പ്രതിപാദിച്ചിട്ടുള്ള രണ്ടാമത്തെ ഭരണ വ്യവസ്ഥിതി അൽവസിയ്യത്ത് പദ്ധതിയാകുന്നു. ഖിലാഫത്തിലൂടെ ഒരാളുടെ ആത്മീയ പുരോഗതിക്ക് ആവശ്യമായ കാര്യങ്ങൾ പൂർത്തീകരിക്കുമ്പോൾ ഈ സാമ്പത്തിക പദ്ധതി പ്രകാരം അയാളുടെ ഭൗതികമായ ആവശ്യങ്ങളും പരിഹരിക്കപ്പെടുന്നതാണ്. അതായത് ഒരാളുടെ ആത്മീയവും, ഭൗതികമായ ആവശ്യങ്ങൾ രണ്ട് റെയിൽവേ പാളങ്ങളെപ്പോലെ സമാന്തരമായി പൂർത്തീകരിക്കപ്പെടുന്നു.

ഇന്ന് ലോകത്ത് പലതരത്തിലുള്ള സാമൂഹിക സാമ്പത്തിക വ്യവസ്ഥിതികൾ നിലവിലുണ്ട്. ഇന്നത്തെ രാജ്യങ്ങൾ അന്തർദേശീയമായ സാമ്പത്തിക വ്യവസ്ഥിതികളിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ചില ഇസ് ലാമിക രാഷ്ട്രങ്ങൾ തികച്ചും ഇസ് ലാമിക നിയമങ്ങളെ അടിസ്ഥാനമാക്കിയാണ് ഭരണം നടത്തുന്നതെന്നും വാദിക്കുന്നുമുണ്ട്. ലോകത്ത് ഇന്ന് നിലവിലുള്ള ഇസ്ലാമിക രാജ്യങ്ങളാകട്ടെ, അല്ലാത്ത ഭരണകൂടങ്ങളാകട്ടെ മനുഷ്യന്റെ ആവശ്യങ്ങളെ യഥാവിധി പരിഹരിക്കുന്നതിൽ പരാജിതരാണ്. അടിക്കടി മാറിമാറി വന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക നയപരിഷ്ക്കാരങ്ങൾക്കൊന്നും തന്നെ ശാശ്വതമായ രീതിയിൽ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുന്നുമില്ല. ജനങ്ങൾക്കിടയിൽ ശക്തമായ നിലയിൽ നിലനിൽക്കുന്ന സാമ്പത്തിക അസമത്വം ഇന്ന് പലവിധ സാമൂഹികപരമായ പ്രശ്നങ്ങൾക്കും കാരണമായിത്തീരുന്നുണ്ട്. സാമ്പത്തിക ശാസ്ത്രവിഭാഗത്തിൽ അതീവനൈപുണ്യവും, പരിജ്ഞാനവും കരസ്ഥമാക്കിയിട്ടുള്ള ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്കുപോലും നീണ്ടു നിൽക്കുന്നതും മനുഷ്യന്റെ എല്ലാവിധ ആവശ്യങ്ങളയും സുഗമമായ രീതിയിൽ പരിഹരിക്കാൻ കഴിയുന്നതുമായ ഒരു സാമ്പത്തിക നയം കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കൊണ്ടുവരുന്ന പദ്ധതികൾ കുറഞ്ഞ കാലയളവിൽ തന്നെ അതിലെ പോരായ്മകളും മറ്റും കാരണമായി മാറ്റത്തിരുത്തലുകൾക്ക് വിധേയമാകുന്നു. ലോകത്ത് നിലവിലുള്ള രാജ്യങ്ങൾ തങ്ങളുടെ പ്രജകളിൽ നിന്ന് പലതരത്തിലുള്ള നികുതികളും പിരിച്ചെടുക്കുന്നുണ്ടെങ്കിലും അവരുടെ ജീവനോ സമ്പത്തിനോ വേണ്ട സുരക്ഷിതത്വം നൽകാനോ, ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെ പൂർത്തീകരിച്ച് കൊടുക്കുന്നതിനോ അവർക്ക് കഴിയുന്നില്ല. വികസിത രാജ്യങ്ങൾക്ക് പോലും തങ്ങളുടെ പ്രജകളുടെ ആവശ്യങ്ങൾ യഥാവിധി പൂർത്തീകരിച്ച് കൊടുക്കാൻ കഴിയാത്തനിലയാണ് ഉള്ളത്. ലോകത്ത്

അതിവിശിഷ്ടമായ ചികിത്സാസംവിധാനങ്ങൾ നിലവിലുള്ള അമേരിക്കയിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന 40 ദശലക്ഷത്തോളം വരുന്ന അമേരിക്കക്കാർക്ക് പ്രാഥമിക ചികിത്സ പോലും ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ദരിദ്രരെ സഹായിക്കാൻ എന്ന പേരിൽ ആരംഭിച്ച മെഡികെയ്ഡ്, മെഡികെയർ തുടങ്ങിയ പദ്ധതികൾ വേണ്ടത്ര രീതിയിൽ ഫലവത്തായിട്ടില്ലെന്ന് അവിടുത്തെ വാർത്താമാദ്ധ്യമങ്ങൾ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്.

ലോകത്ത് പിറന്നു വീഴുന്ന ഓരോ മനുഷ്യക്കുഞ്ഞിനും അവന്റെ ജീവൻ നിലനിർത്താൻ അനിവാര്യമായിട്ടുള്ള അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, എന്നിവ ലഭിക്കേണ്ടതുണ്ട്. എന്നാൽ എത്രയെത്ര മനുഷ്യജീവികളാണ് നഗ്നത മറക്കാൻ ആവശ്യത്തിന് വസ്ത്രങ്ങൾ കിട്ടാതെ, മാറി മാറി വരുന്ന കാലാവസ്ഥകളിൽ നിന്ന് സുരക്ഷിതമായി തല ചായ്ക്കാൻ ഇടമില്ലാതെ, വിശപ്പടക്കാനായി ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ ആഗോളതലത്തിൽ വികസിതവും അവികസിതവും ആയ രാജ്യങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നത്. പ്രപഞ്ചനാഥനായ അല്ലാഹു എല്ലാവർക്കും ഈ അടിസ്ഥാനസൗകര്യങ്ങൾ ഒരുപോലെ അനുഭവിക്കാനുള്ള സംവിധാനങ്ങൾ ഈ പ്രകൃതിയിൽ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഈ അടിസ്ഥാന സൗകര്യങ്ങൾ യഥാവിധി മനുഷ്യർക്ക് വീതിച്ചുകൊടുക്കുന്നതിൽ ഭരണകൂടങ്ങൾ പരാജിതരാണ്. എന്നാൽ അൽവസിയ്യത്ത് എന്ന പത്രികയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനപ്രകാരം ഒരു വിശ്വാസി തന്റെ വരുമാനത്തിന്റേയും സ്ഥാവരജംഗമ സ്വത്തുക്കളുടേയും പത്തിലൊരുഭാഗം ദൈവികതൃപ്തിക്ക് വേണ്ടി ദൈവികമാർഗ്ഗത്തിൽ ചിലവ് ചെയ്യുന്നതിലൂടെ അല്ലാഹു വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗത്തിന് അയാൾ ഉടമയാകുന്നതോടൊപ്പം ആത്മീയതയിൽ അധിഷ്ഠിതമായിട്ടുള്ള ഒരു സാമ്പത്തിക സാമൂഹിക നിർമ്മിതിയുടെ ഭാഗമായി അയാൾ തീരുകയും ചെയ്യുന്നതാണ്. ഈ സാമ്പത്തിക പദ്ധതി പ്രകാരം ഒരു വ്യക്തിയുടെയും ഹൃദയത്തെ വ്രണപ്പെടുത്തിക്കൊണ്ട് ഒരു സമ്പത്തും പിടിച്ചെടുക്കുന്നില്ല. മറിച്ച്, ഓരോരുത്തരും ഹൃദയംഗമമായ കൂറോടും സ്നേഹത്തോടും കൂടി ഈ കർമ്മം നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ആത്മീയവും ധാർമ്മികവുമായ അടിത്തറയിൽ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ഈ വ്യവസ്ഥിതി അതിന്റെ ശൈശവഘട്ടത്തിലാണ് ഇപ്പോൾ നിലകൊള്ളുന്നത്. ഇത് പൂർണ്ണവളർച്ചയെത്തിക്കഴിഞ്ഞാൽ ദേശ, ഭാഷ, വർഗ്ഗ, വർണ്ണ, മത, വ്യത്യാസമില്ലാതെ ഓരോ പ്രജയുടേയും അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതാണ്. വിശുദ്ധ ഖുർആൻ നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന ഒരു ലോക സാമൂഹിക വ്യവസ്ഥിതിയുടെ അടിസ്ഥാന തത്വങ്ങളാണ് പ്രസ്തുത പുസ്തകത്തിലൂടെ ഹദ്റത്ത് ഇമാം മഹ്ദി (അ) വിവരിച്ചിരിക്കുന്നത്.

## ആഗോള ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥിതിയുടെ സംസ്ഥാപനം

വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന ഈ അന്യൂനമായ ലോകസാമൂഹിക വ്യവസ്ഥിതി ആദ്യകാലത്ത് സ്ഥാപിതമായ ഖിലാഫതുർറാശിദയിൽ നമുക്ക് ദർശിക്കാൻ കഴിയുന്നതാണ്. കൂടാതെ ഇത് ഹദ്റത്ത് ആദ(അ)മിന് ആദ്യമായി അല്ലാഹു നൽകിയിട്ടുണ്ടായിരുന്ന ശരിഅത്തിന്റെ പരിപൂർണ്ണമായ പൂർത്തീകരണവും കൂടിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു. “തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല, നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാവുകയില്ല, വെയിലിന്റെ ഉഷ്ണം ഏൽക്കുകയില്ല.” (20:119, 120) ഇതിൽ ഭക്ഷണം, വസ്ത്രം, കുടിവെള്ളം, പാർപ്പിടം എന്നീ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളെ പൂർത്തീകരിക്കുന്ന രീതിയിലുള്ള ഭരണവ്യവസ്ഥിതിയാണ് നടപ്പിൽ വരുത്തേണ്ടത് എന്ന് വ്യക്തമാണ്. ഈ പദ്ധതിയെ വിവരിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് (റ) പറയുന്നു, “വസിയ്യത്ത് പദ്ധതി പൂർണ്ണദശയിലെത്തിക്കഴിയുമ്പോൾ അതുമുഖേന ഇസ്ലാമിക പ്രബോധനം മാത്രമല്ല നടക്കുന്നത്. മറിച്ച് ഇസ്ലാമിക പദ്ധതിയനുസരിച്ച് ഓരോ മനുഷ്യന്റെയും ആവശ്യങ്ങൾ അതുമുഖേന പൂർത്തീകരിക്കപ്പെടുന്നതാണ്. ദുഃഖങ്ങളും, ബുദ്ധിമുട്ടുകളും ലോകത്ത് നിന്ന് തുടച്ചുനീക്കുന്നതാണ് (ഇ:അ). അനാഥകുട്ടികൾ യാചിക്കേണ്ടി വരികയില്ല. വിധവകൾക്ക് ജനങ്ങളുടെ മുമ്പിൽ കൈനീട്ടേണ്ടി വരികയില്ല, വിഷമിച്ചും, നിരാലംബരുമായി അലയേണ്ടി വരികയില്ല... എന്തുകൊണ്ടെന്നാൽ ഈ വസിയ്യത്ത് പദ്ധതി കുട്ടികൾക്ക് മാതാവാണ്, യുവാക്കളുടെ പിതാവാണ്, സ്ത്രീകളുടെ ഭർത്താവാണ്. ഇതുമുഖേന യാതൊരുവിധ നിർബന്ധവും ഇല്ലാതെ തികച്ചും ഹൃദയാനന്ദത്തോടും സ്നേഹത്തോടും കൂടി, ഒരു സഹോദരൻ മറ്റൊരു സഹോദരനേ സഹായിക്കുകയാണ് ചെയ്യുന്നത്.... ഇതിന് അല്ലാഹുവിൽ നിന്ന് ഉത്തമമായ പ്രതിഫലം കരസ്ഥമാകുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും ഒരിക്കലും നഷ്ടം സംഭവിക്കുകയില്ല. സമൂഹങ്ങൾ തമ്മിൽ പരസ്പരം അക്രമിക്കുകയില്ല. ഇവരുടെ ഔദാര്യമനോഭാവം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതാണ്........ മിത്രങ്ങളേ! ലോകത്തിന്റെ നൂതന വ്യവസ്ഥിതി Mr. ചർച്ചിലിനോ, Mr. റൂസ് വെൽട്ടിനോ ഉണ്ടാക്കാൻ സാധിക്കുന്നതല്ല. അറ്റ്ലാന്റിക് ചാർട്ടറിന്റെ വാഗ്ദാനങ്ങൾ എല്ലാം തന്നെ പൊള്ളയാണ്. അതിൽ അനവധി ന്യൂനതകളും പോരായ്മകളും ഉണ്ട്.

ലോകത്ത് അല്ലാഹുവിൽ നിന്ന് വരുന്നവരാണ് പുതിയ വ്യവസ്ഥിതി നടപ്പിൽ വരുത്തുന്നത്. അവരുടെ ഹൃദയങ്ങളിൽ സമ്പന്നരോട് വിദ്വേഷമോ ദരിദ്രരോട് അനാവശ്യമായ സ്നേഹമോ ഉണ്ടാവുകയില്ല. അവർ കിഴക്കിന്റേയും പടിഞ്ഞാറിന്റേയും വക്താക്കളായിരിക്കുകയില്ല. അവർ അള്ളാഹുവിന്റെ പ്രവാചകരാണ്. ശാന്തിയും സമാധാനവും നിലനിർത്താനുതകുന്ന അദ്ധ്യാപനങ്ങളാണ് അവർ നൽകുന്നത്. ഇന്ന് ഇമാം മഹദി മുഖേന വന്നിട്ടുള്ള അദ്ധ്യാപനങ്ങൾ മാത്രമേ ശാന്തി നിലനിർത്തുകയുള്ളൂ. അതിന്റെ അടിത്തറ അൽവസിയ്യത്തിലൂടെ 1905ൽ ഇട്ടിരിക്കുകയാണ്....... ചുരുക്കത്തിൽ, ഒരു പുതിയ ലോകവ്യവസ്ഥിതിക്കുള്ള അടിത്തറ 1910ൽ റഷ്യയിൽ അല്ല ഇട്ടിരിക്കുന്നത്. നിലവിലുള്ള യുദ്ധത്തിന് ശേഷം ഭാവിയിൽ ഏതെങ്കിലും വർഷത്തിൽ യോറോപ്പിലല്ല അതിന്റെ അടിത്തറ ഇടാൻ പോകുന്നത്. മറിച്ച് ലോകത്തിന് വിശ്രമം പ്രധാനം ചെയ്യുന്ന ഓരോ വ്യക്തിയുടേയും ജീവിതം സംതൃപ്തമാക്കുന്ന, ലോകത്തെ സംരക്ഷിക്കുന്ന പുതിയ വ്യവസ്ഥിതിക്ക് 1905ൽ ഖാദിയാനിൽ അടിത്തറ ഇട്ടിരിക്കുകയാണ്. ഇനി ലോകത്തിന് ഒരു പുതിയ വ്യവസ്ഥിതിയുടെ ആവശ്യമില്ല."

വസിയ്യത്ത് പദ്ധതിയിലൂടെ കൈവരുന്ന സമ്പത്ത് വിനിമയം ചെയ്യപ്പെടുന്നത് ബൈത്തുൽമാൽ എന്ന ആഗോള ധനകാര്യവകുപ്പിന്റെ കീഴിലായിരിക്കും. ഈ ബൈത്തുൽമാൽ സംവിധാനത്തിന്റെ ഉടമസ്ഥൻ ഖലീഫയാണ്. ഖിലാഫത്ത് റാശിദയിൽ നാം ദർശിച്ചതും ഇസ്‌ലാമിക അദ്ധ്യാപനത്തിൽ നിന്ന് മനസ്സിലാകുന്നതും ഇത്തരത്തിലുള്ള ഭരണവ്യവസ്ഥിതിയാണ്. അതുകൊണ്ട് ഖിലാഫത്തുണ്ടെങ്കിലേ ബൈത്തുൽമാൽ സംവിധാനം സമ്പൂർണ്ണമാവുകയുള്ളൂ. ഖിലാഫത്തും ബൈത്തുൽമാൽ സംവിധാനവും പരസ്പര പൂരകങ്ങളാണ്. ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ സത്യസന്ധനായ പ്രേമിയായ ഹദ്റത്ത് ഇമാം മഹ്ദി (അ) മുഖേന ഖിലാഫത്ത് വ്യവസ്ഥിതിയും ബൈത്തുൽമാൽ സംവിധാനവും അള്ളാഹു ലോകത്ത് പുനഃസ്ഥാപിച്ചിരിക്കുകയാണ്. ■

---

*(15-ൽ നിന്ന് തുടർച്ച)*

ത്തിച്ച് കാണിക്കുവാനുതകുന്ന നിശ്ചയ ദാർഢ്യത മനസ്സിലൂട്ടിയിറപ്പിച്ചവരാണവർ. വീഴുന്ന ഓരോ മഴത്തുള്ളിയും ശേഖരിക്കപ്പെട്ട് നീർച്ചാലുകൾ ഉണ്ടാകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? ഈ ചാലുകളാണ് അരുവികളായും നദികളായും പരിണമിക്കുന്നത്. അതേപ്രകാരം നമ്മുടെ ചെറിയ ചെറിയ പ്രവർത്തനങ്ങൾ കരുത്താർജ്ജിക്കുന്നു. മറ്റുള്ളവർക്കില്ലാത്ത ഖിലാഫത്താകുന്ന ദൈവികാനുഗ്രഹം കൊണ്ട് അല്ലാഹു നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു എന്നത് മാത്രമാണ് അതിന്റെ കാരണം. അല്ലാഹുവിന്റെ ഈ അനുഗ്രഹം ഒന്ന് കൊണ്ട് മാത്രമാണ് അഹ്മദികളുടെ ഈ കൊച്ചു സംഘങ്ങൾക്ക്, വ്യക്തിഗത പരിശ്രമങ്ങൾക്ക് ഒരിക്കലും നിർവ്വഹിക്കുവാൻ സാധിക്കാത്തത്രയും വലിയ മഹാത്ഭുതങ്ങൾ സഫലീകരിക്കുവാൻ സാധിച്ചത്" (അൽഫസൽ 25/3/52)

ഇസ്‌ലാമിക ഖിലാഫത്ത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ തുടർന്നുവന്നിരുന്നുവെങ്കിൽ പ്രബലമായ ഒരേ ഒരു മതം ഇസ്‌ലാമും ഒരേ ഒരു പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് നബി (സ)യും മാത്രമായിത്തീരുമായിരുന്നു. രാഷ്ട്രങ്ങൾ അദ്ദേഹത്തെ അംഗീകരിച്ചതായും ഭൂമിയിലുടനീളം അദ്ദേഹത്തിന്റെ അനുയായികൾ നിറഞ്ഞതായും നിങ്ങൾക്ക് കാണാമായിരുന്നു. **(വിവ. ഇ. കെ.)** ■

---

*(11-ൽ നിന്ന് തുടർച്ച)*

മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരേ! ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രിയപ്പെട്ടവരും ആ മഹാത്മാവിന്റെ വൃക്ഷത്തിന്റെ ഹരിതാഭമായ ശാഖകളുമായുള്ളവരേ! എഴുന്നേല്ക്കുക. അഹ്മദിയ്യാ ഖിലാഫത്തിന്റെ കെട്ടുറപ്പിനായി എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധരാവുക. മുഹമ്മദീ മസീഹ് തന്റെ യജമാനരുടേയും നേതാവിന്റേയും ഏതൊരു സന്ദേശവുമായിട്ടാണോ അല്ലാഹുവിൽ നിന്ന് ലോകത്ത് വന്നത് ആ അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിച്ചുകൊണ്ട് ലോകത്തിന്റെ മുക്കിലും മൂലയിലും അത് പ്രചരിപ്പിക്കുക. 'നിങ്ങളുടെ അമരത്ത്വം ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിലാണ്' എന്ന സന്ദേശം ലോകത്തിലെ ഓരോ വ്യക്തിക്കും എത്തിച്ചുകൊടുക്കുക. ഈ മഹ്ദിയുടെയും മസീഹിന്റെയും ജമാഅത്തുമായി ബന്ധം സ്ഥാപിക്കുന്നതിലാണ് ലോകത്തിന്റെ സമാധാനം നിലകൊള്ളുന്നത്. കാരണം, സമാധാനത്തിന്റേയും ശാന്തിയുടേയും യഥാർത്ഥ ഇസ്‌ലാമിക അധ്യാപനത്തിന്റെയും ധ്വജവാഹകർ ഇക്കൂട്ടരാണ്. ഇതിന് സമാനമായൊരു ഉദാഹരണവും ലോകത്തെങ്ങുമില്ല. ഇന്ന് ഈ മുഹമ്മദീ മസീഹിന്റെ മിഷനെ ലോകത്ത് നിലനിറുത്തുന്നതിനും ഏകത്വത്തിന്റെ മാലയിൽ കോർക്കുന്നതിനുമുള്ള പരിഹാരം

*(ശേഷം 29-ൽ)*

ലേഖനം

മഹ്മൂദ്, കൽഗഗുളം

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ജീവൽ പ്രവാചകൻ

## മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ കഴിവുകളുടെ പരിപൂർണ്ണ വികാസമാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യിൽ സംഭവിച്ചത്

ജീവിതവും സന്ദേശവും വരവണ്ണം സമന്വയിപ്പിച്ച മഹാപ്രവാചകനാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ). താൻ ലോക സമക്ഷം സമർപ്പിച്ച ജീവിത ദർശനങ്ങൾ മനോഹരമായി സ്വജീവിതത്തിൽ അവിടുന്ന് പ്രയോഗവൽക്കരിച്ചു. വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിൽ വൈവിദ്ധ്യമാർന്ന സ്വഭാവ മഹിമകൾ വെളിപ്പെടുത്തുകയാണ് നബി(സ) തിരുമേനി ചെയ്തത്. അവിടുത്തെ ജീവിത മാതൃക സമ്പൂർണ്ണവും ഉദാത്തവുമാണ്. സമസ്ത മനുഷ്യർക്കും അതിൽ നിന്ന് മാർഗദർശനം ലഭിക്കുന്നു. മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യമായ ദൈവോപലബ്ധിക്ക് നബി(സ) തിരുമേനിയുടെ മാതൃക അനുകരിക്കേണ്ടത് അനിവാര്യനിബന്ധനയാകുന്നു. ഉതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുകയാണ്. *"നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമ മാതൃകയുണ്ട് അല്ലാഹുവിനേയും അന്ത്യനാളിനേയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്" (33:22) "പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു."* (3:32) നബി (സ) തിരുമേനിയെ അനുപദം അനുകരിക്കുന്നവരെ ദൈവം തന്റെ പ്രേമഭാജനമാക്കുന്നതാണെന്നും ദൈവത്തെ സ്നേഹിക്കുന്നു എന്ന വാദം അന്വർത്ഥമാക്കുന്നത് നബി (സ) തിരുമേനിയെ പിന്തുടർന്നു ജീവിക്കുമ്പോഴാണെന്നും മേൽ ഖുർആനിക സൂക്തം വിളംബരം ചെയ്യുന്നു. നബി (സ) തിരുമേനിയുടെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവതൃപ്തി ലഭിക്കാനുള്ള വഴികളാണ്. തന്മൂലം ദൈവതൃപ്തി കൈവരിക്കുവാൻ നബി(സ) കാണിച്ചുതന്ന പാതയിലൂടെ ചരിക്കേണ്ടത് അനുപേക്ഷണീയമാകുന്നു.

### ഇൻസാനെ കാമിൽ: പരിപൂർണ്ണ മനുഷ്യൻ

സർവ്വഗുണ സമ്പൂർണ്ണനും സൃഷ്ടി കുലോത്തമനും സർവ്വനന്മകളുടെയും വിളനിലവുമാണ് നബി(സ) തിരുമേനി. മനുഷ്യന് എത്തിപ്പിടിക്കാവുന്ന ആത്മീയതയുടെ പരമോന്നത പദത്തിൽ വിരാജിക്കുന്ന അദ്ദേഹം, തനിക്ക് പ്രദാനം ചെയ്യപ്പെട്ട കഴിവുകളോരോന്നും അതിന്റെ പരിപൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ജൈവികവും മാനുഷികവുമായ സവിശേഷതകളെല്ലാമുൾകൊണ്ട വ്യക്തിക്ക് മാത്രമേ തന്നെപ്പോലുള്ള ഇതര മാനുഷ്യർക്ക് മാതൃകയാകാൻ സാധിക്കുകയുള്ളൂ. മാനുഷികമായ സത്തയിലും ഘടനയിലും സൃഷ്ടിക്കപ്പെട്ടവർക്ക്, അമാനുഷനായ ഒര സ്ഥിത്വത്തെ അനുകരിക്കുന്നതിന് ഒരിക്കലും സാധിക്കുകയില്ല. ദൈവത്തിന്റെ പൂർണ്ണമോ ഭാഗികമോ ആയ അവതാരങ്ങളായിട്ടാണ് മറ്റു മതസ്ഥർ തങ്ങളുടെ മതഗുരുക്കന്മാരെ ചിത്രീകരിക്കുന്നത്. എന്നാൽ മനുഷ്യാതീതരായവരെ പിൻപറ്റി ജീവിക്കാനാവുമെന്നവാദം കേവലം യുക്തിശൂന്യവും അപ്രായോഗികവുമാണ്. ദൈവദൂതന്മാർ സന്മാർഗവുമായി ജനങ്ങളുടെയടുക്കൽ ചെന്നപ്പോൾ നിഷേധികളുടെ പ്രതികരണം വിശുദ്ധ ഖുർആൻ ഒരിടത്ത് ഇപ്രകാരം അനാവരണം ചെയ്യുന്നുണ്ട്. *'ഞങ്ങളെപ്പോലെ ഭക്ഷണം കഴിക്കുകയും അങ്ങാടിയിൽ നടക്കുകയും ചെയ്യുന്ന ഒരാളെ*

*പ്രവാചകനാകുകയോ? എന്തുകൊണ്ട് ഒരു മലക്ക് താക്കീതുകാരനായി ഇറക്കപ്പെടുന്നില്ല! നിഷേധികളുടെ ഈ ആക്ഷേപത്തിന് ഭൂമിയിൽ മലക്കുകളാണ് നിവാസിക്കുന്നതെങ്കിൽ പ്രവാചകനായി മലക്കുകളെ നിയോഗിക്കുമായിരുന്നു* എന്ന അർത്ഥത്തിൽ നല്കപ്പെട്ടിരിക്കുന്ന മറുപടി ചിന്താർഹമാണ്. ദൈവം മനുഷ്യന് പ്രദാനം ചെയ്തിരിക്കുന്ന പ്രാപ്തികളുടെയെല്ലാം പരിപോഷണത്തിലൂടെ ഉന്നതിയിലെത്തിയാലാണ് മാർഗദർശിയാകാൻ സാധിക്കുന്നത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ലോകത്തോട് പ്രഖ്യാപിച്ചത് ഞാൻ നിങ്ങളെപ്പോലുള്ള മനുഷ്യൻ മാത്രമാണ്. എന്നെ പിൻതുടർന്നു ജീവിതം നയിക്കുവീൻ, നിങ്ങൾക്ക് ദൈവ പ്രീതി കരസ്ഥമാക്കാം എന്നതാണ്.

## യുക്തി നിർഭരമായ പ്രഖ്യാപനം

ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ഇപ്രകാരം വിളംബരം ചെയ്തു. *"പറയുക, തീർച്ചയായും ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ് എനിക്ക് സന്ദേശം നല്കപ്പെടുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽകർമ്മങ്ങൾ ചെയ്തു കൊള്ളട്ടെ. അവൻ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ"(18:111)*

ദൈവത്തിന്റെ ഏകതാവിലാസം ഉയർത്തിക്കാട്ടുന്നതോടൊപ്പം മനുഷ്യനെ അത്യുന്നതമായ സ്ഥാനത്തേക്കുയർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട് വിശുദ്ധ ഖുർആൻ. നബി(സ) തിരുമേനി മുഖേന ലോകത്തിന്റെ മുമ്പിൽ വെച്ച് ഈ പ്രഖ്യാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങളുൾകൊണ്ടിരിക്കുന്നു.

ഒന്ന് : 'ഞാനും നിങ്ങളെപ്പേലുള്ള മനുഷ്യനാണ്' എന്ന വിളംബരത്തിലടങ്ങിയിരിക്കുന്നത്, മനുഷികമായ പരിധികളും പരിമിതികളുമുള്ള വ്യക്തി തന്നെയാണ് ഞാനും. എനിക്ക് അമാനുഷിക ശക്തിയുള്ളതായി ഞാൻ അവകാശപ്പെടുന്നില്ല എന്നാണ്.

രണ്ട് :- എന്റെ ശക്തി ദൈവം എന്നോട് സംസാരിക്കുന്നു, അവൻ എന്നെ സഹായിക്കുന്നു, അവന്റെ പ്രഭാവം എന്നിലൂടെ വെളിപ്പെട്ടിരിക്കുന്നു എന്നതാണ്.

മൂന്ന് :- വല്ലവനും തന്റെ നാഥനുമായി ബന്ധം പുലർത്താനാഗ്രഹിക്കുന്നുവെങ്കിൽ അവൻ എന്നെ മാതൃകയാക്കുകയും ഞാൻ ചെയ്തതുപ്പോലെ സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. തന്റെ രക്ഷിതാവിനെ ആരാധിക്കുന്ന കാര്യത്തിൽ ഞാൻ കാണിച്ചു തന്നതുപ്രകാരം അവനോടൊപ്പം മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. ദൈവൈക്യപ്രാപ്തിയിലൂടെ തന്റെ സൃഷ്ടിയുദ്ദേശ്യം അർത്ഥപൂർണ്ണമാക്കുവാൻ മനുഷ്യനോട് വിശുദ്ധ ഖുർആൻ നിരന്തരം ആഹ്വാനം ചെയ്യുന്നുണ്ട്. പ്രസ്തുത ലക്ഷ്യ സാക്ഷാൽക്കാരത്തിന് ഒരു മാതൃകയെന്നോണം ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയെ വിശുദ്ധ ഖുർആൻ മുന്നോട്ടു വെക്കുകയും ചെയ്യുന്നു.

## സ്തുത്യർഹമായ പ്രവർത്തനം

വർഷപാതം ഭൂമിയെ ഹരിതാഭമാക്കി തീർക്കുന്നതുപോലെ ദിവ്യ വെളിപാടുകളുടെ സ്വീകർത്താക്കളായദൈവദൂതന്മാരുടെ ആഗമനത്തോടെ ആത്മീയമായ നിശ്ചേതനാവസ്ഥയിൽ വ്യതിയാനം സംഭവിക്കുന്നു. ആകാശീയമായ പ്രകാശപ്പൊലിമയിലേക്ക് യോഗ്യത നേടിയ ഹൃദയങ്ങൾ ആകർഷിക്കപ്പെടുന്നു. ദൈവദൂതന്മാരുടെ ആഗമനകാലഘട്ടവും പിന്നീടവരുണ്ടാക്കിയ മാറ്റവും ഇതിനുള്ള ജീവൽ ദൃഷ്ടാന്തങ്ങളാണ്. തികച്ചും നിർജ്ജീവരായി തീർന്നിരുന്ന ജനതയിലേക്കാണ് നബി (സ) തിരുമേനി ആഗതനായത്. അജ്ഞതയിലും അന്ധകാരത്തിലും ആഭാസകരങ്ങളായ പാപകർമ്മങ്ങളിലുമകപ്പെട്ടിരുന്ന ഒരു ജനവിഭാഗത്തെ അവിടുന്ന് ആത്മീയ വിഹായസ്സിൽ പറക്കുന്ന പറവകളാക്കി മാറ്റിയെടുക്കുകയുണ്ടായി. ഇതു സംബന്ധിച്ച് വാഗ്ദത്ത മഹ്ദി മസീഹ് (അ) ഇപ്രകാരം വിവരക്കുന്നു:

*"നബി (സ) തിരുമേനിയുടെ ഒന്നാമത്തെ ഉദ്ദേശ്യം അറേബ്യയുടെ സംസ്ക്കരണമായിരുന്നു. അക്കാലത്ത് അറേബ്യയുടെ സ്ഥിതി ശോചനീയവും ഭയാനകവുമായിരുന്നു. എല്ലാതരം തിന്മകളും അവരിലുണ്ടായിരുന്നു.... കള്ളവും കൊള്ളയും കൊലയും അവരുടെ ദൈനംദിന ജീവിതസാഹചര്യങ്ങളായിരുന്നു. ഒരു എറുമ്പിനെ കാൽ കൊണ്ടു ചതച്ചരക്കുന്ന ലാഘവത്തോടെയായിരുന്നു അവർ കൊലകൾ നടത്തിയിരുന്നത്. അനാഥ ശിശുക്കളുടെ സ്വത്ത് അപഹരിച്ചിരുന്നു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടിയിരുന്നു. വ്യഭിചാരം ചെയ്ത് അതിൽ അഭിമാനം കൊണ്ടിരുന്നു. തങ്ങളുടെ കവിതകളിൽ അഭിമാനപുരസ്സരം ഇത്തരം നീച കർമ്മങ്ങളെക്കുറിച്ച് അവർ പ്രതിപാദിക്കാറുണ്ടായിരുന്നു. മദ്യപാനം നടക്കാത്ത ഒരു ഭവനവും ഉണ്ടായിരുന്നില്ല. ചൂതുകളിയിൽ അവർ വളരെ മുൻപന്തിയിലായിരുന്നു. കാട്ടുമൃഗങ്ങളും കൊടിയ സർപ്പങ്ങളും ചെന്നായ് ക്കളും ഇവരുടെ കാര്യത്തിൽ ലജ്ജിതരായിരുന്നു. ഇത്തരത്തിലുള്ളവരുടെ സ്വഭാവ സംസ്ക്കരണത്തിന്നായിരുന്നു നമ്മുടെ നബി (സ) നിയുക്തനായിരുന്നത്. തന്റെ ആന്തരികശുദ്ധി മൂലം അദ്ദേഹം അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ തുടങ്ങി.*

*(ശേഷം 29-ൽ)*

വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം. ലേഖനപരമ്പര - 13.

# ആര്യസമാജപ്രഭുക്കന്മാരുമായി ഒരു തൂലികാസമരം

എ.ക്യു. മഹ്ദി

ആര്യസമാജം, വടക്കേ ഇന്ത്യയിലാണ് ഈ സംഘടന രൂപീകൃതമായത്. 1875-ൽ ബോംബെയിൽ ഇതിന്റെ ആദ്യശാഖ സ്ഥാപിതമായി. ഹൈന്ദവ വിശ്വാസങ്ങളിൽ ചില നവീന ആശയങ്ങൾ നടപ്പാക്കിക്കൊണ്ട് പണ്ഡിറ്റ് ദയാനന്ദ സരസ്വതിയാണ് ആര്യസമാജം സ്ഥാപിച്ചത്. ഇന്ത്യയിൽ പൊതുവെയും പഞ്ചാബിൽ പ്രത്യേകിച്ചും ദയാനന്ദ സരസ്വതി ഇതിനു ഏറെ പ്രചാരം നൽകാൻ ശ്രമങ്ങൾ ആരംഭിച്ചു.

തെക്കേ ഇന്ത്യയിൽ ഈ സംഘടനയ്ക്ക് വേരോട്ടം ഉണ്ടായില്ല; പ്രത്യേകിച്ചു കേരളത്തിൽ. വടക്കെ ഇന്ത്യയിൽ തന്നെ ചില ഭാഗങ്ങളിൽ മാത്രമായി ഇത് ഒതുങ്ങിനിന്നു.

സ്വാമിജി പഞ്ചാബിൽ പര്യടനം നടത്തി മുൽത്താൻ, റാവൽപിണ്ടി, ലാഹോർ, അമൃത്സർ, ജലന്തർ, ലുധിയാന എന്നീ സ്ഥലങ്ങളിൽ ഈ സംഘടനയുടെ പ്രചാരവേല ആരംഭിച്ചു. ഖാദിയാന്റെ പരിസരദേശങ്ങളാണ് ഈ സ്ഥലങ്ങളൊക്കെ.

ഒരുതരം മതമൗലിക തീവ്രവാദം ആയിരുന്നു ഈ സംഘടനയുടെ അജണ്ട. അതിനായി അവർ വേദങ്ങളെ കൂട്ടുപിടിച്ചിരുന്നു. ഹിന്ദുമതം ഒഴികെയുള്ള ഇതര മതങ്ങളെയൊന്നും അംഗീകരിക്കാൻ കൂടി അവർ കൂട്ടാക്കിയില്ല.

ഹിന്ദുക്കളിൽ ഒരു വിഭാഗം ഈ നവീനമായ പ്രസ്ഥാനത്തിൽ വല്ലാതെ ആകൃഷ്ടരായിത്തീർന്നു.

സ്വാമിജിയും അനുയായികളും ഇസ്‌ലാമിനെതിരെ തിരിഞ്ഞു. ബ്രിട്ടീഷുകാരുടെ ക്രിസ്തീയഭരണമായിരുന്നു അന്ന് ഇവിടെ നടന്നിരുന്നതെന്നിനാൽ ക്രിസ്ത്യാനികളോട് അത്ര എതിർപ്പു കാട്ടാനുള്ള ധൈര്യം ആര്യസമാജികൾക്കുണ്ടായില്ല.

ഇസ്‌ലാം മതത്തെ രൂക്ഷമായി വിമർശിക്കുകയും, ഇസ്‌ലാംമത സ്ഥാപകരെ അധിക്ഷേപിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ ഈ പ്രസ്ഥാനത്തിനു നേരെ ഹദ്റത്ത് അഹ്മദ് (റ) ശ്രദ്ധതിരിച്ചു. ഇസ്‌ലാമിക തത്വങ്ങളുടെ യഥാർത്ഥനില വിശദമാക്കിക്കൊണ്ട് അദ്ദേഹം പത്രങ്ങളിൽ ലേഖനങ്ങളെഴുതി. ആഹ്വാനങ്ങളുടെ രൂപത്തിലായിരുന്നു അദ്ദേഹം ആ ലേഖനങ്ങൾക്കു രൂപം കൊടുത്തത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകൾ ജനശ്രദ്ധ പിടിച്ചുപറ്റുകയും പണ്ഡിതന്മാരുടേയും ചിന്തകന്മാരുടേയും ഹൃദയങ്ങളിൽ ചലനമുണ്ടാവുകയും ചെയ്തു.

ബാംഗ്ലൂരിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'മൻസൂറെ മുഹമ്മദി' എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദ് (അ) എഴുതിയ ഒരു ലേഖനത്തിൽ അതിപ്രധാനമായ ഒരു ആഹ്വാനമുണ്ടായിരുന്നു.

സത്യസന്ധതയാണ് എല്ലാ നന്മകളുടെയും അടിസ്ഥാനം. സത്യസന്ധതക്ക് ഒരു മതം നൽകുന്ന പ്രാധാന്യവും ശക്തിയും നോക്കിയാണ് ആ മതത്തിന്റെ യഥാർത്ഥ മൂല്യം നിർണ്ണയിക്കേണ്ടത്. ഇസ്‌ലാം സത്യത്തിനു നൽകുന്ന സ്ഥാനവും പ്രാധാന്യവും മറ്റൊരു മതവും നൽകുന്നില്ലെന്ന് കാൽനൂറ്റാണ്ടുകാലത്തെ ഗവേഷണങ്ങളിൽ നിന്ന് തനിക്കു ബോധ്യം വന്നിരിക്കുന്നു. സത്യത്തെക്കുറിച്ച് ഇസ്‌ലാംമത ഗ്രന്ഥങ്ങൾ നൽകുന്ന പാഠങ്ങളിൽ നിന്നു താൻ എടുക്കുന്നതിലധികമോ, അത്രയെങ്കിലുമോ അതിൽ പകുതിയോ, എന്തിന് കേവലപക്ഷം മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമത ഗ്രന്ഥങ്ങളിൽ നിന്നു ഉദ്ധരിച്ചുകാട്ടുന്ന ഏതൊരു വിമതസ്ഥനും 500 രൂപ ഇനാം നൽകുന്നതാണെന്നായിരുന്നു പത്രത്തിലൂടെയുള്ള ഹദ്റത്ത് അഹ്മദ് (അ)ന്റെ ആഹ്വാനം. ഈ ആഹ്വാനം സ്വീകരിക്കാനോ വെല്ലുവിളി നേരിടാനോ ഇതരമതസ്ഥങ്ങളിൽപ്പെട്ട ആരും തന്നെ മുന്നോട്ടുവന്നില്ല. ഇനാം തുകയായ 500 രൂപയെന്നാൽ മൂല്യവർദ്ധനയനുസരിച്ച് ഇന്നത്തെ ലക്ഷക്കണക്കിനു രൂപയ്ക്കു തുല്യമാണ്.

ആത്മാക്കൾ അനന്തമാണെന്നും അവയുടെ എണ്ണം പരമേശ്വരന് (ദൈവം) പോലും അറിയില്ലെന്നും, സൂചിപ്പിച്ചുകൊണ്ട് ആര്യസമാജ സ്ഥാപകൻ 'വക്കീൽ' എന്ന പത്രത്തിൽ ഒരു പ്രസ്താവന ചെയ്തപ്പോൾ, അതൊരു ദൈവദൂഷണമായി കരുതിയ ഹദ്റത്ത് അഹ്മദ്, അമൃത്സരിലെ 'സഫീറെ ഹിന്ദ്' പത്രത്തിൽ ഒരു ലേഖനപരമ്പര പ്രസിദ്ധീകരിച്ചു അതിനു സോയുക്തമായ മറുപടി നൽകുകയുണ്ടായി. മേൽ തത്വം ശരിയാണെന്നു തെളിവു സഹിതം സ്ഥാപിക്കുവാൻ ആര്യസമാജ പണ്ഡിതന്മാരെ അദ്ദേഹം ക്ഷണിക്കുകയും അങ്ങനെ ചെയ്തു വിജയിക്കുന്നവർക്ക് ഒരു വൻതുക നൽകുന്നതാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

ഈ ആഹ്വാനം പുറത്തുവന്നപ്പോൾ ആര്യസമാജക്കാരിൽ ഒരമ്പരപ്പാണുണ്ടായത്. ഹദ്റത്ത് അഹ്മദ് (അ) ഉന്നയിച്ച ന്യായയുക്തികളുടെ അഖണ്ഡത നിമിത്തം ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്രകമ്മിറ്റി സെക്രട്ടറി ലാലാ ജീവൻദാസ് ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ നിർബന്ധിതനായി. ആ പ്രസ്താവനയിലൂടെ സ്വാമി ദയാനന്ദ സരസ്വതിയുടെ ആത്മാക്കൾ അനന്തമാണെന്നും ഈശ്വരനുപോലും അവയുടെ എണ്ണം അറിയില്ലെന്നുമുള്ള സിദ്ധാന്തത്തെ ലാലാ ജീവൻദാസ് നിരാകരിക്കുകയും അത് ആര്യസമാജപാഠങ്ങളിൽ പെട്ടതല്ല എന്നു പ്രസ്താവിക്കുകയും ചെയ്തു. മാത്രമല്ല, ആര്യസമാജികൾ സ്വാമി ദയാനന്ദനെ അന്ധമായി അനുകൂലിക്കുന്നവരല്ല എന്നും അദ്ദേഹം അറിയിച്ചു. സ്വാമി പറഞ്ഞവ മുഴുവൻ ഒരു യുക്തിവിചാരവും കൂടാതെ വിശ്വസിക്കുവാൻ തങ്ങൾ തയ്യാറല്ലെന്നും പണ്ഡിറ്റ് ജീവൻദാസ് വ്യക്തമാക്കി.

തന്റെ സംഘടനയുടെ തന്നെ ഒരു ഭാരവാഹിയുടെ ഈ പ്രസ്താവന ദയാനന്ദ സ്വാമിയ്ക്ക് കനത്ത ഒരാഘാതമായിരുന്നു.

കേന്ദ്രക്കമ്മറ്റി അംഗം സ്വാമിയെ നിഷേധിച്ചെങ്കിലും, അമൃതസരസിലെ ആര്യസമാജം ലോക്കൽ സെക്രട്ടറി ബാബാ നാരായണൻ സിംഗ് സ്വാമിയുടെ ചെറിയ ഒരു രക്ഷയ്ക്കെത്തി. അയാൾ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. മുമ്പ് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ച 500 രൂപ സമ്മാനം നൽകുന്ന കാര്യത്തിൽ തങ്ങൾക്കു ശരിയായ ഉറപ്പ് ലഭിക്കേണ്ടതാണ്. 'സഫീറെ ഹിന്ദ് ' പത്രത്തിലൂടെ അയാൾ ആവശ്യപ്പെട്ടു. അപ്പോൾ, ഹദ്റത്ത് അഹ്മദ് തന്റെ സ്വത്തുവിവരങ്ങൾ ചൂണ്ടിക്കാട്ടി ആവശ്യമായ ഉറപ്പുകൾ നൽകുകയുണ്ടായി. മാത്രമല്ല, ബാബാ സാഹിബ് സമർപ്പിക്കുന്ന സമ്മാനം നൽകുന്നതിനാധാരമായ ഉപന്യാസത്തിൽ നിബന്ധനകൾക്കനുസരിച്ച് സ്വന്തം വാദം ബാബാസാഹിബ് സ്ഥാപിച്ചിട്ടുണ്ടോ എന്നു നിർണ്ണയിക്കേണ്ട ജഡ്ജിമാരിൽ, സ്വാമി ദയാനന്ദ സരസ്വതിയെക്കൂടി ഉൾപ്പെടുത്തുന്നതിന് തനിക്കു സമ്മതമാണെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ, സ്വാമിജി തന്റെ തീരുമാനത്തിന്റെ ന്യായവശങ്ങൾ ഒരു പ്രസ്താവന മുഖേന വിശദീകരിക്കേണ്ടതായി വരുമെന്നുകൂടി വ്യക്തമാക്കിയപ്പോൾ ബാബാ നാരായൺ സിംഗ് നിശബ്ദനായി. യാഥാർത്ഥ്യബോധം അദ്ദേഹത്തെ സ്വാധീനിച്ചപ്പോൾ പിന്നീട് സ്വന്തം മാതൃസംഘടനയായ ആര്യസമാജത്തിൽ നിന്നും തന്നെ ബാബാ നാരായൺ സിംഗ് പിൻമാറുകയാണു ചെയ്തത്. ദയാനന്ദ സരസ്വതിയെ അദ്ദേഹം കൈയൊഴിയുകയും ചെയ്തു.

ഈ സംഭവങ്ങൾ നടക്കുമ്പോൾ സ്വാമി ദയാനന്ദൻ തന്റെ പ്രസ്ഥാനത്തിനുവേണ്ടി പഞ്ചാബിൽ പ്രചാരണ പര്യടനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആര്യസമാജം കേന്ദ്രക്കമ്മറ്റിയംഗമായ ലാലാ ജീവൻദാസിന്റെ സ്വാമിജിയുടെ വാദഗതികളെ നിഷേധിച്ചുകൊണ്ടുള്ള പ്രസ്താവനയും, ലോക്കൽ സെക്രട്ടറി ലാലാ ബാബാ നാരായൺ സിംഗിന്റെ, പ്രസ്ഥാനത്തിൽ നിന്നുള്ള പിൻമാറ്റവും ആര്യസമാജ സ്ഥാപകരുടെ അന്തസ്സിനും പദവിയ്ക്കും ഏറ്റ കനത്ത ഒരു പ്രഹരം തന്നെയായിരുന്നു. എന്നാൽ, ബുദ്ധിമാനും, കൗശലക്കാരനുമായ സ്വാമി, വികലമായ തന്റെ നില ന്യായീകരിക്കാൻ ശ്രമിക്കുകയോ, ഹദ്റത്ത് അഹ്മദിന്റെ വാദങ്ങൾക്കു മറുപടി പറയാൻ തുനിയുകയോ ചെയ്തില്ല.

താമസിയാതെ സ്വാമി ദയാനന്ദ സരസ്വതി മറ്റൊരു വിവാദത്തിനു വഴിമരുന്നിട്ടു. എങ്ങനെയും ഇസ്ലാം മതത്തിനെതിരേ ഹൈന്ദവ സമൂഹത്തെ പ്രകോപിപ്പിക്കുക എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശലക്ഷ്യം.

'ഹിന്ദു' എന്ന പേര് മുസ്ലിംകൾ വിദ്വേഷത്താൽ പ്രേരിതരായി, ദുഷ്ടാർത്ഥത്തോടെ ഈ രാജ്യക്കാർക്കു നൽകിയതാണെന്നും, ആ നാമത്തിന്റെ അർത്ഥം 'കള്ളൻ', 'കവർച്ചക്കാരൻ', 'വഞ്ചകൻ' എന്നൊക്കെയാണെന്നും, ഹിന്ദുക്കൾ മേലിൽ തങ്ങളെ 'ഹിന്ദു' എന്നതിനു പകരം 'ആര്യ' എന്നാണു പറയേണ്ടതെന്നും സ്വാമി 'സത്യാർത്ഥപ്രകാശം' എന്ന പുസ്തകത്തിലൂടെ പ്രസ്താവിക്കുകയുണ്ടായി. 1875-ൽ ബനാറസ് സ്റ്റാർ പ്രസ്സിൽ അച്ചടിച്ച സത്യാർത്ഥപ്രകാശം ഹിന്ദി ഒന്നാം പതിപ്പിൽ കാണപ്പെട്ടിരുന്ന ഈ പ്രസ്താവന, പിന്നീടു വന്ന പുതിയ പതിപ്പുകളിൽ നിന്നും ബോധപൂർവ്വം ഒഴിവാക്കപ്പെടുകയും ചെയ്തിരുന്നു. 'സത്യാർത്ഥപ്രകാശ'ത്തിനു മലയാള വിവർത്തനവും ഇറങ്ങിയിട്ടുണ്ട്; അതിലും വിവാദവിധേയമായ ഈ ഖണ്ഡിക കാണാനുണ്ടായിരുന്നില്ല.

സ്വാമിജിയുടെ ഹിന്ദി വാചകം ഇതാണ്; 'മുസൽമാനോം നേ അദാവത്ത് സേ ആര്യോം കാ നാം ഹിന്ദു രഖാ ഹൈ. ഇസ് കേ മാനേ ഹൈ

ദുഷ്ട്, നീച്, ജഹലീ ഓർ ഗുലാം. ഇസ് സേ യഹ് നാം ഭ്രഷ്ട് ഹൈ'.

അടിസ്ഥാനരഹിതവും വിദ്രോഹപരവുമായ ഈ പ്രകോപന പ്രസ്താവന ശ്രദ്ധയിൽപ്പെട്ട ഉടനെ, ഹദ്റത്ത് അഹ്മദ് അതിനെ ഖണ്ഡിച്ചുകൊണ്ട് അമൃത്സരിലെ 'വക്കീലെ ഹിന്ദ്' പത്രത്തിൽ ഒരു വിശദീകരണ ലേഖനം എഴുതി. 'ഹിന്ദു' എന്ന പേർ ഇസ്‌ലാമിന്റെ ആവിർഭാവത്തിനും എത്രയോ മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നതാണെന്ന് വളരെ പഴയ അറബി സാഹിത്യത്തിൽ നിന്നും ഉദ്ധാരണങ്ങൾ സഹിതം അദ്ദേഹം തെളിയിച്ചു.

സ്വാമിജിയാകട്ടെ, ഇതിനും മറുപടി നൽകാതെ മൗനത്തിന്റെ മാളത്തിനുള്ളിൽ ഒളിച്ചു.

ഹദ്റത്ത് അഹ്മദ് (അ) നിരവധി തവണ ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദനെ വിവാദത്തിനു ക്ഷണിച്ചുവെങ്കിലും അദ്ദേഹം ഒരിക്കലും അതിനു തയ്യാറല്ല എന്നതു പ്രസ്താവ്യമാണ്. ഹദ്റത്ത് അഹ്മദ് സ്വാമിജിയുടെ തത്വങ്ങളെ സോയുക്തം ഖണ്ഡിച്ചുകൊണ്ടിരിക്കുകയും, ആര്യസമാജ പണ്ഡിതന്മാർ ഉത്തരം പറയാനാവാതെ കുഴങ്ങുകയും ചെയ്തതിനെത്തുടർന്ന് മിക്ക പത്രങ്ങളിലും തുടരെത്തുടരെ ഇതുസംബന്ധമായി തുറന്ന ചർച്ചകൾ നടന്നുകൊണ്ടിരുന്നു. സ്വാമികൾക്ക് സ്വന്തം മാനം രക്ഷിക്കാൻ രംഗത്ത് ഇറങ്ങാതെ വയ്യെന്നായി. ആര്യസമാജത്തിന്റെ അണികളിൽ തന്നെ അദ്ദേഹത്തിനു മേൽ സമ്മർദ്ദങ്ങളുമുണ്ടായി. തന്നിമിത്തം, ആത്മാക്കളുടെ എണ്ണം പരമേശ്വരനു പോലും അറിഞ്ഞുകൂടാത്തവിധം അപരിമിതമാണെന്നുള്ള തന്റെ ആദ്യവാദത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടും, എന്നാൽ പുനർജ്ജന്മ സിദ്ധാന്തത്തെ ന്യായീകരിച്ചുകൊണ്ടും ഒരു പ്രഖ്യാപനം നടത്താൻ സ്വാമിജി നിർബന്ധിതനായി. യഥാർത്ഥത്തിൽ ഇത് ഹദ്റത്ത് അഹ്മദ് (അ) ന്റെ വ്യക്തമായ വിജയം തന്നെയാണ് വിളംബരം ചെയ്തത്, അല്ലാഹുവിന്റെ വിജയവും.

നിലവിലുള്ള ഓരോ വിവാദരംഗങ്ങളിലൂടെയുള്ള തന്റെ പരാജയം സ്വാമിജിയെ ഒരു വിഷമഘട്ടത്തിലെത്തിച്ചു. ഈ അപമാനത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി പുനർജ്ജന്മത്തെക്കുറിച്ച് ഒരു വാദപ്രതിവാദം നടത്താൻ സ്വാമിജി ഹദ്റത്ത് അഹ്മദി (അ) നെ ആഹ്വാനം ചെയ്തുകൊണ്ട് ഒരു കത്തയച്ചു. ആ മഹാത്മാവകട്ടെ, വെല്ലുവിളി ഉടൻ സ്വീകരിക്കുകയും സ്വാമിജിയെ സംബോധന ചെയ്തുകൊണ്ട്, ലാഹോറിലെ 'ബ്രദറെ ഹിന്ദ്' പത്രത്തിൽ ഒരു തുറന്ന കത്ത് പ്രസിദ്ധീകരിക്കുകയും അതിലൂടെ താൻ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറാണെന്നു അറിയിക്കുകയും ചെയ്തു. സ്വാമിജിയെ മുമ്പു പലതവണ ക്ഷണിച്ചിട്ടും മുമ്പോട്ടു വരാതിരുന്നെങ്കിലും അദ്ദേഹം ഇപ്പോൾ അതിനു സന്നദ്ധനായിക്കാണുന്നതിൽ താൻ അതീവ സന്തുഷ്ടനാണെന്നും ഹദ്റത്ത് അഹ്മദ് അറിയിച്ചു. വാദപ്രതിവാദത്തിന്റെ നിബന്ധനകളും അദ്ദേഹം ഉന്നയിച്ചു. സ്വാമിജിയുടെ ഭാഗത്തുനിന്ന് മുമ്പുണ്ടായതുപോലെ ഇതിനും പ്രതികരണമുണ്ടായില്ലെങ്കിൽ അദ്ദേഹം സ്വയം വമ്പുപറഞ്ഞ് ആര്യസമാജികളെ സമാധാനിപ്പിക്കുക മാത്രമാണു ചെയ്യുന്നതെന്നു ധരിക്കേണ്ടിവരുമെന്നും പ്രസ്തുത കത്തിൽ പ്രസ്താവിച്ചിരുന്നു.

ഓരോ വിവാദവിഷയത്തിലും പരാജയം സംഭവിച്ച്, എന്നാലതു സ്വയം സമ്മതിക്കാതെ മൗനഭാവം കൈ ക്കൊള്ളുന്ന ദയാനന്ദ സ്വാമിയുടെ ഈ രീതി പൊതുവെ വിമർശനവിധേയമാകാൻ തുടങ്ങി.

'ബ്രദറെ ഹിന്ദ്' എന്ന പത്രത്തിന്റെ പത്രാധിപരായിരുന്ന പണ്ഡിറ്റ് ശിവനാരായണനാണ് അദ്ദേഹത്തിന്റെ സ്വന്തം പ്രസിദ്ധീകരണത്തിലൂടെ ആദ്യമായി തന്റെ പ്രതികരണം പരസ്യമായി പ്രകടിപ്പിച്ചത് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:

'വേദങ്ങളെ അടിസ്ഥാനമാക്കി സ്വാമിജി നൽകിയ പാഠമനുസരിച്ച് ജീവാത്മാക്കളുടെ എണ്ണം അനന്തമാണന്നാണ് ആര്യസമാജികൾ ഇതുവരെയും വിശ്വസിച്ചുപോന്നത്. എന്നാൽ ജീവാത്മാക്കൾ അനന്തമാണെന്നും, എന്നാൽ പുനർജന്മം യാഥാർത്ഥ്യമാണെന്നും അദ്ദേഹം പറയാൻ നിർബന്ധിതനായിരിക്കുകയാണെന്നാണ് മിർസാ സാഹിബിന്റെ പ്രസ്താവംകൊണ്ടു വെളിപ്പെട്ടിരിക്കുന്നത്. അതിനാൽ സ്വാമികൾ വേദവിരുദ്ധമായ സംഗതിയാണു പ്രസ്താവിച്ചിട്ടുള്ളതെന്നു സമ്മതിക്കേണ്ടിവരുന്നു. ഇപ്പോൾ പറയുന്നതാണു ശരിയായ വേദതത്വമെന്നാണെങ്കിൽ, വേദങ്ങളിൽ നിന്ന് പരസ്പര വിരുദ്ധങ്ങളായ രണ്ടു തത്വങ്ങൾ എടുത്തുകാണിച്ച് അംഗങ്ങളിൽ തന്നെ ചിന്താക്കുഴപ്പം സൃഷ്ടിച്ച അദ്ദേഹത്തിന്റെ നേതൃത്വം അപകടത്തിലാക്കുന്നുണ്ടെന്നത് തീർച്ചയാണ്.'

പത്രങ്ങളിൽ ഇത്രയൊക്കെ ഒച്ചപ്പാടുകളുണ്ടായിട്ടും സ്വാമിജി യാതൊന്നും പ്രതികരിച്ചില്ല. ഉരിയാടിയുമില്ല. എല്ലാ വാദപ്രതിപാദ രംഗങ്ങളിൽ നിന്നും അദ്ദേഹം തന്ത്രപൂർവ്വം തലയൂരുകയാണു ചെയ്തത്.

ഇതിനിടെ ഒരു ആര്യപണ്ഡിതന്റെ വിചിത്രതരമായ ഒരു പ്രതികരണം സ്വാമിജിയെ ന്യായീകരിച്ചുകൊണ്ടു പുറത്തുവന്നു. അദ്ദേഹം പറഞ്ഞതിങ്ങനെ:

ആര്യസമാജത്തിലെ ആഭ്യന്തര ഭിന്നിപ്പുകൾ കാരണം മിർസാഗുലാം അഹ്മദ് ഖാദിയാനിയ്ക്ക് നല്ല അവസരമാണു കിട്ടിയത്. അദ്ദേഹം അമൃത്സറിലെ 'സഫീറെ ഹിന്ദ്' മുഖേനെ ആര്യസമാജികൾക്കെതിരായി ഒരു ലേഖനപരമ്പര ആരംഭിച്ചു. അതിലൂടെ അദ്ദേഹം സ്വാമി

ദയാനന്ദ മഹാരാജിനെയും വെല്ലുവിളിച്ചു. എന്നാൽ, സ്വാമി അക്കാലത്ത് രാജസ്ഥാൻ പര്യടനത്തിലായിരുന്നു. അതിനാൽ അദ്ദേഹം ബുക്താർ സിംഗ്, മുൻഷി ഇന്ദ്രമാൻ മുറാദാബാദി എന്നിവരോട് പ്രസ്തുത ആഹ്വാനം സ്വീകരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഖേദകരമെന്നു പറയട്ടെ, സ്വാമിജി ചില കാരണങ്ങളാൽ ശ്രീ. ഇന്ദ്രമനെ ആര്യസമാജത്തിൽ നിന്നും പുറത്താക്കിയതു കാരണം വാദപ്രതിവാദം നടന്നില്ല.

ഇതൊക്കെയാണെങ്കിലും സ്വാമി ദയാനന്ദന് അത്ര പെട്ടെന്ന് വിഷയങ്ങളിൽ നിന്ന് തലയൂരി രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. രജപുത്താനാ സ്റ്റേറ്റുകളിൽ സ്വാമിജി പ്രസംഗങ്ങൾ ചെയ്തുകൊണ്ടിരിക്കെ, 1883ൽ ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തിനു ഒരു രജിസ്റ്റർ കത്തയക്കുകയും സ്വാമി ആഗ്രഹിക്കുന്ന രീതിയിൽ തന്നെ ഇസ്‌ലാമിന്റെ സത്യവും മഹത്വവും തെളിയിക്കാൻ താൻ തയ്യാറാണെന്നറിയിക്കുകയും ചെയ്തു. ഒപ്പം ദൈവികമായ ദൃഷ്ടാന്തങ്ങൾ കാണിക്കാൻ താൻ ഒരുക്കമാണെന്നും കത്തിലൂടെ അറിയിച്ചു. അതിനും സ്വാമിജിയിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല.

സ്വാമി ദയാനന്ദ സരസ്വതിയുടെ ദേഹവിയോഗം അടുത്തിരിക്കുന്നുവെന്നറിയിച്ചുകൊണ്ട് 1883-ൽ ഹദ്റത്ത് അഹ്മദി (അ)ന് ഒരു വെളിപാടുണ്ടായി. ദയാനന്ദ സരസ്വതി മരിച്ചുകഴിഞ്ഞതായിട്ടാണ് ദിവ്യദർശനത്തിൽ ഹദ്റത്ത് അഹ്മദ് (അ) കണ്ടത്. ഇങ്ങനെയൊരു ദർശനത്തിന്റെ വിവരം ഹുസൂർ ഖാദിയാനിലെ ശരംപത്ത് റായ് തുടങ്ങിയ പല പ്രമുഖ ആര്യനേതാക്കളോടും പറയുകയും ചെയ്തിരുന്നു.

അടുത്തമാസം തന്നെ സ്വാമിജി അജ്മീരിൽ വെച്ച് മരണമടഞ്ഞു.

അമൃത്സരിലെ ഒരു പ്രസിദ്ധ ആര്യസമാജപ്രവർത്തകനായിരുന്ന പണ്ഡിറ്റ് കടക് സിംഗ് 1878-ൽ ഖാദിയാൻ സന്ദർശിക്കുകയും ഹദ്റത്ത് അഹ്മദുമായി ഒരു വിവാദം നടത്താൻ ആഗ്രിക്കുന്നുവെന്നറിയിക്കുകയും ചെയ്തു.

'വേദങ്ങളും ഖുർആനും' 'പുനർജന്മം' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഈ വിവാദരംഗത്തുവച്ച്, ഹദ്റത്ത് അഹ്മദ് (അ) വായിച്ച ഉപന്യാസത്തിൽ വിശുദ്ധഖുർആന്റെ മഹത്വം തെളിയിക്കുന്നതിന് ഖുർആനിൽ നിന്നും 17 ഉദ്ധരണികൾ എടുത്തുകാട്ടുകയുണ്ടായി. ഈ വിവാദത്തിൽ പൂർണ്ണമായും പരാജയം ഏറ്റുവാങ്ങിയ കടക് സിംഗ് ഒടുവിൽ ആര്യസമാജത്തിൽ തന്നെ വിശ്വാസം നശിച്ച് ക്രിസ്തുമതം സ്വീകരിക്കുകയാണു ചെയ്തത്.

ഖാദിയാനിൽ നിന്നും മടങ്ങിയ അദ്ദേഹം വേദങ്ങളോടു വിടപറഞ്ഞു കഴിഞ്ഞിരുന്നു. ഹദ്റത്ത് അഹ്മദി (അ) നെ നേരിടാനായി ഖാദിയാനിലെ ആര്യസമാജ പ്രവർത്തകർ ആശ്രയിച്ചിരുന്ന ഊർജ്ജസ്വലനും മഹാപണ്ഡിതനുമായ ഈ ആര്യനേതാവ്, ഒടുവിൽ അതിന്റെ ഒരു എതിരാളിയായിത്തിരിഞ്ഞത് ഹദ്റത്ത് അഹ്മദി (അ) ന്റെ ഐന്ദ്രജാലികമായ തൂലികാവിലാസത്തിന്റെ ഒരു പ്രോജ്ജ്വല ദൃഷ്ടാന്തമായിരുന്നു.

ഒരു വർഷത്തിനുശേഷം 1879ൽ ബ്രഹ്മസമാജം നേതാവും പ്രസിദ്ധ പത്രപ്രവർത്തകനുമായിരുന്ന പണ്ഡിറ്റ് ശിവനാരായണൻ അഗ്നിഹോത്രിയുമായും 'ദിവ്യവെളിപാടുകൾ' എന്ന വിഷയത്തെപ്പറ്റി ഒരു വിവാദം നടക്കുകയുണ്ടായി. ബ്രഹ്മസാജികളും വാചികവെളിപാടുകളിൽ വിശ്വസിക്കുന്നവരല്ല. എന്നാൽ വിവാദരംഗത്തു വച്ചുതന്നെ പരാജയം ഏറ്റുവാങ്ങിയ അഗ്നിഹോത്രിക്കും പണ്ഡിറ്റ് കടകിന്റെ അനുഭവം തന്നെയാണുണ്ടായത്, അയാളും ബ്രഹ്മസമാജം ഉപേക്ഷിച്ചു.

എന്നാൽ മറ്റൊരു വിചിത്ര 'അവതാര' രൂപത്തിലാണ് അഗ്നിഹോത്രി വീണ്ടും പ്രത്യക്ഷപ്പെട്ടത്. വെളിപാടുകളെ പാടെ നിഷേധിച്ച അയാൾ, ഇപ്പോൾ തനിക്കും വെളിപാടുകളുണ്ടാകാറുണ്ടെന്നു വാദിച്ചു തുടങ്ങി. പിന്നീടാ മനുഷ്യൻ ബ്രഹ്മസമാജത്തിനു പകരം മറ്റൊരു പുതിയ സംഘടനയ്ക്ക് രൂപം കൊടുത്തു. അതിന്റെ പേര് ദേവസമാജം എന്നായിരുന്നു. സമാജങ്ങളുടെ ഒരു നിരതന്നെ രൂപം കൊണ്ടു കിടന്നിരുന്നു, ഇതിനകം, ആര്യസമാജം - ബ്രഹ്മസമാജം ഏറ്റവും ഒടുവിൽ ദേവസമാജം.

പണ്ഡിറ്റ് ശിവനാരായണൻ അഗ്നിഹോത്രിയുടെ ഈ പുറപ്പാടു ശരിയോ തെറ്റോ എന്നതല്ല ഇവിടെ പ്രശ്നം, ഹദ്റത്ത് അഹ്മദി (അ) ന്റെ എതിരാളികളിലുണ്ടായ വിചാരവിപ്ലവമാണ് ശ്രദ്ധേയമായ വസ്തുത. വീറോടെ പൊരുതാൻ പുറപ്പെട്ടവർ ലജ്ജിതരായി പിൻവാങ്ങുകയും ഏതൊന്നിനെ തകർക്കാൻ തങ്ങൾ കച്ചകെട്ടിയോ അതിനനുകൂലമായി വാദിക്കാൻ ഇടവരുന്ന അവസ്ഥയിലെത്തിച്ചേരുകയും ചെയ്തു എന്നത് എത്ര അത്ഭുതകരമായിരിക്കുന്നു. എന്നാൽ, ഇതെല്ലാം തന്നെ ഭാവിയിൽ വരാനിരിക്കുന്ന അതിവിസ്മയനീയമായ ആത്മീയ സമരങ്ങളുടെ മുന്നോടി മാത്രമായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ) ആര്യസമാജക്കാരുടേയും ക്രിസ്ത്യാനികളുടേയും ആക്ഷേപങ്ങൾക്ക് തക്ക മറുപടി നൽകുകയും ഇസ്‌ലാമിന്റെ ശ്രേഷ്ഠത തെളിയിച്ചു കാട്ടുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ആ രണ്ടുകൂട്ടരും അദ്ദേഹത്തിന്റെ കഠിനശത്രുക്കളായി മാറി. അവരിൽ ചിലർ അദ്ദേഹത്തിനെതിരെ ചില കുടിലതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു.

അങ്ങനെയാണ് തികച്ചും നിർഭാഗ്യകരമായ ആ സംഭവം ഉണ്ടായത്.

അത് 1877 ലാണ്. ഹദ്റത്ത് അഹ്മദ് (അ) 'വക്കീൽ' എന്ന പത്രത്തിന് ഒരു ലേഖനം അയച്ചു. ലേഖനം ബുക്ക് പോസ്റ്റ് നിരക്കിൽ സ്റ്റാമ്പു പതിച്ചാണ് അയച്ചത്. എന്നാൽ, ലേഖനത്തോടൊപ്പം അതു സംബന്ധിച്ചുള്ള ചില നിർദ്ദേശങ്ങളടങ്ങിയ ഒരു കത്തും അദ്ദേഹം അടക്കം ചെയ്യുകയുണ്ടായി. ബുക്ക് പോസ്റ്റിനുള്ളിൽ ഇങ്ങനെയൊരു കത്തവച്ചയക്കുന്നത് പോസ്റ്റാഫീസ് ചട്ടങ്ങൾക്കെതിരാണ്. എന്നാൽ ഇത് നിയമവിരുദ്ധമാണെന്നറിയാതെയാണ് ആ മഹാത്മാവ് അങ്ങനെ ചെയ്തത്. ബ്രിട്ടീഷ് ഭരണകാലമാണ്; ചെറിയ കുറ്റങ്ങൾക്കുപോലും ഗവൺമെന്റ് കടുത്ത ശിക്ഷകൾ നടപ്പാക്കിത്തുടങ്ങിയിരുന്നു. ഇത്തരം പോസ്റ്റൽ കുറ്റങ്ങൾക്കുള്ള കുറഞ്ഞ ശിക്ഷ 500 രൂപ പിഴയോ, 6 മാസം തടവോ ആയിരുന്നു.

'വക്കിൽ' പത്രം അച്ചടിച്ചിരുന്നത് റലിയാറാം എന്നു പേരുള്ള ഒരു ക്രിസ്തീയ പ്രവർത്തകന്റെ ഉടമസ്ഥതയിലുള്ള പ്രസ്സലായിരുന്നു. ഒരു വക്കീൽ കൂടിയായ അയാൾ ഒരു കടുത്ത മതഭ്രാന്തനും, മുസ്ലിംകളുടെ ശത്രുവുമായിരുന്നു. ഈ പോസ്റ്റൽ സംഭവം ഹദ്റത്ത് അഹ്മദിനെ കുടുക്കുവാനുള്ള ഒരു സുവർണ്ണാവസരമായി അയാൾ കരുതി. ഇതൊരു നിയമലംഘന പ്രശ്നമാക്കി അവതരിപ്പിച്ച്, ഇക്കാര്യം അയാൾ തപാൽ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പോസ്റ്റൽ അധികൃതർ ഹദ്റത്ത് അഹ്മദിന്റെ പേരിൽ കേസ് ചാർജ് ചെയ്യുകയും സമാധാനം ബോധിപ്പിക്കുന്നതിന് അധികൃതരുടെ മുമ്പാകെ ഹാജരാവാൻ ഉത്തരവിടുകയും ചെയ്തു.

ഈ വിഷയത്തിൽ നിയമോപദേശം തേടിക്കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഗുരുദാസ്പൂരിലെ ചില വക്കീലൻമാരെ സമീപിച്ചു. ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ യാതൊരു പോംവഴിയുമില്ലെന്ന് അവർ അറിയിച്ചു. എന്നാൽ, രക്ഷപ്പെടാൻ ഒരു മാർഗ്ഗമുണ്ടുതാനും; കത്ത് ലേഖനത്തോടൊപ്പം വച്ചിരുന്നുവെന്നു തെളിയിക്കാൻ സാധ്യമല്ലാത്തതിനാൽ, അങ്ങനെ അടക്കം ചെയ്തിട്ടില്ലെന്നു നിഷേധിച്ചു പറയുന്ന പക്ഷം കേസിൽ ജയിക്കാമെന്നും, ശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്നും വക്കീലന്മാർ ഉപദേശിച്ചു. കോടതിക്ക് വേണ്ടത് തെളിവാണല്ലോ.

എന്നാൽ ഹദ്റത്ത് അഹ്മദ് (അ) ഒരിക്കലും അതിനു തയ്യാറായില്ല. സത്യത്തിന്റെ പാതയിൽ നിന്നും അണുവിടപോലും വ്യതിചലിക്കാൻ തനിക്കാവില്ലെന്നാണു ആ മഹാത്മാവ് അറിയിച്ചത്. അദ്ദേഹം കത്ത് അടക്കം ചെയ്ത വിഷയം നിഷേധിക്കുകയില്ല എന്ന വിശ്വാസമാണ് റലിയാ റാമിനെ കേസ് കൊടുക്കാൻ ധൈര്യപ്പെടുത്തിയത്. കുറ്റകരമാണെന്നു അറിയാതെയാണെങ്കിൽപോലും താൻ കത്ത് അടക്കം ചെയ്തത് ഒരു യാഥാർത്ഥ്യമായിരിക്കേ, അതെങ്ങനെ നിഷേധിക്കും? കേസ് ജയിക്കാൻ വേണ്ടിമാത്രം എന്തിനു കള്ളം പറയണം? എന്തുവില കൊടുക്കേണ്ടി വന്നാലും, ഏതു ശിക്ഷ ഏറ്റെടുക്കേണ്ടിവന്നാലും സത്യം ബലികഴിക്കാൻ ആ പുണ്യാത്മാവിനു കഴിയുമായിരുന്നില്ല.

അദ്ദേഹത്തിനു നിയമോപദേ ശം നൽകിയ അഡ്വക്കേറ്റിന്റെ പേര് അഹ്മദ് എന്നായിരുന്നു. തനിക്കീ കേസ് വാദിക്കാനാവില്ല എന്നു പറ ഞ്ഞ് അദ്ദേഹം കൈയൊഴിയുകയും ചെയ്തു.

മിർസാ ഗുലാം അഹ്മദ് (അ) ഒരു ഭീരുവായിരുന്നില്ല. ധർമ്മധീരനായ ആ മഹാത്മാവ് നേരിട്ട് കേസ്സ് വാദിക്കാനുള്ള ഒരുക്കത്തോടെ തന്നെ ഗുരുദാസ്പൂർ കോടതിയിൽ ഇംഗ്ലീഷുകാരനായ ന്യായാധിപനു മുമ്പിൽ ഹാജരായി.

തപാൽ ഉരുപ്പടി തന്റേതുതന്നെയെന്നും പായ്ക്കറ്റിൽ ഒപ്പം കത്ത് അടക്കം ചെയ്തത് സത്യമാണെന്നും ഹദ്റത്ത് അഹ്മദ് (അ) കോടതിയിൽ ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ഈ സത്യവാങ്ങ് പ്രസ്താവന കേട്ടു കോടതിയിലുണ്ടായിരുന്ന മറ്റു വക്കീലന്മാർ ഹാസ്യഭാവത്തിൽ ചിരിച്ചു. സത്യം പറഞ്ഞും പറയിച്ചും ശീലമില്ലാത്ത ആ വക്കീലന്മാർക്ക് ഉറപ്പായിക്കഴിഞ്ഞിരുന്നു ഹദ്റത്ത് അഹ്മദി(അ) നു ഉടൻ തന്നെ ശിക്ഷ ലഭിക്കുമെന്ന്.

ഹദ്റത്ത് അഹ്മദ് (അ) കോടതിയിൽ തന്റെ മൊഴി തുടർന്നു. കത്ത് അടക്കം ചെയ്തുവെങ്കിലും ഗവൺമെന്റിനോ ഡിപ്പാർട്ട്മെന്റിനോ എന്തെങ്കിലും നഷ്ടം വരുത്തണമെന്ന യാതൊരു ദുരുദ്ദേശവും തനിക്കുണ്ടായിരുന്നില്ല. മാത്രമല്ല, കത്തിലെ ഉള്ളടക്കം ലേഖനത്തെ സംബന്ധിച്ച ഒരു നിർദ്ദേശം മാത്രമാകയാൽ അതു ലേഖനത്തിൽ നിന്നും ഭിന്നമല്ലെന്നുമാണ് താൻ കരുതിയത്, അദ്ദേഹം തന്റെ മൊഴിയിൽ പറഞ്ഞു.

അന്ന് കോടതിയിൽ അരങ്ങേറിയ നാടകീയമായ സംഭവരംഗങ്ങളെപ്പറ്റി 'റൂഹാനീഖസായിന്റ' എന്ന തന്റെ പുസ്തകത്തിലൂടെ ഹദ്റത്ത് അഹ്മദ്(അ) തന്നെ നല്കിയ വിവരണം സ്വന്തം വാക്കുകളിൽ കേൾക്കാം.

"എന്റെയീ വാക്കുകൾ കേട്ടമാത്രയിൽ ആ ഇംഗ്ലീഷുകാരനായ ന്യായാധിപന്റെ ഹൃദയത്തിൽ അല്ലാഹു എന്റെ നേരെ അലിവുണ്ടാക്കി. എനിക്കെതിരിൽ തപാലുദ്യോഗസ്ഥൻ വളരെ ഒച്ചപ്പാടുകൾ ഉണ്ടാക്കുകയും ഇംഗ്ലീഷിൽ വാ ചാലമായി പ്രസംഗിക്കുകയും ചെയ്തു. അതൊന്നും എനിക്കു മനസ്സിലായുമില്ല. എന്നാൽ, ആ തപാൽ ഉദ്യോഗസ്ഥന്റെ ഓരോ വാദത്തിനുശേ

ഷവും ന്യായാധിപൻ 'നോ, നോ....'എന്നു പറഞ്ഞുകൊണ്ടു അവയെല്ലാം നിഷേധിക്കുന്നതു മാത്രം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ഒടുവിൽ, ആ പോസ്റ്റൽ ഉദ്യോഗസ്ഥൻ തന്റെ വാദങ്ങളൊക്കെ കുറേക്കൂടി ശക്തമായി ഉന്നയിക്കുകയും തന്റെ ആവനാഴിയിലെ അവസാനത്തെ അസ്ത്രവും എനിക്കെതിരെ പ്രയോഗിക്കുകയും ചെ യ്തു."

"ന്യായാധിപൻ വിധിയെഴുതാൻ തുടങ്ങി...." ഹദ്റത്ത് അഹ്മദ് (അ) തുടരുന്നു.

"ഒന്നോ രണ്ടോ വരി എഴുതിക്കഴിഞ്ഞതിനുശേഷം അദ്ദേഹം മുഖമുയർത്തി എന്റെ നേർക്കു നോക്കി പറഞ്ഞു ശരി, ഞാൻ അങ്ങയെ വെറുതെ വിട്ടിരിക്കുന്നു.

"ഞാൻ കോടതി മുറിയിൽ നിന്നും മെല്ലെ പുറത്തുവന്നു. കരുണാമൂർത്തിയായ ദൈവത്തിനു ഞാൻ നന്ദി പറഞ്ഞു. അവൻ തപാൽ ഉദ്യോഗസ്ഥനെതിരിൽ, ആ ഇംഗ്ലീഷ് ന്യായാധിപനിലൂടെ എനിക്കു വിജയം നൽകി. സത്യസന്ധതയുടെ അനുഗ്രഹത്താലാണ് അല്ലാഹു ആ ആപത്തിൽ നിന്നുള്ള ഈ മോചനം സാധ്യമാക്കിയതെന്നു എനിക്ക് ഉറച്ച വിശ്വാസവുമായി...."

(തുടരും)

■

അടുത്ത ലക്കത്തിൽ

**'ഹദ്റത്ത് അഹ്മദി(അ)ന്റെ ചില യാത്രാനുഭവങ്ങൾ'**

---

***(23-ൽ നിന്ന് തുടർച്ച)***

*കുറഞ്ഞ ഒരു കാലഘട്ടത്തിൽ അവരിൽ അതിമഹത്തായൊരു പരിവർത്തനം സംജാതമായി. പിന്നീടവർ സംസ്ക്കാര സമ്പന്നരായ മനുഷ്യരായി. അതിനുശേഷം അവർ ദൈവിക മനുഷ്യരായി ഉയരുകയും ചെയ്തു. അവസാനം ദൈവസ്നേഹത്തിൽ സ്വയം വിസ്മൃതരായിക്കൊണ്ട് എല്ലാ ദുഃഖങ്ങളേയും അവർ സസന്തോഷം സഹിക്കുന്നവരായി മാറി..... "* (പൈഗാമെ സുൽഹ്)

*"അറേബ്യൻ മലരണ്യത്തിൽ ഒരത്ഭുത പ്രതിഭാസം സംഭവിച്ചു. ലക്ഷക്കണക്കിലുള്ള മൃതന്മാർ ഏതാനും ദിവസങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറകളായി വഴിപിഴച്ചു പോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്തു. കുരുടന്മാർ കാണുവാൻ തുടങ്ങി. ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിച്ചു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ മഹാത്ഭുതമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ? ഇതെല്ലാം അന്ധകാര നിബിഢമായ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാൾ ഉയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു. ആ പ്രാർത്ഥനകൾ ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യിൽ തികച്ചും അസാദ്ധ്യവും അസംഭവ്യവുമായ മഹാത്ഭുതങ്ങൾ വെളിപ്പെടുമാറായി" (ബറക്കാത്തുദ്ദുആ)*

**ജീവൽ പ്രവാചകൻ**

ജീവൽ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനി. ഇന്നും അവിടുത്തെ മാതൃകയെ അനുസരിക്കുന്നതിലൂടെ ആത്മീയ ജീവൻ കൈവരുന്നു. ജീവൻ പ്രദാനം ചെയ്യുന്ന അദ്ധ്യാപനങ്ങൾ ആ മഹാത്മാവ് ലോകസമക്ഷം സമർപ്പിച്ചു. ഇതര മതാദ്ധ്യപനങ്ങളൊന്നും അതനുസരിച്ച് നടക്കുന്നവർക്ക് ദൈവികാനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്നു അവകാശപ്പെടുന്നില്ല. എന്നാൽ നബി (സ) തിരുമേനി കൊണ്ടുവന്ന അദ്ധ്യാപനങ്ങളുടെ ഫലങ്ങളും അനുഗ്രഹങ്ങളും എല്ലാ കാലത്തും ലഭിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്. *"വിശ്വസിച്ചവരേ, അല്ലാഹുവിനും (അവന്റെ) ദൂതനും - നിങ്ങൾക്ക് ജീവൻ നല്കുന്നതിലേക്ക് - അദ്ദേഹം നിങ്ങളെ വിളിച്ചാൽ - ഉത്തരം നല്ക്കുക.* (8:25) ചുരുക്കത്തിൽ ആത്മീയമായ സജീവത ലഭിക്കുന്ന ഒരു മാർഗത്തിലേക്കാണ് നബി (സ) തിരുമേനി മനുഷ്യരെ ക്ഷണിച്ചിരിക്കുന്നുത്. തന്നിമിത്തം മുഹമ്മദ് മുസ്തഫാ (സ)യുടെ അനുസാരികളാണെന്നവാദം തിരിച്ചറിയുന്നതിനുള്ള മാനദണ്ഡം അവരുടെ ആത്മീയ ചൈതന്യമായിത്തീരുന്നു. ■

---

***(21-ൽ നിന്ന് തുടർച്ച)***

അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുക എന്നതുമാത്രമാണ്. ഇതുമുഖേന ദൈവത്തിന്റെ സ്വന്തം ആൾക്കാർ ലോകത്തൊരു വിപ്ലവം കൊണ്ടുവരേണ്ടതാണ്.

അല്ലാഹുതആല എല്ലാ അഹ്മദികൾക്കും ദൃഢമായ വിശ്വാസത്തോടുകൂടി ഈ മനോഹരമായ യാഥാർത്ഥ്യം ലോകത്തുള്ള ഓരോ വ്യക്തിക്കും എത്തിച്ചുകൊടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വസ്സലാം വിനീതൻ

**മിർസാ മസ്റൂർ അഹ്മദ്**

**(വിവ: മുഹമ്മദ് ഇസ്മായീൽ)**

■

ലേഖനം

അബ്ദുറഹ്മാൻ, കൊടിയത്തൂർ

# അല്ലാഹു വാഗ്ദാനം ചെയ്തത് മുജാഹിദുകൾക്കില്ലാതാക്കാനാവുമോ?

**മഹ്ദിയുടെ ആഗമനത്തെപ്പറ്റി വിശുദ്ധ ഖുർആനിൽ തന്നെ വ്യക്തമായ സൂചനകളുണ്ട്. അല്ലാഹുവിന്റെ ഈ നിശ്ചയത്തെ മുജാഹിദുകൾ നിഷേധിച്ചിട്ടെന്ത് കാര്യം?**

തൗഹീദിന്റെ പ്രചാരകരെന്നും, നവോത്ഥാന നായകരെന്നും അവകാശപ്പെട്ടുകൊണ്ട് കേരളക്കരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മുജാഹിദ് പ്രസ്ഥാനം ജുഗുപ്സാവഹമായ പരസ്പരാരോപണങ്ങൾക്കും സംഘടനാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങൾക്കുമൊടുവിൽ നെടുകെ പിളർന്നിരിക്കുകയാണ്. മുജാഹിദ് പ്രസ്ഥാനത്തിലെ പിളർപ്പിന് കാരണം പണമാണെന്ന് പറഞ്ഞുകൊണ്ട് ഒരു വിഭാഗത്തിന്റെ നേതാവ് തന്നെ പത്രത്തിന്ന് ഇന്റർവ്യൂ നൽകുകയുണ്ടായി. സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും, തങ്ങളുടെ പിളർപ്പിന് ചില ദാർശനിക മാനങ്ങൾ കൂടി ഉണ്ടെന്ന് മാലോകരെ ബോധ്യം വരുത്താൻ ഇരുകൂട്ടരും വൃഥാശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. അതിന്റെ ഭാഗമാണ്; അവരുടെ ഇടയിൽ നടന്നുവരുന്ന ആദർശവ്യതിയാനാരോപണങ്ങളും, ജിന്ന്, സിഹ്റ്, അടിച്ചിറക്കൽ, ക്ലിപ്പിംഗ് കലാപരിപാടികളും. ഉൽബുദ്ധസമൂഹത്തിൽ അറപ്പുളവാക്കുന്ന പ്രസ്തുത പരിപാടികളെ സംബന്ധിച്ച് വിവരിക്കുവാൻ വേണ്ടിയല്ല ഈ വരികൾ എഴുതുന്നത്. പ്രതിയോഗികളെ തറപറ്റിക്കാൻ എന്തുവിഷയവും എടുത്തുപയോഗിക്കുക എന്ന നയത്തിന്റെ ഭാഗമായാണ് 2007 നവംബർ 2ന്റെ ശബാബ് വാരികയിൽ എ. അബ്ദുസ്സലാം സുല്ലമി മഹ്ദി ഇമാമിന്റെ ആഗമനത്തെ നിഷേധിക്കുന്ന ലേഖനപരമ്പരയെന്നാണ് മനസ്സിലാവുന്നത്. മഹ്ദിയുടെ ആഗമനത്തെ സ്ഥാപിച്ചുകൊണ്ട് ഏ.പി. വിഭാഗം മുജാഹിദുകളുടെ 'അൽമനാർ' മാസികയിൽ എഴുതിയ ലേഖനത്തെ വിമർശിച്ചുകൊണ്ട് വിശുദ്ധ ഖുർആനിലുള്ള അജ്ഞതയാണ് ശബാബ് ലേഖകൻ വ്യക്തമാക്കുന്നത്. തന്റെ വികലവാദങ്ങൾക്ക് പിൻബലമേകാൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഗ്രന്ഥമായ 'സന്മാർഗ്ഗദർശിനി'യെ തെറ്റായ നിലയിൽ ഉപയോഗിക്കുന്നുണ്ട് സുല്ലമി അവർകൾ. മഹ്ദിയെ സംബന്ധിക്കുന്ന ഹദീസുകൾ എല്ലാം ഒരേ പോലെ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നും, എന്നാൽ മഹ്ദി, എന്നും, മസീഹ് എന്നും വിവരിക്കപ്പെട്ടിട്ടുള്ളത് തിരുനബി(സ)യുടെ ഉമ്മത്തിൽ ആഗതനാവുന്ന ഒരു മഹാത്മാവിനെ സംബന്ധിച്ചാണെന്നും, അങ്ങനെയുള്ള ഒരു വ്യക്തിയുടെ ആഗമനം സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാര്യവും, ഉജ്ജ്വലരേഖകളാൽ സ്ഥാപിക്കുന്ന 'സന്മാർഗ്ഗദർശിനി'യിൽ നിന്നാണ് മൗലവി തന്റെ നിഷേധത്തിന് 'തെളിവ്' കണ്ടെത്തുന്നത്. ഗ്രൂപ്പ് വൈരം തലയ്ക്ക് പിടിച്ച് 'വെളിവ്' നഷ്ടപ്പെടുവാൻ ഇടയാക്കരുതെന്ന് മൗലവിയെ സൗമ്യമായി ഉണർത്തുകയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന 'സുന്നി' വിശ്വാസികൾ ഒന്നടങ്കം ഇന്ന് നബി (അ)യുടെ കാലഘട്ടത്തിലെ ജനങ്ങളെക്കാൾ മുഴുത്ത മുശ്രിക്കുകളാണെന്ന് ഉൽഘോഷിച്ചുകൊണ്ടിരുന്നവരാണ് ഇരുവിഭാഗം മുജാഹിദുകളും. ജമാഅത്തുകാരാണെങ്കിൽ റബ്ബ്, ഇലാഹ്, ഇബാദത്ത് തുടങ്ങിയ ഇസ്ലാമിലെ അടിസ്ഥാന സാങ്കേതിക സംജ്ഞകളുടെ കാര്യത്തിൽ തന്നെ പിഴച്ചുപോയവരാണെന്ന് മുജാഹിദ് മുഫ്തിമാർ വിധിച്ചുകഴിഞ്ഞതുമാണ്. ഇപ്പോൾ തങ്ങളിൽ തന്നെയുള്ള ഭൂരിപക്ഷം പണ്ഡിതന്മാരും, അവർ നയിക്കുന്ന കെ.എൻ.എം. മുജാഹിദുകളൊന്നടങ്കം നവയാഥാസ്ഥികരും, തക്ലീദ് വാദികളുമായി അധഃപതിച്ചിരിക്കുന്നുവെന്ന് സുല്ലമിയും, മടവൂർ ഗ്രൂപ്പും ആരോപിച്ചുകൊ

ണ്ടിരിക്കുകയുമാണ്. 'കേരള ജംഇയ്യത്തുൽ ഉലമ'യിലെ പണ്ഡിതകേസരികളുടെ 'കേളി'കൾ വിവരിക്കുന്ന 'നീലപുസ്തകം' പ്രസിദ്ധീകരിച്ചതും ഇക്കൂട്ടരാണ് പോൽ!! സമുദായവും, അതിന് നേതൃത്വം നൽകുന്ന പണ്ഡിതരും എത്തിനിൽക്കുന്ന ഈ ദശാസന്ധിയിൽ മുസ്‌ലിം ഉമ്മത്തിന് പ്രതീക്ഷ നൽകുന്ന ഏകമാർഗ്ഗം അല്ലാഹുവിൽ നിന്നുള്ള സഹായഹസ്തമാണ്. ആ ഒരു പ്രതീക്ഷയും തല്ലിക്കെടുത്തുവാനാണ് 'ശബാബ്' വാരികയും ലേഖകനും മഹ്ദി നിഷേധത്തിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈസബ്നു മറിയമിന്റെആഗമനം സംബന്ധിച്ച ഹദീസുകളും സംശയഗ്രസ്തമാണെന്ന് വരുത്താനുള്ള ശ്രമവും ഇക്കൂട്ടർ തുടങ്ങിയതായി മനസ്സിലാക്കേണ്ടിയിരിക്കുന്നു (ഇസ്‌ലാം വാല്യം 5 യുവത പ്രസിദ്ധീകരണം, 'അഹ്മദിയ്യ' എന്ന അധ്യായം നോക്കുക).

മഹ്ദിയുടെ ആഗമനം സംബന്ധിച്ച ഹദീസുകൾ ദുർബലമെന്ന് പറയുന്നവർ വിശുദ്ധ ഖുർആനിൽ ചിന്തിച്ചിരുന്നുവെങ്കിൽ കാര്യം വ്യക്തമാകുമായിരുന്നു. മഹ്ദീ എന്നും മഹ്ദി ഇമാം എന്നും പ്രവാചകന്മാരെ സംബന്ധിച്ച് ഖുർആൻ വിശേഷിപ്പിച്ചതായി കാണാം. ആദം ജന്നത്തിൽ നിന്ന് ബഹിഷ്കൃതനായ സംഭവം വിവരിക്കുന്നത് കാണുക: *"നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകൂ. (ഓർക്കുക) പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എന്നിൽനിന്നുള്ള മാർഗദർശനം (ഹിദായത്ത്) വരികയാണെങ്കിൽ അപ്പോൾ ആർ എന്റെ മാർഗ്ഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടാകുന്നതല്ല; അവർ വ്യസനിക്കുന്നതുമല്ല.* (2:39) ഇവിടെ പ്രവാചകത്വത്തിന്റെ ആഗമനത്തെ സംബന്ധിച്ച് ഹിദായത്ത് (മാർഗ്ഗദർശനം) എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. സൂറ: അൻആമിൽ നൂഹ് (അ) ഇബ്രാഹിം (അ), മൂസ (അ) ഈ സാ (അ) തുടങ്ങിയ 20 ഓളം പ്രവാചകന്മാരെ പരാമർശിച്ചുകൊണ്ട്, ഇവർക്കെല്ലാവക്കും ഹിദായത്ത് (മാർ ഗ്ഗദർശനം) നൽകി എന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. (6: 84-88).

മേൽവചനങ്ങളിൽ തിരുനബിക്ക് മുമ്പ് വന്ന പ്രവാചകന്മാരെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവരെല്ലാം മഹ്ദികളാണെന്ന് (അല്ലാഹുവിൽ നിന്ന് മാർഗ്ഗദർശനം സിദ്ധിച്ചവർ) വ്യക്തമാക്കിയശേഷം അത്തരം മഹാത്മാക്കളെ തുടർന്നും നിയോഗിക്കുമെന്നും ഖുർആൻ വ്യക്തമാക്കുന്നു. *"ഇത് അല്ലാഹുവിന്റെ മാർഗ്ഗദർശനമാണ്. തന്റെ ദാസരിൽ നിന്ന് അവൻ താൻ ഇച്ഛിക്കുന്നവരെ അതുമൂലം മാർഗ്ഗദർശനം ചെയ്യുന്നു:* (6:89) ഇബ്രാഹിം നബിയേയും അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ വന്ന പ്രവാചകന്മാരേയും സൂറ: ബഖറ: 125ാം വചനത്തിൽ അല്ലാഹു ഇമാമുകളായി വിശേഷിപ്പിച്ചതായി കാണാം. അവർ മഹ്ദി ഇമാമുകളായിരുന്നുവെന്ന് മറ്റൊരു സൂക്തം വ്യക്തമാക്കുന്നു. *"നാം അവരെ നമ്മുടെ കല്പനയനുസരിച്ച് ഹിദായത്തു നൽകുന്ന ഇമാമുകളാക്കി"* (21:74) ഇത്രയും വിശദീകരിച്ചതിന്റെ ഉദ്ദേശ്യം മഹ്ദിയുടെ അസ്തിത്വം തെളിയിക്കുവാൻ അഹ്മദികളെ സംബന്ധിച്ചിടത്തോളം ഹദീസ് ഗ്രന്ഥങ്ങളുടെ താളുകൾ പരതി കണ്ണ് മഞ്ഞളിക്കേണ്ട ആവശ്യമില്ല; വിശുദ്ധ ഖുർആനിൽ നിന്ന് തന്നെ വ്യക്തമാകുന്ന ഒരു യാഥാർത്ഥ്യമാണ് അക്കാര്യമെന്ന് മുജാഹിദ് സുഹൃത്തുക്കളെ ഉണർത്തുകയാണ്.

അതുപോലെ വരുവാനുള്ള ഈസബ്നുമറിയമും, ഇമാം മഹ്ദിയും ഒരു വ്യക്തിയാണെന്ന കാര്യവും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. തിരുനബി(സ) അരുൾ ചെയ്യുന്നു : *"നിങ്ങൾക്ക് നിങ്ങളുടെ ഇമാമായി നിങ്ങളിൽ നിന്ന് ഇബ്നുമറിയം ആഗതനാകുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും?" (ബുഖാരി, മുസ്‌ലിം)* വീണ്ടും പറയുന്നു: *"ഈസയല്ലാതെ മഹ്ദിയില്ല" (ഇബ്നു മാജ) "നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഈസബ്നുമറിയമിനെ മഹ്ദി ഇമാമും നീതിമാനായ വിധികർത്താവുമായി കാണുമാറാകും" (മുസ്നദ് അ്ഹ്മദ്)* തിരുനബി(സ)യെ സംബന്ധിച്ച് ബൈബിളിൽ *"കാര്യസ്ഥൻ" "ആശ്വാസപ്രദൻ" "പരിശുദ്ധാത്മാവ്" "സത്യത്തിന്റെ ആത്മാവ്" "പാറകലിത്ത"* എന്നെല്ലാം വിവരിച്ചുകാണാം. ഈ വിവരണങ്ങളെല്ലാം തിരുനബി(സ)യുടെ വിവിധ ഗുണങ്ങളേയും ഭാവങ്ങളേയും വ്യക്തമാക്കിത്തരുന്നതുപോ ലെ തിരുനബി(സ)യുടെ ഉമ്മത്തിൽ ആഗതനാവുന്ന മഹാത്മാവിന്റെ സവിശേഷതകളെ അടിസ്ഥാനമാക്കിയാണ് 'ഇമാം മഹ്ദി' എന്നും 'മസീഹ്ബ്നുമറിയം' എന്നും പേർ നൽകിയതെന്ന് മനസ്സിലാക്കാവുന്നാണ്. പ്രസ്തുത മഹാത്മാവ് 'നബിയുള്ള' ആയിരിക്കുമെന്ന് തിരുമേനി പ്രത്യേകമായ നിലയിൽ തന്നെ വ്യക്തമാക്കുകും ചെയ്തിരിക്കുന്നു.

തിരുനബി(സ)യുടെ ഉമ്മത്തിയായ പ്രവാചകന്റെ ആഗമനം വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്ന് വിവിധ രൂപത്തിൽ മനസ്സിലാക്കുവാൻ കഴിയുന്നു.

*"ഏ ആദം സന്തതികളേ, എന്റെ ആയത്തുകൾ നിങ്ങൾക്ക് വിവരിച്ചുതരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ (അപ്പോൾ) ആർ സൂക്ഷ്മത കൈക്കൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊരു ഭയവുണ്ടായിരിക്കുകയില്ല. അവർ*

*വ്യസനിക്കുകയുമില്ല.* (7:35) ഇവിടെ "ഇമ്മായഅ്തിയന്നക്കും" കൊണ്ട് നിശ്ചയമായും വരിക തന്നെ ചെയ്യും'' എന്ന് പറഞ്ഞുകൊണ്ട് തിരുനബി(സ)യുടെ നിയോഗ ശേഷം വീണ്ടും പ്രവാചകനിയോഗം ഉണ്ടാവുമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. പ്രസ്തുത സൂക്തത്തിന്റെ തൊട്ട് മുമ്പുള്ള സൂക്തങ്ങൾ 'ഖുൽ' നബിയെ താങ്കൾ പറയുക എന്ന് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. മാത്രമല്ല, മുൻ ആയത്തുകൾക്ക് പ്രവാചകനിയോഗവുമായി വ്യക്തമായ ബന്ധമുള്ളതായും കാണാവുന്നാണ്. ആദം സന്തതികളെ എന്ന സംബോധനയിൽ കയറിപ്പിടിച്ച് കൊണ്ട് പ്രസ്തുത സൂക്തം ആദമിന്റെ കാലത്ത് അരുളിയതാണെന്ന് ചിലർ വാദിക്കാറുണ്ട്. അങ്ങനെ വരുമ്പോൾ ഖുർആന്റെ സംബോധിതർ ആദം സന്തതികളല്ല എന്ന് സ്മ്മതിക്കേണ്ടിവരും. മാത്രമല്ല പ്രസ്തുത അധ്യായത്തിലെ (സൂറ: അഅ്റാഫ്) മുമ്പെയുള്ള 3 ആയത്തുകളിൽ (7:31, 7:28, 7:27) പ്രയോഗിച്ചിട്ടുള്ള "ആദം സന്തതികളേ" എന്ന സംബോധന ഖുർആന്റെ അവതരണശേഷമുള്ള ജനങ്ങളോടാണെന്ന കാര്യത്തിൽ ആർക്കും തന്നെ എതിരഭിപ്രായമില്ലാത്തതുമാണ്. കഴിഞ്ഞുപോയ വൃത്താന്തം ഉദ്ധരിക്കാൻ പ്രസ്തുത സൂറയിൽ മാത്രം 20 ഓളം ഇടങ്ങളിൽ "ഖാല" (പറഞ്ഞു) എന്ന് പ്രയോഗിച്ചതായി കാണാം. അല്ലാഹു വരുവാനുള്ളതും കഴിഞ്ഞുപോയതും വ്യതിരിക്തമായി കാണിച്ചിടത്ത്, പണ്ഡിതന്മാർ എങ്ങനെയെങ്കിലും സത്യത്തെ നിഷേധിക്കണമെന്ന വാശിയിൽ ദുർന്യായങ്ങൾ ചമയ്ക്കുകയാണ്.

കിതാബും ഹിക്മത്തും (ഗ്രന്ഥവും, തത്വജ്ഞാനവും) നൽകപ്പെട്ട ശേഷം അവയെ സത്യപ്പെടുത്തുന്ന ദൂതന്റെ ആഗമനമുണ്ടാവുമെന്നും, അങ്ങനെ ആഗതനാവുന്ന റസൂലിനെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണെന്ന കരാർ തിരുനബി(സ)യിൽ നിന്നും വാങ്ങിയിട്ടുണ്ടെന്ന യാഥാർത്ഥ്യം അവിഭക്ത മുജാഹിദുകൾ പ്രസിദ്ധീകരിച്ച വിശുദ്ധ ഖുർആൻ വിവരണത്തിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. (വിശുദ്ധ ഖുർആൻ വിവരണം മുഹമ്മത് അമാനി മൗലവി. 33:7 ന്റെ വ്യാഖ്യാനം നോക്കുക). വി. ഖുർആൻ പറയുന്നു:

*"അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ അവസരം ഓർക്കുക! ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്...."* (3:81) ഇവിടെ പ്രവാചകന്മാരുടെ ഉടമ്പടിയെ സംബന്ധിച്ച് പറഞ്ഞശേഷം സൂറ: അഹ്സാബ് 8-ാം സൂക്തത്തിൽ, പ്രവാചകന്മാരുടെ പേരുകൾ വിവരിക്കുന്നത് കാണാം. "നാം പ്രവാചകന്മാരിൽ നിന്ന് അവരുടെ കരാർ വാങ്ങിയ സന്ദർഭം (സ്മരിക്കുക) നിന്നിൽ നിന്നും (തിരുനബി(സ) നൂഹ്, ഇബ്രാഹിം, മൂസ, ഈസബ്നുമറിയം എന്നിവരിൽ നിന്നും. ദൃഢമായൊരു കരാറാണ് നാം അവരിൽ നിന്ന് വാങ്ങിയത്.'' ഇങ്ങനെ വിശുദ്ധ ഖുർആനേയും സുന്നത്തിനേയും സത്യപ്പെടുത്തുന്ന പ്രവാചകനെ സംബന്ധിച്ച് അല്ലാഹു കരാർ വാങ്ങിയിട്ടുള്ളതുകൊണ്ട് തന്നെയാണ് തിരുനബി(സ) തന്റെ ഉമ്മത്തിൽ ആഗതനാകുന്ന മഹ്ദിമസീഹിനെ സംബന്ധിച്ച് അല്ലാഹുവിൽ ആണയിട്ട് പ്രവചനങ്ങൾ ചെയ്തതും "മഞ്ഞ് മലയിൽ മുട്ടുകുത്തി പോയിട്ടെങ്കിലും അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യണമെന്ന് ഉണർത്തിയിട്ടുള്ളതും."

സൂറാ ജുമുഅയിൽ തിരുനബി(സ)യുടെ നിയോഗത്തെ സംബന്ധിച്ചും ദൗത്യത്തെ സംബന്ധിച്ചും വിവരിച്ചശേഷം "വ ആഖരിന മിൻഹും ലമ്മായൽഅഖുബിഹിം" അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്) എന്ന സൂക്തം അവതരിച്ചപ്പോൾ വിശദീകരണം ചോദിച്ച അബൂഹുറൈറ (റ) വിന് തിരുനബി(സ) നൽകിയ വിശദീകരണം സത്യവിശ്വാസം കാർത്തിക നക്ഷത്രത്തോളം ഉയർന്നു പോകുന്ന കാലത്ത് ഫാർസി പരമ്പരയിൽ നിന്നുള്ള ഒരു വ്യക്തി, അല്ലെങ്കിൽ വ്യക്തികൾ ആഗതരായി നഷ്ടപ്പെട്ട ഈമാനെ പുനഃസ്ഥാപിക്കുമെന്നാണ്. (ബുഖാരി - ബാബ് തഫ്സീർ ജുമുഅ) ഇവിടെ മഹ്ദി - മസീഹ് ആയ ഒരു സവിശേഷവ്യക്തിയെ സംബന്ധിച്ചും, അവിടുത്തെ ദൗത്യത്തിന്റെ പൂർത്തീകരണം നടത്തുന്ന ഖിലാഫത്ത് പരമ്പരയെ സംബന്ധിച്ചും (വ്യക്തികൾ) പ്രവചനം ചെയ്യപ്പെട്ടിരിക്കുകയാണ്. പ്രവാചകന്മാരുടെ ദൗത്യത്തിന്റെ പൂർത്തീകരണം നടക്കുന്നത്, അവരെ തുടർന്ന് വരുന്ന ഖിലാഫത്ത് മുഖേനയാണെന്ന കാര്യം പ്രവാചകന്മാരുടെ ചരിത്രം മനസ്സിലാക്കിത്തരുന്ന യാഥാർത്ഥ്യമാണ്. വാഗ്ദത്ത മസീഹ് ഹ: അഹ്മദ് (അ) മിന് ശേഷം അവിടുത്തെ സന്താന പരമ്പരയിലൂടെ ഖിലാഫത്ത് വ്യവസ്ഥിതി 100 വർഷം പൂർത്തിയാക്കുമ്പോൾ പ്രവചന പൂർത്തിയുടെ അത്ഭുതദൃശ്യമാണ് ലോകം കണ്ടുകൊണ്ടിരിക്കുന്നത്. കണ്ണു തുറന്നു നോക്കുകയാണെങ്കിൽ സുല്ലമിയ്ക്കും കൂട്ടുകാർക്കും ഈ ദൃശ്യം കാണാവുന്നതാണ്.

തിരുനബി(സ)യുടെ ഉമ്മത്തിൽ

നുബുവ്വത്ത് ഉണ്ടാകുമെന്ന് മനസ്സിലാക്കിത്തരുന്ന നിരവധി സൂചനകൾ ഇന്നത്തെ മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥ വ്യക്തമാക്കുന്നു. മുസ്‌ലിം ഉമ്മത്ത് 73 വിഭാഗമായി പിരിയുമെന്നും, ഒന്നൊഴികെ 72 വിഭാഗവും നരകത്തിൽ പതിക്കുമെന്നും ഉള്ള മുജാഹിദുകൾ ഉൾപ്പെടെ സർവ്വ വിഭാഗങ്ങളും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്ന പ്രസിദ്ധമായ നബിവചനം, ഒരു ദൈവദൂതൻ (നദീർ) ആഗതനാവുമെന്ന് മനസ്സിലാക്കിത്തരുന്നു. ഒരു പ്രവാചകനെ നിഷേധിക്കുന്നതു മൂലമാണ് സമൂഹമൊന്നടങ്കം ശിക്ഷാർഹരായിത്തീരുന്നതെന്ന് ഖുർആൻ പറയുന്നു. സംഘങ്ങളായി നരകത്തിലേക്ക് തള്ളിവിടപ്പെടുന്നവരോട് മലക്കുകൾ ചോദിക്കുന്ന ചോദ്യവും അവർ നൽകുന്ന മറുപടിയും ഇങ്ങനെ രേഖപ്പെടുത്തുന്നു: "അമർഷം നിമിത്തം അത് പൊട്ടിപ്പിളരാറാകും. അതിൽ ഓരോ സംഘക്കാരും തള്ളിവിടപ്പെടുമ്പോഴും അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും. 'നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നില്ലേ?' അവർ പറയും ''അതെ, തീർച്ചയായും ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചുതള്ളിക്കളഞ്ഞു ഞങ്ങൾ (പ്രവാചകനോടും അനുയായികളോടും) പറഞ്ഞു: 'അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ലാ. നിങ്ങൾ ഭീമമായ മാർഗഭ്രംശത്തിൽ തന്നെയാ ണ്" (67:8, 9) ഇവിടെ ഖുർആൻ വ്യക്തമായി മനസ്സിലാക്കിത്തരുന്നത് സമൂഹം ഒന്നടങ്കം നരകാവകാശികളാവുന്നത് പ്രവാചകന്റെ ആഗമനശേഷം അദ്ദേഹത്തെ നിഷേധിക്കുന്നതു കാരണമാണെന്നാണ്. വാഗ് ദത്ത മഹ്ദി മസീഹിനെ നിഷേധിക്കാൻ ദുർ-ന്യായങ്ങൾ നിരത്തുന്ന ഇന്നത്തെ മുസ്‌ലിം സംഘടനകളുടെ ചിത്രമാണ് മേൽ വിവരിച്ച നബിവചനവും, സൂറ: മുൽകിലെ വിവരണവും മനസ്സിലാക്കിത്തരുന്നത്.

തിരുനബി(സ)യുടെ വിയോഗത്തിന് ശേഷം നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് (ഖുലഫാഹറാശിദ) സ്ഥാപിതമാവുമെന്നും, തുടർന്ന് ഖിലാഫത്ത് സംവിധാനം, രാജാധിപത്യവും, സ്വേച്ഛാധിപത്യവുമായി വ്യതിചലിക്കുമെങ്കിലും അവസാനം നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് വീണ്ടും സ്ഥാപിതമാകുമെന്നും പ്രസ്താവിക്കുന്ന നബിവചനം (മിശ്കാത്ത്) മുസ്‌ലിം ലോകത്ത് പ്രസിദ്ധമാണ്. യൂസുഫുൽ ഖർളാവിയെ പോലുള്ള ലോകപണ്ഡിതർ ഹദീസിൽ വിവരിച്ച 4 ഘട്ടം പൂർത്തിയായിരിക്കുന്നുവെന്നും, അവസാനം പറഞ്ഞ 'നുബുവ്വത്തിന്റെ മാർഗ്ഗ'ത്തിലുള്ള ഖിലാഫത്ത് 'പുലരാനിരിക്കുന്നുവെന്നും പ്രസ്താവിച്ചുകൊണ്ടിരിക്കുകയുമാണ്. (പ്രബോധകന്റെ സംസ്കാരം). ഒരു വശത്ത് മുസ്‌ലിം ഉമ്മത്തിന്റെ അധഃപതനത്തെ സംബന്ധിച്ച് പ്രവചനം ചെയ്ത നബി തിരുമേനി(സ) തന്നെയാണ് തന്റെ സമുദായത്തിൽ അവസാനം 'നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്' സ്ഥാപിതമാവുമെന്ന് പ്രവചിച്ചിട്ടുള്ളതെന്ന കാര്യം സ്മരണീയമാണ്. ആദ്യകാലത്ത് നുബുവ്വത്തിന്റെ ആഗമനത്തിന്ന് ശേഷം ഖിലാഫത്ത് സ്ഥാപിതമായതു പോലെ, അവസാനകാലത്തെ മുസ്‌ലിംകളെ അധഃപതനത്തിൽ നിന്ന് രക്ഷിക്കുവാൻ വേണ്ടി ആഗതനാവുന്ന ഒരു മഹാത്മാവിന്റെ ആഗമനത്തെത്തുടർന്നാണ് തിരുമേനി പ്രവചിച്ച ആത്മീയ ഖിലാഫത്തിന്റെ പുനഃസ്ഥാപനമുണ്ടാവുക എന്ന് ഏതൊരാൾക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

"എന്റെ സമുദായത്തിന്റെ ആദ്യഭാഗം ഏതൊന്നുകൊണ്ട് നന്നായിത്തീർന്നോ, അതുകൊണ്ട് മാത്രമേ അതിന്റെ അവസാനം ഭാഗവും നന്നായിതീരുകയുള്ളൂ"വെന്ന നബി വചനവും മനസ്സിലാക്കിത്തരുന്നതും ഒരു ദൈവനിയുക്തന്റെ ആഗമനമാണ്. പ്രസ്തുത ഹദീസിന്ന് മുജാഹിദ് സുഹൃത്തുക്കൾ നൽകുന്ന വ്യാഖ്യാനം വിചിത്രമാണ്. ഖുർആനും സുന്നത്തുമാണ് തിരുനബി വിവക്ഷിച്ചതെന്ന് അവർ പറയുന്നു. ഖുർആനും, സുന്നതും എല്ലാകാലത്തും നിലനിൽക്കുന്നതല്ലേ, രണ്ട് കാലഘട്ടം പ്രത്യേകപ്പെടുത്തിപ്പറയേണ്ട കാര്യം എന്തുണ്ട്? എന്ന ചോദ്യത്തിന്ന് അവർക്ക് മറുപടിയില്ല. തിർമുദി അനസ്(റ)വിൽ ഉദ്ധരിക്കുന്ന ഹദീസിൽ പറയുന്നു: *"മഴപോലെയാണ് എന്റെ സമുദായം അതിന്റെ ആദ്യമാണോ അന്ത്യമാണോ? ഗുണകരമെന്നറിഞ്ഞുകൂടാ?"* നമുക്കറിയാം ആദ്യകാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സാമീപ്യസമ്പർക്കത്താൽ ഉൽകൃഷ്ടരായിതീർന്ന സഹാബത്തിന്റെ ചരിത്രം. അതുപോലെ അവസാനകാലക്കാരും ആയിത്തീരുമെങ്കിൽ, അവിടുത്തെ പ്രതിപുരുഷനായവതരിക്കുന്ന ഒരു പ്രവാചകന്റെ (മഹ്ദി – മസീഹ്) ആഗമനം ഉണ്ടാവുമെന്ന കാര്യത്തിൽ സംശയമില്ല. ഇസ്‌ലാമിക പ്രമാണങ്ങളാൽ സ്ഥാപിതമായ ദൈവനിയുക്തന്റെ ആഗമനം സംഭവിച്ചിരിക്കുന്നു. അദ്ദേഹമാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹ: മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ). അവിടുന്ന് സ്ഥാപിച്ച ദിവ്യപ്രസ്ഥാനം ഖിലാഫത്തിന്റെ അനുഗൃഹീത നേതൃത്വത്തിൽ കീഴിൽ ലോകത്ത് 190 രാജ്യങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ യാഥാർത്ഥ്യത്തിന് നേർക്ക് കണ്ണുതുറന്നുനോക്കാൻ മുസ്‌ലിം പണ്ഡിതന്മാരോടും സമൂഹത്തോടും അപേക്ഷിക്കുകയാണ്.

■

കുറിപ്പുകൾ

മുസാഫിർ

# അഹ്മദികളുടെ ഖിലാഫത്ത് ജമാഅത്തെ ഇസ്ലാമിയുടെ മതരാഷ്ട്രമല്ല

## 'പ്രബോധന'ത്തിൽ വന്ന ഇശാഅത്ത് നേതാവിന്റെ ഖിലാഫത്ത് വിരുദ്ധ ജല്പനങ്ങൾക്ക് മറുപടി

ലോകവ്യാപകമായി നടന്ന അഹ്മദിയ്യാ ഖിലാഫത്ത് ശതാബ്ദിയാഘോഷങ്ങൾ കേരളത്തിലും വമ്പിച്ച മാധ്യമശ്രദ്ധ നേടുകയുണ്ടായി. മാത്രമല്ല, പൊതുജനങ്ങളിൽ നിന്നും അഹ്മദിയ്യത്തിനെ പറ്റി അറിയാനുളള അഭൂതപൂർവ്വമായ ഔത്സുക്യം പ്രകടമാവുകയും ചെയ്തിരിക്കുന്നു. സത്യപ്രസ്ഥാനങ്ങളുടെ വിജയമുണ്ടാവുമ്പോൾ സത്യവിരോധികൾക്ക് ഇരിക്കപ്പൊറുതിയില്ലാതാവുന്നത് സ്വാഭാവികമാണ്. അത്തരത്തിലുള്ള പ്രതികരണമാണ് ജമാഅത്തെ ഇസ്ലാമിയുടെ മുഖപത്രമായ പ്രബോധനത്തിൽ പി.പി. അബ്ദുറഹ്മാൻ എഴുതിയ ലേഖനം. ടിയാൻ കുറച്ചുനാളുകൾക്ക് മുമ്പ് അഹ്മദിയ്യാ ജമാഅത്തിനെതിരെ പ്രവർത്തിച്ചിരുന്ന 'അൻജുമൻ ഇശാഅത്തെ ഇസ്ലാമി' എന്ന സംഘടനയുടെ സെക്രട്ടറിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിലേക്ക് ആകൃഷ്ടരാവുന്ന സത്യാന്വേഷികളും ചിന്താശീലരുമായ യുവാക്കളെ നന്നാക്കാൻ പ്രദേശത്തുള്ള മുസ്ലിം സംഘടനകൾ ഈ ഇശാഅത്ത് നേതാവിനെയാണ് വിളിക്കാറ്. ദൈവാനുഗ്രഹത്താൽ അങ്ങേരുടെ അഹ്മദിയ്യത്തിന്നെതിരെയുള്ള വിതണ്ഡവാദങ്ങൾ കേൾക്കുന്ന ബുദ്ധിമാന്മാരായ സത്യാന്വേഷികൾ എളുപ്പത്തിൽ ജമാഅത്തിലേക്ക് പ്രവേശിക്കാൻ കാരണമാവുകയുമാണ് പതിവ്. ഈ സംഘടന ഇപ്പോൾ നിർജീവമാണ്. കുരങ്ങ് ചത്ത കുറവനെപ്പോലെ സംഘടനാനേതാവിന് ഇപ്പോൾ പണിയൊന്നുമില്ല. ജമാഅത്തെ ഇസ്ലാമിക്കാരുടെ പ്രബോധനത്തിൽ വഴിപാടുപോലെ എഴുതുന്ന ലേഖനങ്ങൾ മാത്രമാണ് ഇപ്പോഴത്തെ ഇശാഅത്ത് നേതാവിന്റെ പ്രവർത്തനം. 2008 ജൂൺ 7ാം ന ത്തെ പ്രബോധനത്തിൽ പി.പി. അബ്ദുറഹ്മാൻ എഴുതിയ 'ഖിലാഫത്തും ഖാദിയാനികളും' എന്ന ലേഖനത്തിൽ മറുപടിയർഹിക്കാത്ത, നിലവാരം കുറഞ്ഞ വിമർശനങ്ങളാണുള്ളത്.

'ഖിലാഫത്ത്' എന്നാൽ അല്ലാഹുവിന്റെ ഭരണമാണെന്നും ഖലീഫ മതാധിഷ്ഠിതരാഷ്ട്രത്തിലെ ഭരണാധികാരിയാണെന്നുമുള്ള മൗദൂദിയുടെ മതരാഷ്ട്രസങ്കല്പം അഹ്മദികളെ പഠിപ്പിക്കാൻ ശ്രമിക്കുകയാണ് അബ്ദുറഹ്മാൻ. ജമാഅത്തെ ഇസ്ലാമിക്കാർ തന്നെ തങ്ങളുടെ ആചാര്യൻ ഉണ്ടാക്കിത്തീർത്ത ഈ കെണിയിൽ നിന്നും ക്രമേണ ഉരിച്ചാടിക്കൊണ്ടിരിക്കുമ്പോൾ 'അല്ലാഹുവിന്റെ ഭരണം' ഇല്ലാത്തതിന്നാണ് അബ്ദുറഹ്മാൻ അഹ്മദികളെ കുറ്റപ്പെടുത്തുന്നത്. തുടക്കം മുതലേ മൗദൂദിയുടെ ഈ ഫാസിസ്റ്റ് രീതിയിലുള്ള മതരാഷ്ട്രമൗലിക വാദത്തിനെതിരെയും ജിഹാദ് വാദത്തിനെതിരെയും അഹ്മദികൾ നടത്തിയ ആശയസമരം ജമാഅത്തെ ഇസ്ലാമിക്ക് തന്നെ അവരുടെ നിലപാടിലെ അപകടങ്ങളെ തിരിച്ചറിയാനും മാറ്റങ്ങൾ വരുത്താനും സഹായകമായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. 'ഹുക്കുമത്തെ ഇലാഹിയ്യ' ഇന്ന്, ഇഖാമത്തു ദീനും, അവിടെ നിന്നും മാറി പരിസ്ഥിതി രാഷ്ട്രീയവും, തെരുവുനാടകം ഒക്കെ ആയി മാറിയിരിക്കുന്നു. തങ്ങളുടെ പ്രമാണികവാദമായ ഹുക്കുമത്തെ ഇലാഹിയ്യയെ പറ്റി ക മ എന്ന് ഒരക്ഷരം ഉരിയാടാത്ത ജമാഅത്തെ ഇസ്ലാമിയുടെ ഈ കോലംകെട്ടലെല്ലാം മതാധിഷ്ഠിതഭരണം എന്ന മൗദൂദിയുടെ ഭീകരസിദ്ധാന്തങ്ങളിൽനിന്നുള്ള ഒളിച്ചോട്ടം തന്നെയായിരുന്നു. ഇതൊന്നും തിരിയാത്ത അബ്ദുറഹ്മാൻ കൊല്ലക്കടയിൽ സൂചി വിൽക്കാനിറങ്ങിയ വെറും പോയനാണെന്നല്ലാതെ എന്ത് പറയാനാണ്?

രാഷ്ട്രം എന്നാൽ 'ഭൂമിയിൽ ദൈവത്തിന്റെ പ്രസ്ഥാന'മാണ് എന്ന് പറഞ്ഞ ഫാസിസത്തിന്റെ വസന്തകാലത്താണ് ഈ ആശയത്തോടു മനോഗ്രസ്തി ബാധിച്ച മൗലാനാ മൗദൂദി ചിന്തിച്ചു തുടങ്ങിയത് അതിനാൽ ഫാസിസത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെ

ചിന്തകളിൽ പ്രകടമാണ്. ആര്യൻ വംശീയവാദത്തിന് പകരം പാവന മായ ഇസ്ലാം മതത്തെ പ്രതിഷ്ഠിച്ചു എന്ന വ്യത്യാസം മാത്രം. ആചാര്യന്റെ പല വികലവാദങ്ങളും ഉപേക്ഷിക്കാൻ അനുയായികൾ തന്നെ ഒരു കുപ്പത്തൊട്ടി നോക്കി നടക്കുന്ന ഇക്കാലത്ത് മതരാഷ്ട്ര വാദം അംഗീകരിക്കാത്തതിന്റെ പേരിലും അഹ്മദികളുടെ ഖലീഫക്ക് ഹുക്കുമത്തില്ലാത്തതിന്റെ പേരിലും അബ്ദുറഹ്മാൻ അഹ്മദികളെ ആക്ഷേപിക്കുകയാണ്. മൗദൂദി സിദ്ധാന്തത്തിന്റെ അപകടം മനസ്സിലാക്കാൻ ഒരുദാഹരണമിതാ. ഇസ്ലാം എന്നാൽ രാഷ്ട്രമാണെന്നും അഹ്മദികളെ ഇസ്ലാമിൽ നിന്നും പുറത്താക്കണമെന്നുമുള്ള ആവശ്യവുമായി മൗലാനാ മൗദൂദി പാകിസ്താനിൽ നടത്തിയ രക്തരൂഷിത മായ കലാപ ത്തെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച ജസ്റ്റിസ് മുനീറിന്റെ കോടതിയിൽ മൗലാനാ മൗദൂദി നൽകിയ മൊഴിയാണ് അതിലൊന്ന്.

*(മുനീർ കമ്മീഷൻ) ചോദ്യം: നമുക്ക് ഇത്തരത്തിലുള്ള ഒരു ഇസ്ലാമിക ഗവൺമെന്റ് പാകിസ്താനിലുണ്ടാവുകയാണെങ്കിൽ അതേപ്രകാരം താങ്കൾ ഹിന്ദുക്കൾക്ക് അവരുടെ മതമനുസരിച്ചുള്ള ഒരു ഭരണഘടനയുണ്ടാക്കാൻ അനുവദിക്കുമോ?*

*(മൗദൂദിയുടെ) ഉത്തരം : തീർച്ചയായും അത്തരത്തിലുള്ള ഒരു ഗവൺമെന്റിന്നു കീഴിൽ ഇന്ത്യൻ മുസ്ലിംകളെ മ്ലേഛന്മാരേയും ശൂദ്രന്മാരേയും പോലെ കണക്കാക്കിയാലും അവരുടെ ഗവൺമെന്റിലുള്ള പങ്കും പൗരന്മാർ എന്ന നിലക്കുള്ള അവരുടെ അവകാശങ്ങളുമെല്ലാം നിഷേധിക്കപ്പെട്ടാലും എനിക്കതിൽ യാതൊരു ആക്ഷേപവുമില്ല!* (മുനീർ കമ്മീഷൻ റിപ്പോർട്ട്. പേജ് 228).

ചോദ്യം: *ഇന്ത്യയും പാകിസ്താനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യൻ മുസ്ലിംകളുടെ കടമയെന്താണ്?*

*ഉ: അവരുടെ കാര്യം വ്യക്തമാണ് അവർ പാകിസ്താന്റെ സുരക്ഷയെ അപകടപ്പെടുത്തുന്ന യാതൊന്നും ചെയ്യരുത് (മുനീർ കമ്മീഷൻ റിപ്പോർട്ട് പേജ് 230).*

മാത്രമല്ല ഒരു മുസ്ലിം രാജ്യത്തി (ദാറുൽ ഇസ്ലാം)ലേയും അമുസ്ലിം രാജ്യ (ദാറുൽ ഹർബ്)ത്തിലേയും മുസ്ലിം സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം ചെയ്യാൻ പോലും പാടില്ലെന്നും അതിനേക്കാൾ ഭീകരമായി ഇസ്ലാം ഒരു രാഷ്ട്രമായതിനാൽ മതം മാറുന്ന മുസ്ലിംകളെ വധിച്ചുകളയണമെന്നുമാണ് മൗദൂദിയുടെ സിദ്ധാന്ത ശാസനകൾ. ഇത് വെറുതെ പറഞ്ഞതല്ല. ഈ വാദം സ്ഥാപിക്കാൻ അദ്ദേഹം 'മുർതദ്കി സസാ ഇസ്ലാമി ഖാനൂൻ മെ' എന്ന ഒരു പുസ്തകവുമെഴുതിയിട്ടുണ്ട്. ഈ ഉന്മൂലനവാദത്തെ കേരളത്തിലെ ജമാഅത്തെ ഇസ്ലാമി നേതാക്കന്മാർ ന്യായീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭീകരവാദത്തിന്റെ കൂടുതൽ വിശദീകരണത്തിന് ഇപ്പോൾ മുതിരുന്നില്ല. നാട്ടിലുള്ള പല പുസ്തകങ്ങളും തർജ്ജമ ചെയ്ത ഐ.പി. എച്ച്. ആചാര്യന്റെ ഈ പുസ്തകം മാത്രം മലയാളത്തിൽ തർജ്ജമ ചെയ്തിട്ടില്ല. കൂടാതെ ഒരു രാഷ്ട്രം ഇസ്ലാമികവത്കരിക്കപ്പെട്ടാൽ ഉടൻ തന്നെ അയൽപക്കത്തെ അമുസ്ലിം രാജ്യത്തെയും കീഴ്പ്പെടുത്തി ഇസ്ലാമികവത്ക്കരിക്കണമെന്നാണ് മൗലാനാ മൗദൂദി പറഞ്ഞുവെച്ചത്. ഭരണമില്ലാത്ത അഹ്മദീ ഖലീഫക്ക് ഇത്തരം മൗദൂദി ഭീകരവാദങ്ങളൊന്നും നടപ്പാക്കാൻ കഴിയില്ല എന്നതിന്റെ പേരിലാണോ ഇശാഅത്ത് നേതാവിന്റെ ഈ വിമർശനം.

'ഖിലാഫത്ത്' എന്നാൽ ഇസ്ലാമിക ഭരണമാണെന്ന മൗദൂദി ഫാസിസം അഹ്മദികളെ പഠിപ്പിക്കുന്ന ഈ മുൻഷി, ജമാഅത്തെ ഇസ്ലാമിക്കാർക്കും പിന്നീട് മുജാഹിദ്, സുന്നി, മുസ്ലിംലീഗ് എന്നീ കക്ഷികൾക്കും ആദ്യം അത് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. എന്നിട്ടാവട്ടെ കാഫിറുകളായ ഖാദിയാനികളെ 'ഖിലാഫത്ത്' എന്താണെന്ന് പഠിപ്പിക്കാൻ.

റസൂൽ തിരുമേനി ഭരണം കിട്ടുന്നത് വരെ പൂർണ്ണ മനുഷ്യനായിരുന്നില്ല എന്ന് മൗദൂദി പറയാൻ ഈ ഭരണഭ്രാന്താണ് കാരണം. ഖുലഫാഉർറാശിദുകൾ അന്നത്തെ ലളിതമായ സാമൂഹിക വ്യവസ്ഥയിൽ ഭരണാധികാരികളായിരുന്നു എന്നത് ശരിയാണ്. പക്ഷേ, ഭരണാധികാരം ഖിലാഫത്തിന് അനുപേക്ഷണീയമായ ഘടകമല്ല. അധികാരത്തിന്റെ ഉപകരണങ്ങളുമായിട്ടല്ല വിശ്വാസികളെ അവർ ഭരിച്ചത്. വിശ്വാസികളുടെ ഹൃദയങ്ങളിൽ ഭരണാധികാരികൾക്കുണ്ടാവുന്നതിനേക്കാൾ സ്വാധീനം അവർക്കുണ്ടായിരുന്നു. അതായിരുന്നു പ്രവാചകന്റെയും ഖുലഫാഉർറാശിദിന്റേയും വ്യക്തിത്വം. റസൂൽ തിരുമേനി(സ)ക്ക് ജീവൻ നൽകാൻ പോലും സഹാബാക്കൾ തയ്യാറായത് പ്രവാചകന് അധികാരബലമുണ്ടായിരുന്നത് കൊണ്ടല്ല. അധികാരച്ചെങ്കോലിന്റെ ബലത്തിലാണ് അവർ ഭരണം നടത്തിയിരുന്നത് എന്ന മൗദൂദിയുടെ ജൽപനം ഇസ്ലാമിന്റെ ശത്രുക്കളായ ഓറിയന്റലിസ്റ്റുകളുടെ വിമർശനത്തിന്റെ സാധൂകരണമാണെന്ന് വിവരദോഷികളായ മൗദൂദികളുടെ ഫാസിസ്റ്റ് ഹൃദയത്തിന് മനസ്സിലാക്കാൻ കഴിയില്ല. റസൂൽ തിരുമേനിയെ ഖുർആൻ പരിചയപ്പെടുത്തുന്ന നിരവധി വചനങ്ങൾ തന്നെ ഇതിന് തെളിവാണ്.

*'ആർ സന്മാർഗ്ഗത്തെ പിന്തുടരു*

*ന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മക്കായി മാത്രം. വഴിതെറ്റുന്നവനാരോ അവൻ അതിന്റേതായ നാശത്തിലേക്കും. അവരുടേമേൽ ഒരു അധീശാധികാരിയായി നീ നിയോഗിക്കപ്പെട്ടിട്ടില്ല'* (39:42) റസൂൽ തിരുമേനിയെക്കുറിച്ച് അല്ലാഹു പറയുന്നു. *'സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ള ആളുമാണ്* (9:129) ഇതാണ് പ്രവാചകന്റെ വ്യക്തിത്വം. ഒരു ഭരണാധികാരിയുടെ അധികാരത്തിന്റെ ബലത്തിലായിരുന്നില്ല പ്രവാചകരും സച്ചരിതരുമായ ഖലീഫമാരും സമൂഹത്തെ നയിച്ചത്; അവരുടെ ആത്മീയപ്രഭാവം കൊണ്ടാണ്. ഈ മഹ ത്വം കാണാൻ കഴിയാത്തതാണ് - രാഷ്ട്രവാദം തലക്കു പിടിച്ച മത രാഷ്ട്ര മൗലികവാദികളുടെ ദുര്യോഗം.

പി.പി. അബ്ദുറഹ്മാൻ ലേഖനത്തിലെഴുതിയ വിവരമില്ലായ്മയിലൊന്ന് ഇപ്രകാരമാണ്. *'ഖിലാഫത്തുർറാശിദക്ക് ശേഷം അമവീ, അബ്ബാസീ, ഉസ്മാനീ ഖിലാഫത്തുകളൊക്കെ ജനാധിപത്യത്തിന്റെ വഴിവിട്ട് രാജാധിപത്യത്തിലേക്കും ഏകാധിപത്യത്തിലേക്കും മാറി. ഇപ്പറഞ്ഞ ഏത് ഖിലാഫത്തിനെക്കുറിച്ച് പറയുമ്പോഴും അവരൊക്കെ മുസ്ലിം ലോകത്തെ ഭരണാധികാരികളായിരുന്നുവെന്ന് കേൾക്കുന്ന മാത്രയിൽ തന്നെ ആർക്കും മനസ്സിലാവും. ഭരണാധികാരമില്ലാത്ത ഖിലാഫത്തിനെക്കുറിച്ചു മുസ്ലിം ലോകത്തിന് പരിചയമില്ല. (പ്രബോധനം)*

ഖലീഫമാരെല്ലാം ഭരണാധികാരികളായിരുന്നു എന്ന് പറയുന്ന പി.പി. അബ്ദുറഹ്മാൻ തന്റെ കുപ്രസിദ്ധമായ ഖാദിയാനി വിമർശനം പോലെ വിടുവായത്വവും കളവും അല്പജ്ഞാനവും ഇടംവലം നോക്കാതെ വിളമ്പുകയാണ്. ഖുലഫാഉർറാശിദക്ക് ശേഷം മുസ്ലിം ഖിലാഫത്ത് അധികാരത്തിന്റെയും രാജവാഴ്ചയുടേയും മാർഗ്ഗത്തിൽ അപഭ്രംശം വന്നതിനുശേഷവും ഭരണാധികാരമില്ലാത്ത ഖലീഫമാർ ഇസ്ലാമിക ചരിത്രത്തിലുണ്ടായിട്ടുണ്ട്. മുസ്ലിംകൾ അവരെയും ഖലീഫമാർ എന്നാണ് വിളിക്കുന്നത്.

അബ്ബാസിയ്യാ ഖിലാഫത്തിന്റെ അവസാനഘട്ടത്തിൽ ശിയാക്കളായ ബുവൈഹികൾ ബഗ്ദാദ് അക്രമിച്ചു കീഴടക്കിയപ്പോൾ അവർക്ക് കീഴിൽ അബ്ബാസി ഖലീഫമാർ ഭരണാധികാരമില്ലാതെയാണ് ഹി: വ 334 മുതൽ 656 വരെ (ക്രി. വ. 945 മുതൽ 1258 വരെ) ഖലീഫമാരായി കഴിഞ്ഞത്. മംഗോളുകൾ ബാഗ്ദാദ് ആക്രമിക്കുന്നത് വരെ അബ്ബാസീ ഖലീഫമാർ ഭരണാധികാരമില്ലാത്തവരാണ്. ആ കാലഘട്ടത്തിലുള്ള അബ്ബാസിയ്യാ ഖലീഫമാരെ 'ഖലീഫമാർ' എന്ന് തന്നെയാണ് മുസ്ലിം ലോകം വിളിച്ചത്. പിന്നീട് ഈജിപ്തിൽ മംലൂക് സുൽത്താൻ ഭരിച്ചപ്പോൾ അബ്ബാസി ഖലീഫമാരുടെ ആസ്ഥാനം ഈജിപ്ത് ആയിരുന്നു അവിടെ ഹി. വ. 659 (ക്രി. വ. 1261) മുതൽ ഒന്നര നൂറ്റാണ്ടുകാലം മംലൂക്കുകളുടെ കീഴിലും ഭരണമില്ലാതെയാണ് അബ്ബാസീ ഖലീഫമാർ കഴിഞ്ഞത്. അവരേയും മുസ്ലിം ലോകം ഖലീഫമാർ എന്ന് തന്നെയാണ് വിശേഷിപ്പിക്കുന്നത്. മാത്രമല്ല ഖുലഫാഉർറാശിദിന്റെ കാലത്ത് ഖലീഫമാർക്ക് ഭരണാധികാരമുണ്ടായിരുന്നു എന്ന കാര്യം ശരി തന്നെ. അത് മൗദൂദി യുടെ സങ്കല്പത്തിലുള്ള കൃത്രിമാസ്തിത്വമുള്ളതും സങ്കീർണ്ണവുമായ ആധുനിക ദേശീയ രാഷ്ട്രങ്ങളെ പ്പോലെയുള്ള ഭരണകൂടങ്ങളായിരുന്നില്ല. സ്വഛമായ ഒരു സമൂഹത്തെയാണ് സച്ചരിതരായ ഖലീഫമാർ നയിച്ചത്. അവരുടെ ഭരണഭൂപരിധിക്കപ്പുറത്തുള്ള മുസ്ലിംകളിലും അവർക്ക് ശക്തമായ ആത്മീയ സ്വാധീനങ്ങളുണ്ടായിരുന്നു. അത്തരത്തിലുള്ള ആത്മീയ ശക്തിയാണ് ഖലീഫമാരുടെ യഥാർത്ഥ ഭരണാധികാരം.

സച്ചരിതരായ ഖലീഫമാരുടെ കാലത്ത് ഇസ്ലാം കേരളത്തിൽ പ്രചരിക്കപ്പെട്ടതായി പറയപ്പെടുന്നു. അവർ അന്ന് നമ്മുടെ ഭരണാധികാരിയല്ലെങ്കിലും നമ്മുടെ ഖലീഫമാരായിരിക്കുമല്ലോ. അപ്പോഴും ഇവിടെ ജീവിച്ചിരുന്ന പൂർവ്വികരായ മുസ്ലിംകൾ ജീവിതത്തിന്റെ നാനാതുറകളിലുള്ള അവരുടെ ഉദ്ബോധനങ്ങൾ സർവ്വവിധത്തിലും പാലിക്കാൻ ബാധ്യസ്ഥരാണ്. അതിന് അധികാരബലത്തിന്റെ ആവശ്യമില്ല. അഹ്മദികൾ ഇപ്പോൾ ചെയ്യുന്നതുമതാണ്. ഖിലാഫത്തിന്റെ ഈ ലളിതമായ പ്രായോഗികത്വം മനസ്സിലാക്കാതെ അധികാരവും പട്ടാളവും ന്യായാസനങ്ങളും സമ്പത്തുമുള്ള ഭരണകൂടം പിടിച്ചെടുക്കാൻ ജിഹാദിന് ആഹ്വാനം ചെയ്യുന്നവർക്ക് ഖിയാമം നാൾവരെ നിരാശയായിരിക്കും ഫലം. അധികാരബലമാണ് സർവ്വസ്വവും എന്ന ഫാസിസ്റ്റ് ചിന്തയാണ് ഇക്കൂട്ടരെ ബാധിച്ച രോഗം. ഒരു പപ്പടവട്ടത്തിൽ പോലും ഇവരുടെ ഹുക്കുമത്തെ ഇലാഹി ഭൂമിയിൽ സാക്ഷാത്കൃതമാവില്ല. പകരം ഈ വിനാശകരമായ ഫാസിസ്റ്റ് സിദ്ധാന്തത്തിന്റെ പേരിൽ ഇസ്ലാമിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്കുമുമ്പിൽ വേട്ടമൃഗത്തെപോലെ നിഷ്ക്കളങ്കരായ മുസ്ലിംകൾ ഇരയായിത്തീരുന്നു. അതുകൊണ്ട് അഹ്മദികൾ എതിർക്കുന്ന മൗലാനാ മൗദൂദിയുടെ ഫാസിസ്റ്റ് ഖിലാഫത്ത് ഒരു ദുരന്തമാണെന്ന് ഇശാഅത്ത് നേതാവ് പി.പി. അബ്ദുറഹ്മാൻ ഇനിയെങ്കിലും തിരിച്ചറിയുക.

■

അവലോകനം

കെ.പി. അഹ്മദ്

# ഖിലാഫത്ത് ശതവാർഷികത്തിൽ അൽഖുർആൻ പ്രദർശനം



അൽ-ഖുർആൻ എക്സിബിഷൻ കോഴിക്കോട് എം.എൽ.എ. ബഹു. പ്രദീപ്കുമാർ ഉൽഘാടനം ചെയ്യുന്നു. മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് (ചീഫ് മിഷനറി, കേരള) എം.എ. മുഹമ്മദ് സാഹിബ് (അമീർ, കോഴിക്കോട് മേഖല) കെ.എം. അഹ്മദ് കോയ സാഹിബ് (അമീർ, കോഴിക്കോട്), ഏ.എം. മുഹമ്മദ് സലീം സാഹിബ് (എഡി. സത്യദൂതൻ), പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ് (അമീർ, തിരുവനന്തപുരം മേഖല), എം.കെ. ബിച്ചുകോയട്ടി സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ് (അമീർ, എറണാകുളം മേഖല) മുഹമ്മദലി മാസ്റ്റർ (അമീർ, മലപ്പുറം മേഖല)

ഒട്ടേറെ ജനശ്രദ്ധയാകർഷിച്ചുകൊണ്ട് കണ്ണൂർ പോലീസ് മൈതാനിയിലും, പിന്നീട് കോഴിക്കോട് അപ്സരാഗ്രൗണ്ടിലും പ്രദർശനവിജയം നേടിയ അഹ്മദിയ്യാ ജമാഅത്തിന്റെ വൈജ്ഞാനിക ദൃശ്യവിസ്മയം 'അൽഖുർആൻ എക്സിബിഷൻ' കോഴിക്കോട്ട് വീണ്ടും സംഘടിപ്പിക്കപ്പെട്ടു. 190 രാഷ്ട്രങ്ങളിൽ ആഗോളവ്യാപകമായി ആഘോഷിച്ചുവരുന്ന അഹ്മദിയ്യാ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചായിരുന്നു പ്രദർശനം. പ്രപഞ്ചപ്രതിഭാസങ്ങളിലേക്ക് മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ദൈവാസ്തിത്വത്തെക്കുറിച്ചും പരലോകജീവിതത്തെക്കുറിച്ചും വിവരിക്കുന്ന ഖുർആന്റെ സവിശേഷശൈലിയുടെ ദൃശ്യാവിഷ്ക്കാരമായിരുന്നു പ്രദർശനം.

കോഴിക്കോടിന്റെ ഹൈഡ പാർക്കായ മാനാഞ്ചിറക്ക് സമീപം നഗരഹൃദയത്തിന്റെ മിടിപ്പുകൾ തുടികൊട്ടുന്ന മുതലക്കുളം പരിസരമാണ് ഇത്തവണ സംഘാടകർ പ്രദർശനത്തിന് തിരഞ്ഞെടുത്തത്. വെളുത്ത മിനാരത്തിലിറങ്ങുന്ന ഇമാം മഹ്ദിയുടെ പ്രതീകാത്മക ചിഹ്നം പോലെ തല ഉയർത്തി നിൽക്കുന്ന അഹ്മദിയ്യാ മസ്ജിദിനോട് ചേർന്നുള്ള വിശാലമായ ഗ്രൗണ്ടിൽ മെയ് 17ന് വൈകുന്നേരം കോഴിക്കോട് എം.എൽ.എ. ശ്രീ പ്രദീപ്കുമാർ പ്രദർശനം ഉൽഘാടനം ചെയ്തു.

നേരത്തെ കണ്ണൂരിലും കോഴിക്കോട്ടും പ്രദർശിപ്പിച്ച ഖുർആനിക വിജ്ഞാപനസാഗരത്തിന്റെ സർവ്വാതിശായിയായ ദൃശ്യങ്ങൾക്ക് പുറമെ, ഇസ്‌ലാമിലെ ഖിലാഫത്ത് സംവിധാനത്തെക്കുറിച്ച് മറവിയുടെ മൂടൽമഞ്ഞിലകപ്പെട്ടുപോയ പൊതുമുസ്ലിംകളെ ചരിത്രപരമായ ആശയ വിസ്ഫോടനം കൊണ്ട് ഉണർത്താനാണ് പ്രദർശനത്തിന്റെ ശില്പിയായ ജനാബ് എ.എം. മുഹമ്മദ് സലിം സാഹിബ് ശ്രമിച്ചത്.

പുതിയ തലമുറയെ സംബന്ധിച്ചേടത്തോളം 'ഖിലാഫത്ത്' എന്ന് കേൾക്കുമ്പോൾത്തന്നെ പണ്ടെങ്ങോ സംഭവിച്ച മലബാർ കലാപത്തിന്റേയും, മാപ്പിളലഹളയുടേയും മുത്തശ്ശിക്കഥകളായിമാത്രം ഗണിക്ക



*ഉദ്ഘാടനത്തിനുശേഷം പ്രദീപ് കുമാർ എം.എൽ.എ. എക്സിബിഷൻ സന്ദർശിക്കുന്നു.*

പ്പെട്ടേക്കാം! എന്നാൽ പൊതു മുസ്ലിംകൾ പാടെ വിസ്മരിച്ചതും, നബി തിരുമേനി(സ)യുടെ വിയോഗത്തിന് ശേഷം മുസ്ലിംകൾക്ക് അനുഗ്രഹമായി നൽകപ്പെട്ടതും, സാമൂഹ്യനേതൃത്വത്തിന്റെ അനിവാര്യത ഊന്നിപ്പറയുന്ന ഖിലാഫത്തിന്റെ പ്രാധാന്യവും പത്തിലേറെ ഫ്ളക്സ് ബോർഡുകളിലൂടെ ഈ പ്രദർശനം വിളംബരം ചെയ്യുന്നു. മുസ്ലിം ലോകത്തിന് നഷ്ടപ്പെട്ടുപോയ ഖിലാഫത്തിന്റെ ഗതകാലചരിത്രത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന പഠനാർഹമായ ഈ പ്രദർശനം ഒരു വിവാദവിഷയത്തിന്റെ കവാടമാണ് ഇവിടെ തുറന്നിട്ടിരിക്കുന്നത്.

പ്രവാചകന്റെ വേർപാടിനെ തുടർന്ന് നിലവിൽ വന്ന ഖുലഫാ ഉർറാശിദീങ്ങളുടെ ആദ്യകാലഖിലാഫത്തും, പിൽക്കാലത്ത് ആത്മീയചൈതന്യം ചോർന്നുപോയ അധികാരരാഷ്ട്രീയത്തിന്റെ അടിയൊഴുക്കുകളിൽ ആടിയുലഞ്ഞ ഖിലാഫത്തുകളും, അതിന് അന്ത്യം കുറിച്ചുകൊണ്ട് ഖിലാഫത്ത് സംവിധാനം തന്നെ അപ്രത്യക്ഷമായ ചരിത്ര പ്രതിസന്ധിയും സന്ദർഭോചിതമായി പ്രദർശനത്തിൽ ഉൾപ്പെടുത്തിയത് ശ്ലാഘനീയമാണ്. മാത്രമല്ല, ദൈവിക മാർഗ്ഗത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്ന ആത്മീയ ഖിലാഫത്തിനെക്കുറിച്ചുള്ള നബിതിരുമേനി(സ)യുടെ പ്രവചനവും അതിന്റെ സാക്ഷാൽക്കാരമായി ഇമാം മഹ്ദി ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ പിൻഗാമികളായി വന്ന അഹ്മദിയ്യാ ഖലീഫമാരുടെ ജൈത്രയാത്രയും പ്രദർശനം ഉൾക്കൊണ്ടപ്പോൾ 'ഖിലാഫത്ത്' എന്ന വിഷയം ഇവിടെ പൂർണ്ണമാകുന്നു! ■

# സത്യത്തിന്റെ വൈരികൾക്ക് എളിമ

"സത്യത്തിന്റെ വൈരികൾക്ക് മുമ്പെപ്പോഴെങ്കിലും ഇത്തരം കുചെയ്തികളാൽ വിജയം സിദ്ധിച്ചിരുന്നുവെങ്കിൽ ഇക്കൂട്ടർക്കും വിജയികളായിത്തീരാമായിരുന്നു! എന്നാൽ, ദൈവത്തിന് വിരോധം പ്രവർത്തിക്കുകയും അവൻ ഇച്ഛിച്ച കാര്യത്തെ എതിർക്കുകയും ചെയ്യുന്നവൻ എപ്പോഴും എളിമയും തോൽവിയും അടയുമെന്നത് സ്ഥാപിതമായ ഒരു പരമാർത്ഥം തന്നെയെങ്കിൽ അപജയത്തിന്റെയും അപമാനത്തിന്റെയും കാലം ഇവരെയും അഭിമുഖീകരിക്കുന്നതാണ്. ദൈവത്തിന്റെ വചനം ഒരിക്കലും ലക്ഷ്യം പിഴച്ചുപോവുകയില്ല. താനും തന്റെ റസൂലും എപ്പോഴും വിജയിക്കുമെന്ന് അല്ലാഹു പണ്ടേ വിധിക്കുകയും അവൻ അതൊരു നിയമമാക്കുകയും ചെയ്തിരിക്കുന്നു എന്ന് വിശുദ്ധ ഖുർആൻ പറയുന്നു... അതിനാൽ ആദമിന്റെ കാലം തൊട്ട് നബിതിരുമേനിയുടെ കാലംവരെ പ്രസ്തുത നിയമം സത്യമായി പുലർന്നുവന്നപ്രകാരം തന്നെ എന്റെ കാര്യത്തിലും പൂർത്തിയാകുമെന്നു ഞാനിതാ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു."

***(നൂസൂലുൽ മസീഹ്)***

വാർത്തകൾ

ഐ.കെ. അഹ്മദ് കുട്ടി

# ഖിലാഫത്ത് ശതവാർഷിക സമ്മേളനം സമാപിച്ചു

അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷികത്തോടനുബന്ധിച്ച് ജൂൺ 1-ാം തിയ്യതി ഞായറാഴ്ച കോഴിക്കോട് നടത്തിയ സംസ്ഥാന സമ്മേളനം വിജയകരമായി സമാപിച്ചു. കോഴിക്കോട് ബൈത്തുൽ ഖുദൂസിനോടനുബന്ധിച്ച് പ്രത്യേകം തയ്യാർ ചെയ്ത പന്തലിൽ പുതിയ നൂറ്റാണ്ടിന്റെ സമാഗമനം വിളംബരം ചെയ്തുകൊണ്ട് നടത്തിയ ഏകദിന സമ്മേളനം ജമാഅത്തിലെആബാലവൃദ്ധം ജനങ്ങളുടെ അഭൂതപൂർവ്വമായ സംഗമമായി മാറുകയായിരുന്നു.

ഞായറാഴ്ച രാവിലെ 9.50ന് നാസിർ ഇസ്‌ലാഹ് വ. ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അഹ്മദിയ്യാ ഖിലാഫത്തിന്റെ കറുത്ത പതാക ചരടയച്ചുയർത്തിയപ്പോൾ നൂറുകണക്കിന് അഹ്മദീയാ കണ്ഠങ്ങളിൽ നിന്നും തക്ബീർ ധ്വനികളുടെ അലകളേറ്റു ശ്യാമള വർണ്ണിതമായ പതാക വാനവീഥിയിലേക്ക് മന്ദം മന്ദം പൊങ്ങി. ധ്വജസ്തംഭത്തിന്റെ അഗ്രിമസ്ഥാനത്ത് കാറ്റിന്റെ കൈകൾ ഏറ്റുവാങ്ങി.

തുടർന്ന് ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗം നാസിർ ഇസ്‌ലാഹ് വ ഇർശാദ് ഭാരത് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഉദ്ഘാടനം ചെയ്തു. അഹ്മദിയ്യാ ഖിലാഫത്ത് ഒരു നൂറ്റാണ്ടു പൂർത്തിയാക്കിയ ഈ വേളയിൽ അഹ്മദികൾ ഈ സന്ദർഭം സന്തോഷത്താൽ മദോന്മത്തരായി ആഘോഷിക്കുകയല്ല ചെയ്യുന്നത്. മറിച്ച് ദൈവത്തെ നന്ദിപൂർവ്വം സ്മരിക്കുകയാണ് ചെയ്യുന്നതെന്ന് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അഭിപ്രായപ്പെട്ടു. അഹ്മദിയ്യാ ജമാഅത്ത് ഇനിയാർക്കും തടയാൻ കഴിയാത്ത ഒരു ആഗോളപ്രസ്ഥാനമായി മാറിക്കഴിഞ്ഞെന്നും ദൈവാനുഗ്രഹത്താൽ ആഗോളവിജയം ആസന്നമാണെന്നും അദ്ദേഹം പറഞ്ഞു. ഖാദിയാനിൽ മതപഠനം പൂർത്തിയാക്കിയ നിരവധി മിഷനറി വിദ്യാർത്ഥികളെ സമീപഭാവിയിൽ കേരളത്തിൽ വിന്യസിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി. ഹുസൂർ തിരുമനസ്സ് അഹ്മദികൾക്ക് ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ അദ്ദേഹവും അപ്രകാരം ആവർത്തിക്കുകയും സദസ്യർ അത് ഏറ്റുചെല്ലുകയും ചെയ്തു.

ഖിലാഫത്ത് ശതവാർഷിക സമ്മേളനത്തിന്റെ ജനറൽ കൺവീനറും എറണാകുളം മേഖലാ അമീറുമായ ബി.ബി. അഹ്മദ് കബീർ സാഹിബ് സ്വാഗതം ആശംസിച്ചു. അഹ്മദിയ്യാ ജമാഅത്ത് ബാലാരിഷ്ടതകൾ പിന്നിട്ട് നിറഞ്ഞ യൗവനത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണെന്നും ഊർജ്ജസ്വലമായ പ്രവർത്തനത്തിന്റെ കാലമാണ് ഇനി വരാനിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിശിഷ്ടാതിഥിയായി എത്തിയ കോഴിക്കോട് മേയർ എം. ഭാസ്കരൻ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മതങ്ങൾ സമൂഹത്തിൽ ക്ഷേമം കൈവരുത്തുവാൻ യത്നിക്കണമെന്ന് ആഹ്വാനം ചെയ്തു. തുടർന്ന് പ്രസംഗിച്ച നാസിർ നശ്റോ ഇശാഅത്ത് ഭാരത് മൗലാനാ ബുർഹാൻ അഹ്മദ് സഫർ സാഹിബ് അഹ്മദിയ്യാ ഖിലാഫത്തും വസിയ്യത്ത് വ്യവസ്ഥിതിയും എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. സാമ്പത്തിക ത്യാഗങ്ങളിലൂടെയാണ് ജീവിതപരിശുദ്ധി കൈവരിക്കുന്നതെന്നും മനുഷ്യക്ഷേമത്തിന് വേണ്ടി മസീഹ് മൗഊദ് ആരംഭിച്ച അൽ വസിയ്യത്ത് പദ്ധതിയിൽ എല്ലാ അഹ്മദികളും അംഗങ്ങളാവണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഖിലാഫത്തും വസിയ്യത്തും വേർപിരിക്കാനാവാ ത്ത ദൈവിക പദ്ധതികളാണെന്നും അദ്ദേഹം പറഞ്ഞു.

മുസ്‌ലിം ഖിലാഫത്ത് ഹ്രസ്വചരിത്രം എന്ന വിഷയത്തെ ആസ്പദമാക്കി എ.എം. മുഹമ്മദ് സലീം സാഹിബ് സംസാരിച്ചു. മനുഷ്യചരിത്രത്തിന്റെ പ്രാചീനകാലം മുതൽ ഖിലാഫത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നും രക്തം ചിന്തുകയും കുഴപ്പം ഗ്രസിക്കുകയും ചെയ്ത സമൂഹത്തിൽ ഒരു ഖലീഫയെ നിശ്ചയിച്ചുകൊണ്ട് ആ സമൂഹത്തെ ഒരു ജന്നത്താക്കി മാറ്റിയ ചരിത്രമാണ് മനുഷ്യരാശിയുടെ പൊതു പൈതൃകമായി ഖുർആൻ വരച്ചുകാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എങ്കിലും, ഇബ്‌ലീസിന്റെ പ്രേരണക്ക് വശംവദമാകാൻ സാധ്യതയുള്ള ഒരു സ്ഥാപനമാണ് ഖിലാഫത്ത് എന്ന കാര്യവും ഖുർആൻ ചൂണ്ടിക്കാട്ടുന്നു എന്ന് അദ്ദേ ഹം പറഞ്ഞു. പിന്നീട് ഖുലഫാഉർറാശിദയെപറ്റിയും ഉമവി, അബ്ബാസിയ്യാ, ഉഥ്മാനിയ്യാ ഖിലാഫത്തിനെപ്പറ്റിയും അ


ദ്ദേഹം സംസാരിച്ചു. തുടർന്ന് 'ജമാഅത്ത് വ്യവസ്ഥയും അനുസരണവും' എന്ന വിഷയത്തെക്കുറിച്ച് മൗലവി മുഹമ്മദ് സലിം കൊടുങ്ങല്ലൂർ നടത്തിയ പ്രഭാഷണത്തിൽ അനുസരണവും സമർപ്പണവുമാണ് ഖിലാഫത്തിന്റെ സൗന്ദര്യത്തിനും ഘടനക്കും നിദാനമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നബി(സ) തിരുമേനിയോടുള്ള അനുസരണം കൊണ്ടാണ് നാം മസീഹ് മൗഊദി(അ)നെ ബൈയ്യത്ത് ചെയ്തതെന്നും അദ്ദേഹത്തിന്റെ ഖലീഫമാരെ അനുസരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പിന്നീട് മേഖലാ അമീർ എം. എ. മുഹമ്മദ് സാഹിബ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ മുസ്‌ലിംകൾക്ക് ഒരു നേതൃത്വമില്ലാത്തതിനെപ്പറ്റി സംസാരിച്ചു. ഒരു മാസപ്പിറവി വരെ ഒത്തൊരുമിച്ചു പ്രഖ്യാപിക്കാൻ മുസ്‌ലിംകൾക്ക് കഴിയുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഖിലാഫത്ത് എന്നാൽ ഭൗതിക ഭരണമല്ല ആത്മീയ ഭരണമാണ്. അഹ്മദികൾക്ക് ഏത് രാജ്യത്ത് ഏത് ഭരണകൂടത്തിനുകീഴിലും ജീവിക്കാൻ യാതൊരു പ്രയാസവുമില്ലെന്നും അദ്ദേഹം പറഞ്ഞു.

മൂന്ന് മണി മുതൽ ആരംഭിച്ച രണ്ടാം സെഷനിൽ അദ്ധ്യക്ഷത വഹിച്ചത് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ആയിരുന്നു. രണ്ടാം സെഷനിലെ മുഖ്യ പ്രാസംഗികൻ നാസിം വഖ്ഫ് ജദീദ്, ബേറൂൺ, ഭാരത് മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് ആയിരുന്നു. ഖിലാഫത്ത് നിഷേധികളുടെ അന്ത്യത്തെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. പ്രവാചകന്മാരെ നിഷേധിച്ചവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് മനസ്സിലാക്കാൻ ഖുർആൻ നമ്മോടു പറയുന്നു. അപ്രകാരം ഇമാം മഹ്ദിയുടെ എതിരാളികളുടെ അന്ത്യവും നാം പഠനത്തിന് വിധേയമാക്കുകയാണെങ്കിൽ അഹ്മദിയ്യത്തിന്റെ സത്യം സുതരാം ബോധ്യമാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഇമാം മഹ്ദിയെ എതിർത്ത മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഒരു വിവരവും അന്വേഷകന് ലഭ്യമല്ലാത്ത അവസ്ഥയാണ്. എന്നാൽ ഇമാം മഹ്ദിയുടെ നാമധേയം കേൾക്കുമ്പോൾ കോടിക്കണക്കിന് അഹ്മദികൾ പ്രാർത്ഥനാപൂർവ്വം അദ്ദേഹത്തെ സ്മരിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ നാമം ലോകത്ത് നിന്നും നശിപ്പിക്കുമെന്ന് പറഞ്ഞവർ ഇന്നെവിടെ? സുൽഫിക്കർ അലി ഭൂട്ടോ, സിയാ ഉൽഹഖ് എന്നിവരുടെ ദുർഗ്ഗതി ഇതിനുദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സംസാരിച്ച പ്രൊഫ. മഹ്മൂദ് അഹ്മദ് സർവ്വമതാചാര്യർക്കും നൽകപ്പെടുന്ന ബഹുമാനാദാരങ്ങളെ സംബന്ധിച്ച് സംസാരിച്ചു. ഇന്ത്യൻ ദേശീയ സമരത്തോടൊപ്പം ഖിലാഫത്ത് സംസ്ഥാപന പ്രക്ഷോഭം നടത്തിയിട്ടും ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ മുസ്‌ലിംകൾക്ക് കഴിഞ്ഞില്ല. കേരളത്തിൽ ഖിലാഫത്ത് സമരം രക്തരൂഷിതമായി മാറിയതിന്റെ വിവരണവും പ്രൊഫസർ മഹ്മൂദ് അഹ്മദ് സാഹിബ് നൽകി. ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ പോലും മതമൈത്രിക്ക് വേണ്ടി നിലകൊണ്ട മഹാത്മാവായിരുന്നു ഇമാം മഹ്ദിയെന്ന് അദ്ദേഹം അനുസ്മരിച്ചു. യഥാർത്ഥത്തിലുള്ള മതസൗഹാർദ്ദം പുലരുന്നത് മതഗുരുക്കന്മാരെ ഹൃദയാത്മനാ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിലൂടെയാണെന്നും ഇസ്‌ലാമിന്റെ അടിസ്ഥാനപാഠങ്ങളിലൂന്നിക്കൊണ്ട് ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ, ശ്രീവർദ്ധമാനമഹാവീരൻ എന്നിവരെ പ്രവാചകന്മാരായംഗീകരിക്കുകയും ആദരിക്കുകയും പഠിപ്പിക്കുകയും ചെയ്തത് ഇമാം മഹ്ദിയാണെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് കേരള ചീഫ് മുബല്ലിഗ് മൗലാനാ മുഹമ്മദ് അയ്യൂബ് സാഹിബ് 'ഇസ്‌ലാമിക ഖിലാഫത്ത് വ്യവസ്ഥിതി: യാഥാർത്ഥ്യവും ആവശ്യകതയും' എന്ന വിഷയത്തെ അധികരിച്ചാണ് പ്രഭാഷണം നടത്തിയത്. ഖിലാഫത്ത് എന്ന പദത്തിന്നുള്ള അർത്ഥം സ്ഫടികക്കൂടിൽ കത്തിച്ചുവെച്ച പ്രകാശനാളത്തിന്റെ ഉപമയിലൂടെ അദ്ദേഹം വിശദീകരിച്ചു. പ്രവാചകന്മാരാകുന്ന ഖലീഫമാരും പ്രവാചകത്വത്തെ തുടർന്നുള്ള ഖലീഫമാരും ഭരണാധിപത്യമുള്ള ഖലീഫമാരും ഉണ്ട്. യഥാർത്ഥ ഖലീഫമാരെ എതിർക്കാനുള്ള അവകാശം ആർക്കും ഇല്ലതന്നെ. ഖലീഫക്ക് ദൈവത്തിൽ നിന്നും കാലത്തിന്റെ അവസ്ഥക്കും സാഹചര്യങ്ങൾക്കനുസരിച്ചുമുള്ള അറിവുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഖലീഫമാരുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയും ഉചിതമായ രീതിയിൽ പ്രതികരിക്കുകയും ചെയ്യുന്നു. കോടിക്കണക്കിന്നു വിശ്വാസികൾക്കായി അവർ ഉറങ്ങിക്കൊണ്ടും ഖലീഫ ഉണർന്നിരുന്നുകൊണ്ടും അവർക്കായി പ്രാർത്ഥനാനിരതനായിരിക്കുന്നു. സാമൂഹ്യമായും വ്യക്തിഗതമായും ഖിലാഫത്ത് ഒരു മഹാനുഗ്രഹം തന്നെയാണ്.

കേരളത്തിലെ മുൻകാല അഹ്മദികളുടെ ത്യാഗോജ്ജ്വലമായ ചരിത്രത്തെ സംബന്ധിച്ചാണ് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് (മുബല്ലിഗ് കണ്ണൂർ ടൗൺ) തുടർന്ന് സംസാരിച്ചത്. ഏതോ അജ്ഞാതനായ മുഹമ്മദ് ദീദി എന്ന ഒരാൾ ഇസ്‌ലാം മതതത്വജ്ഞാനം എന്ന മഹ്ദി മസീഹിന്റെ സുപ്രസിദ്ധ ഗ്രന്ഥം അബ്ദുൽ ഖാദിർ കുട്ടി സാഹിബ് എന്ന കണ്ണൂരിലെ ഒരു മാന്യവ്യക്തിക്ക് നൽകുന്നതോടെ കേരള അഹ്മദിയ്യാ ചരിത്രം സമാരംഭിച്ചതെന്ന് അദ്ദേഹം അനുസ്മരിച്ചു. പീഡനങ്ങളും മർദ്ദനങ്ങളും ബഹിഷ്കരണവും ഉണ്ടായിട്ടും മഹ്ദി



സമ്മേളനത്തിൽ സത്യദൂതൻ ശതാബ്ദിപതിപ്പ്
മൗലാനാ ബുർഖാൻ അഹ്മദ് സഫർ സാഹിബ്
(നാസിർ നശ്റോ ഇശാഅത്ത്, ഭാരത്)
മലപ്പുറം മേഖലാ അമീർ
മുഹമ്മദലി മാസ്റ്റർക്ക്
നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു.




സമ്മേളനത്തിൽ മുഖ്യാതിഥി
ബഹു. കോഴിക്കോട് മേയർ
എം. ഭാസ്കരൻ ആശംസാപ്രസംഗം
നടത്തുന്നു.



ശതാബ്ദി സമ്മേളനത്തിന്റെ
സദസ്സ്



*അഹ്മദിയാ പതാക ഉയർത്തിക്കൊണ്ട് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (നാസിർ ഇസ്‌ലാഹ് വ ഇർശാദ്) ശതാബ്ദി സമ്മേളനത്തിന് സമാരംഭം കുറിക്കുന്നു.*

മസീഹിന്റെ കാലത്തുതന്നെ 7ഓളം പേർ ബൈഅത്ത് ചെയ്തു. അടങ്ങാത്ത വിദ്വേഷവുമായി അറക്കൽ രാജവംശവും ഈ കുരുന്നുപ്രസ്ഥാനത്തെ പിഴുതെറിയാൻ കച്ചകെട്ടിയിറങ്ങി. ആ അറക്കൻ രാജവംശം ഇന്ന് നാമാവശേഷമായി അഹ്മദിയ്യാ ജമാഅത്ത് കേരളത്തിൽ ശാഖോപശാഖകളായി പടർന്നുപന്തലിച്ചുനിൽക്കുകയും ചെയ്യുന്നു.

തുടർന്ന് എറണാകുളം മുബല്ലിഗ് മൗലവി നാസിർ അഹ്മദ് സാഹിബ് അഹ്മദിയ്യാ ജമാഅത്തും വിശ്വാസാദർശങ്ങളും എന്ന വിഷയത്തെ അധികരിച്ചാണ് സംസാരിച്ചത്. മലീമസമായ ആത്മീയാവസ്ഥയിലുള്ളവരെ ഉദ്ധരിക്കാനായി 1889ൽ ഹ: അഹ്മദ് (അ)മിനാൽ സ്ഥാപിതമായ ഈ പ്രസ്ഥാനം യഥാർത്ഥ മുസ്‌ലിംകൾക്കായി ഖുർആനും സുന്നത്തും ഹദീസും നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നടങ്കം വിശ്വസിക്കുകയും പാലിക്കുകയും ചെയ്യുന്നു. ഇസ്‌ലാം കാര്യങ്ങളിലും ഈമാൻ കാര്യങ്ങളിലും മറ്റു മുസ്‌ലിംകൾ വിശ്വസിക്കുന്നത് പോലെ വിശ്വസിക്കുന്നു. ഈമാൻ കാർത്തികനക്ഷത്രത്തോളം ഉയർന്നുപൊങ്ങുന്ന വേളയിൽ അതിനെ തിരിച്ചു ഭൂമിയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി നബി തിരുമേനിയാൽ പ്രവചിക്കപ്പെട്ട ഇമാം മഹ്ദിയുടെ ആഗമനം സംഭവിച്ചപ്പോൾ ഇമാം മഹ്ദിക്ക് റസൂൽ തിരുമേനി(സ)യുടെ സലാം എത്തിക്കുകയും മാത്രമാണ് ഞങ്ങൾ ചെയ്തത്. അതുകൊണ്ടു മുസ്‌ലിംകൾ കേട്ട മാത്രയിൽ നിരാകരിക്കാതെ വിവേകപൂർവ്വം ഇക്കാര്യം മനസ്സിലാക്കുകയും ഈ പ്രസ്ഥാനത്തെ സ്വീകരിക്കുകയും ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു. നാസിർ ഇസ്‌ലാഹ് വ ഇർഷാദ് ഭാരത് ഇൻചാർജ്ജ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ.ക്കും തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ തെക്കെ ഇന്ത്യയിലും മറ്റിടങ്ങളിലും വ്യാപകമായി സമ്മേളനങ്ങൾ നടക്കാനിരിക്കുകയാണെന്നും അത് കഴിഞ്ഞ ഉടൻ തന്നെ 'മൈത്രീസന്ദേശ'സമ്മേളനങ്ങൾക്ക് ആരംഭം കുറിക്കുമെന്നും പ്രസ്താവിച്ചു.

കേരളത്തിന്നകത്തുനിന്നും പുറത്തുനിന്നും ആയിരങ്ങൾ ആണ് സമ്മേളനത്തിന്ന് എത്തിച്ചേർന്നത്. സ്ത്രീകളും കുട്ടികളുമടക്കം വലിയൊരു ജനാവലി സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ഒന്നാം സെഷനിലെയും രണ്ടാം സെഷനിലെയും ഖിറാഅത്ത് യാസിർ അറഫാത്ത് സാഹിബ്, പൂക്കോയതങ്ങൾ സാഹിബ് എന്നിവർ നിർവ്വഹിച്ചു. മൗലവി റഫീക് സാഹിബ്, മുഹമ്മദ് മുസല്യാർ സാഹിബ് കോഴിക്കോട് ഖാദിമിങ്ങൾ മുതലായവർ നസം ആലപിച്ചു. പരിപാടികളുടനീളം എം.ടി.എ. കവറേജും ഉണ്ടായിരുന്നു. മൗലവി നാസർ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ശരീഫ് സാഹിബ് എന്നിവർ പ്രസംഗങ്ങളുടെ പരിഭാഷ നിർവ്വഹിച്ചു.

സത്യദൂതൻ മാസികയുടെ ഖിലാഫത്ത് ശതവാർഷിക സുവനീറും ഈ സമ്മേളനത്തിൽ പ്രകാശിതമായി.

കോഴിക്കോട് ജമാഅത്ത് അമീർ കെ.എം. അഹ്മദ് കോയ നന്ദിപ്രകടനം നടത്തി. ദുആയോടെ 6 മണിക്ക് സമ്മേളനം അവസാനിച്ചു. സമ്മേളനവിജയത്തിന്റെ അണിയറയിൽ കോഴിക്കോട് അമീർ കെ.യം. അഹ്മദ് കോയാസാഹിന്റേയും കോഴിക്കോട്ടേയും മാത്തോട്ടത്തേയും ഖുദാം അൻസാർ സഹോദരന്മാരുടേയും കഠിനമായ പരിശ്രമമുണ്ടായിരുന്നു. സമ്മേളനത്തിൽ ഭക്ഷണവിതരണത്തിന് നേതൃത്വം നൽകിയ സംസ്ഥാന അൻസാറുല്ലാ സയീം പി.പി. നാസിറുദ്ദീൻ സാഹിബിന്റെ സേവനം എടുത്തുപറയേണ്ടതാണ്. കുറ്റമറ്റരീതിയിലാണ് അദ്ദേഹം ഭക്ഷണവിതരണം നിർവ്വഹിച്ചത്. ■